2025 JANUARY 13

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




# അഗ്നിയുടെ സംഹാര താണ്ഡവം



India Press Club of North America
IPCNA

# പുരസ്കാര തിളക്കത്തിൽ ഇന്ത്യ പ്രസ്ക്ലബ് വേദി


KALYAN
JEWELLERS
PRESENTS
Exclusively on
pravasi CHANNEL HD
Jingle Bells ChoirFest
A 24 Hr Channel Available on All Streaming Devices and All Smart TV's
Every Day from Dec 20th, 2024 to Jan 30th, 2025
10am | 2 | 5 | 8 & 11pm US EST
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON



# അഗ്നിയുടെ സംഹാര താണ്ഡവം; രാജ്യത്തിന് മാനക്കേട്

## പാലിസെഡ്സ് ഫയറിൽ നശിച്ചത് 23,713 ഏക്കറാണ്. ആർഭാട വസതികൾ നഷ്ടപ്പെട്ട പ്രമുഖരിൽ ആന്തണി ഹോപ്കിൻസ്, ബില്ലി ക്രിസ്റ്റൽ, സ്പെൻസർ പ്രാറ്റ്, ഹെയ്ദി മൊൺടാഗ്, ആദം ബ്രോഡി എന്നിവർ ഉൾപ്പെടുന്നു.

മൂന്നു വൻ കാട്ടുതീകളെങ്കിലും നിയന്ത്രിക്കാൻ കഴിയാതെ തുടരുമ്പോൾ കാലിഫോർണിയയുടെ മഹാവിപത്തിൽ ജീവൻ നഷ്ടമായവരുടെ എണ്ണം 24 ആയി ഉയർന്നു. അതിലധികവും 30 ശതമാനത്തിൽ താഴെ മാത്രം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുള്ള പാലിസെഡ്സ്, ഈറ്റൺ കാട്ടുതീകളിൽ മരിച്ചവരാണ്.

ലോസ് ആഞ്ചലസ് കൗണ്ടിയുടെ താരത്തിളക്കമേറിയ മുഖച്ഛായ തന്നെ മാറ്റിക്കളഞ്ഞ തീയിൽ മൻഹാട്ടൻറെ ഇരട്ടിയോളം സ്ഥലമാണ് കത്തിയമർന്നത്. ലോസ് ആഞ്ചലസ് മെഡിക്കൽ എക്സാമിനർ നൽകുന്ന കണക്കനുസരിച്ചു എട്ടു പേരാണ്പാലിസെഡ്സ് ഫയറിൽ മരിച്ചത്. 16 പേർ ഈറ്റൺ കത്തുന്ന മേഖലയിലും.

### കാറ്റു ശക്തിപ്പെടുന്നു, ഭീതി അകലുന്നില്ല

സാന്താ അനാ കാറ്റിന്റെ ശക്തി കൂടി വരുന്നതിനാൽ അടുത്ത ദിവസങ്ങളിൽ തീയുടെ ശക്തി നിയന്ത്രിക്കാൻ കൂടുതൽ ബുദ്ധിമുട്ടാവുമെന്നു അധികൃതർ ആശങ്ക ഉയർത്തി. ഈ രണ്ടു കാട്ടുതീകളിൽ 1,800 കെട്ടിടങ്ങളെങ്കിലും കത്തി. 10,000 എങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ച അവസ്ഥയിലാണ്.

മൊത്തം 150,000 പേർക്ക് ലോസ് ആഞ്ചലസ് കൗണ്ടിയിൽ ഒഴിപ്പിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

പാലിസെഡ്സ് ഫയറിൽ നശിച്ചത് 23,713 ഏക്കറാണ്. ആർഭാട വസതികൾ നഷ്ടപ്പെട്ട പ്രമുഖരിൽ ആന്തണി ഹോപ്കിൻസ്, ബില്ലി ക്രിസ്റ്റൽ, സ്പെൻസർ പ്രാറ്റ്, ഹെയ്ദി മൊൺടാഗ്, ആദം ബ്രോഡി എന്നിവർ ഉൾപ്പെടുന്നു.

### വെടിക്കെട്ടിന്റെ അവശിഷ്ടത്തിൽ നിന്ന് ആരംഭം

നവവത്സരത്തിന്റെ തലേന്നു സാന്താ മോണിക്ക മലനിരകളിൽ പടക്കം പൊട്ടിച്ചതിന്റെ അവശിഷ്ടങ്ങളിൽ നിന്നാണ് പാലിസെഡ്സ് കാട്ടുതീ ഉത്ഭവിച്ചതെന്നു 'വാഷിംഗ്ടൺ പോസ്റ്റ്' റിപ്പോർട്ട് ചെയ്തു. സാറ്റലൈറ്റ് ചിത്രങ്ങൾ വിശകലനം ചെയ്താണ് അവർ ഈ വിവരം നൽകിയത്. ടെമെസ്കേൽ റിഡ്ജിൽ ആയിരുന്നു വെടിക്കെട്ടു നടത്തിയത്.

ഞായറാഴ്ച്ച ഉച്ചയോടെ പാലിസെഡ് ഫയർ 11% മാത്രമേ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുള്ളു. 153,000 പേർക്ക് വീടൊഴിയാണ് നോട്ടീസുണ്ട്.പാസദീനയ്ക്കു തൊട്ടു പുറത്തു ബർബാങ്കിനു കിഴക്കായി 14,117 ഏക്കറിൽ



**കാട്ടുതീ പ്രതിസന്ധി നേരിടാൻ തന്റെ സൂപ്പർ പി എ സി വഴി പണം പിരിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഗവർണർ ഗവിൻ ന്യൂസം വിമർശനം നേരിടുന്നു. അദ്ദേഹത്തിന്റെ ധനസമാഹരണ കമ്മിറ്റിയുടെ californiafirefacts.com എന്ന വെബ്സൈറ്റിൽ കാലിഫോർണിയ ഫയർ ഫൗണ്ടേഷനു പണം ചോദിക്കുകയും അതിനെ ഡെമോക്രാറ്റിക് പാർട്ടിയുടെ ആക്ട്ബ്ലൂ എന്ന ധനസമാഹരണ സൈറ്റുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.**



കത്തുന്ന ഈറ്റൺ 1,213 കെട്ടിടങ്ങൾ നശിപ്പിച്ചു. തീ 27% നിയന്ത്രണത്തിലായി.

ശേഷിക്കുന്ന ഒരേയൊരു കാട്ടുതീ ഹഴ്സ്റ്റ് ആണ്. സാൻ ഫെർണാണ്ടോ വാലിയിൽ 800 ഏക്കറിൽ. അത് 89% നിയന്ത്രണത്തിലായി.

## ന്യൂസമിന് വിമർശനം

കാട്ടുതീ പ്രതിസന്ധി നേരിടാൻ തന്റെ സൂപ്പർ പി എ സി വഴി പണം പിരിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഗവർണർ ഗവിൻ ന്യൂസം വിമർശനം നേരിടുന്നു. അദ്ദേഹത്തിന്റെ ധനസമാഹരണ കമ്മിറ്റിയുടെ californiafirefacts.com എന്ന വെബ്സൈറ്റിൽ കാലിഫോർണിയ ഫയർ ഫൗണ്ടേഷനു പണം ചോദിക്കുകയും അതിനെ ഡെമോക്രാറ്റിക് പാർട്ടിയുടെ ആക്ട്ബ്ലൂ എന്ന ധനസമാഹരണ സൈറ്റുമായി ബന്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആക്ട്ബ്ലൂ ഡൊണേഷൻ ബോക്സിൽ പറയുന്നത് ന്യൂസമിന്റെ സൂപ്പർ പി എ സി കാമ്പയ്ൻ ഫോർ ഡെമോക്രസിയാണ് പണം പിരിക്കുന്നത് എന്നാണ്.

സൈറ്റിൽ പറയുന്നു: 'നിങ്ങളുടെ സംഭാവന അഗ്നിശമന ഭടന്മാരെയും അവർ സഹായിക്കുന്ന സമൂഹങ്ങളെയും പിന്തുണയ്ക്കാൻ നേരിട്ട് നൽകുന്നതാണ്. ദുരിതബാധിതരായ ജനങ്ങൾക്കും ഈ സഹായം എത്തും.'

എന്നാൽ അഗ്നിശമന സേനാന്ഗങ്ങളെയും അവരുടെ കുടുംബങ്ങളെയും ദുരിതബാധിതരെയും സഹായിക്കുന്ന കാലിഫോർണിയ ഫയർ ഫൗണ്ടേഷൻ നേരിട്ട് സംഭാവനകൾ സ്വീകരിക്കുന്നുണ്ട്. അതിനു ആക്ട്ബ്ലൂവിന്റെ സഹായം ആവശ്യമില്ല.

ന്യൂസമിന്റെ വക്താവ് ന്യൂ യോർക്ക് പോസ്റ്റിനോടു പറഞ്ഞു: 'ഈ സംഭാവനകളിൽ ഒരു സെന്റ് പോലും ഗവിൻ ന്യൂസമിനോ അദ്ദേഹത്തിന്റെ പി എ സിക്കോ പോകുന്നില്ല. ഫയർ ഫൗണ്ടേഷനു വേണ്ടി ചെറുകിട സംഭാവനകളിൽ നിന്നായി ●450,000 പിരിച്ചെടുത്തതിൽ ഗവർണർ ന്യൂസമിന് അഭിമാനമുണ്ട്. കാലിഫോർണിയയുടെ പ്രതിസന്ധിയിൽ സഹായിക്കാൻ രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിൽ നിന്നുമായി മുന്നോട്ടു വന്നവരോട് അദ്ദേഹത്തിനു നന്ദിയുണ്ട്.'

എന്നാൽ ആക്ട്ബ്ലൂ ഓരോ സംഭവനയ്ക്കും 3.95% പ്രോസസിംഗ് ഫീ വാങ്ങുന്നുണ്ടെന്നു നിരീക്ഷകർ പറയുന്നു.

ഡെമോക്രാറ്റിക് സെനറ്റർ എലിസബത്ത് വാറനും ഈ പണപ്പിരിവിൽ ആക്ട്ബ്ലൂവിനെ ബന്ധപ്പെടുത്തി എന്നു വിമർശനമുണ്ട്. 2026ൽ രണ്ടാം കാലാവധിയും കഴിയുന്ന ഗവർണർ പിന്നീട് പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിക്കാൻ ഡെമോക്രാറ്റിക് പാർട്ടി അംഗീകാരം തേടുമെന്നാണ് കരുതപ്പെടുന്നത്.



# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ

# മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു!


## ആർ. ശ്രീകണ്ഠൻ നായർക്ക് മാധ്യമശ്രീ, ധന്യ രാജേന്ദ്രന് മാധ്യമരത്ന, കേരള മീഡിയ അക്കാദമിക്ക് വിശിഷ്ട പുരസ്കാരം

**കൊച്ചി:** നോർത്തമേരിക്കയിലെ മലയാളി മാധ്യമ പ്രവർത്തകരുടെ സംഘടനയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മാധ്യമ പുരസ്കാരങ്ങളാണ് ഇന്നലെ (ജനുവരി 6) കൊച്ചിയിൽ പ്രഖ്യാപിച്ചത്. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്ത സമ്മേളനത്തിൽ നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാറാണ് പുരസ്കാരങ്ങൾ മാധ്യമപ്രവർത്തകരെ അറിയിച്ചത്.

പത്രം, ടെലിവിഷൻ, ഓൺലൈൻ, റേഡിയോ, ടെക്നിക്കൽ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പുരസ്കാരം നൽകി ആദരിക്കുന്നത് ഈ വർഷത്തെ അവാർഡുകളുടെ മറ്റൊരു പ്രത്യകത ആണെന്ന് സെക്രട്ടറി ഷിജോ പൗലോസ് പറഞ്ഞു. മുതിർന്ന മാധ്യമപ്രവർത്തകരെ ആദരിക്കുന്ന പയനിയർ അവാർഡ് 2025 ഈ വർഷത്തെ അവാർഡുകളുടെ തിളക്കം കൂട്ടുന്നു എന്ന് പ്രസ് ക്ലബ്ബിന്റെ നിയുക്ത പ്രസിഡന്റ് രാജു പള്ളത്തു (2026– 27) വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജനുവരി പത്താം തീയതി വെള്ളിയാഴ്ച വൈകിട്ട് അഞ്ചു മണിക്ക് കൊച്ചിയിലെ ഗോകുലം കൺവൻഷൻ സെന്ററിൽ നടക്കുന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് മന്ത്രിമാരായ പി രാജീവ്, കെ രാജൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കേരള സർക്കാരിന്റെ ഡെൽഹിയിലെ സ്പെഷ്യൽ ഓഫീസർ പ്രൊ. കെ വി തോമസ് എന്നിവരുടെ സാന്നിധ്യത്തിൽ അവാർഡുകൾ വിതരണം ചെയ്യുമെന്നു ഭാരവാഹികൾ അറിയിച്ചു.

ചടങ്ങിൽ എം പിമാരായ ഹൈബി ഈഡൻ, ബെന്നി ബഹനാൻ, എം എൽ എ മാരായ മോൻസ് ജോസഫ്, അൻവർ സാദത്, മാണി സി കാപ്പൻ, റോജി എം ജോൺ, ടി ജെ വിനോദ്, മാത്യു കുഴൽനാടൻ , കെ എൻ ഉണ്ണികൃഷ്ണൻ, ചാണ്ടി ഉമ്മൻ, മുൻ എം പി സെബാസ്റ്റ്യൻ പോൾ, ബി ജെ പി നേതാവ് എം ടി രമേശ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും.




ഫോട്ടോ: (ഇടത്തു നിന്നും ഷിജോ പൗലോസ്, സെക്രട്ടറി സുനിൽ ട്രൈസ്റ്റാർ, പ്രസിഡന്റ് , രാജു പള്ളത്തു, നിയുക്ത പ്രസിഡന്റ് (2026 – 27)

മാധ്യമശ്രീ പുരസ്കാരത്തിന് ഒരു ലക്ഷവും, മാധ്യമ രത്നക്ക് അൻപതിനായിരവും, പയനിയർ അവാർഡ്, മീഡിയ എക്സലൻസ് പുരസ്കാരങ്ങൾക്കും ക്യാഷ് അവാർഡും, ഫലകവും, പ്രശസ്തി പത്രവും നൽകുന്നതാണ്. പ്രശസ്ത മാധ്യമ പ്രവർത്തകനായ ശ്രീ ജേക്കബ് ജോർജ്, മുൻ ദൂരദർശൻ പ്രോഗ്രാം മേധാവി ജി സാജൻ , ഇന്ത്യ പ്രസ് ക്ലബ് എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവർ എന്നിവർ അടങ്ങുന്ന ജൂറിയാണ്. നൂറുകണക്കിന് അപേക്ഷകരിൽ നിന്നാണ് വിജയികളെ കണ്ടെത്തിയത്.


അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ഇന്ത്യ പ്രസ് ക്ലബ് ട്രെഷറർ വിശാഖ് ചെറിയാൻ, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും, അഡ്വൈസറി ബോർഡ് അംഗങ്ങളും ഈ അവാർഡ് ദാന ചടങ്ങിനു ചുക്കാൻ പിടിക്കുന്നു.

മാധ്യമശ്രീ പുരസ്കാര ചടങ്ങിന്റെ മുഖ്യ സ്പോൺസർ (പ്ലാറ്റിനം-ഇവന്റ്) പ്രശസ്ത സംരഭകരായ സാജ് ഏർത് ഗ്രൂപ്പിന്റെ സാജനും മിനി സാജനും ആണ്. കഴിഞ്ഞ നിരവധി വർഷങ്ങളായി മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയുടെ ഭാഗമാകുന്നതിൽ അതിയായ സന്തോഷം ഉണ്ടെന്നു സാജനും മിനിയും പറഞ്ഞു. ഇതോടൊപ്പം എലീറ്റ് സ്പോൺസർമാരായ വർക്കി എബ്രഹാം, ബേബി ഊരാളിൽ, ജോൺ ടൈറ്റസ്, ജോയ് നേടിയകാലയിൽ, ഹെൽത് കെയർ പാർട്ണർ ബിലീവേഴ്സ് ചാരിറ്റി ഹോസ്പിറ്റൽ, എഡ്യൂകേഷൻ പാർട്ണർ റാണി തോമസ്, ബെറാക എലൈറ്റ് എഡ്യൂക്കേഷൻ, ഗോൾഡ് സ്പോൺസർമാരായ നോഹ ജോർജ് ഗ്ലോബൽ കൊളിഷൻ , ജോൺ പി ജോൺ കാനഡ, ദിലീപ് വർഗീസ്, അനിയൻ ജോർജ്, സിൽവർ സ്പോൺസർമാരായ സജിമോൻ ആന്റണി, ബിനോയ് തോമസ്, ജെയിംസ് ജോർജ് എന്നിവരും, ജോൺസൻ ജോർജ്, വിജി എബ്രഹാം എന്നിവർ ബ്രോൺസി സ്പോൺസർമാരും, ജേർണലിസം സ്റ്റുഡന്റസ് സപ്പോർട്ട് ജിജു കുളങ്ങര എന്നിവരും ഈ പ്രോഗ്രാമിന്റെ പ്രായോജകരാണ്.




# അവാർഡ് ജേതാക്കളുടെ വിവരങ്ങൾ ചുവടെ

## മീഡിയ എക്സലൻസ് അവാർഡ് 2025








**മധ്യമശ്രീ**
ആർ. ശ്രീകണ്ഠൻ നായർ
ചീഫ് എഡിറ്റർ , 24 വാർത്ത
മാനേജിംഗ് ഡയറക്ടർ, ഫ്ലവേഴ്സ് ടി. വി

**'മധ്യമരത്ന'**
ധന്യ രാജേന്ദ്രൻ
ചീഫ് എഡിറ്റർ, ദി ന്യൂസ് മിനിറ്റ്







**പയനിയേഴ്സ് ഇൻ മീഡിയ 2025**
പ്രമോദ് രാമൻ
എഡിറ്റർ, മീഡിയ വൺ

**പയനിയേഴ്സ് ഇൻ മീഡിയ 2025**
പി. ശ്രീകുമാർ
ഓൺലൈൻ എഡിറ്റർ, ജന്മഭൂമി

**'പയനിയേഴ്സ് ഇൻ മീഡിയ 2025'**
എൻ. പി. ചന്ദ്രശേഖരൻ
കൺസൾറ്റന്റ് , ന്യൂസ് ആൻഡ് കറന്റ് അഫയേഴ്സ്, കൈരളി ടി. വി








**പയനിയേഴ്സ് ഇൻ മീഡിയ 2025**
**അനിൽ നമ്പ്യാർ**
പ്രോഗ്രാം & കറന്റ് അഫേഴ്സ്,
ജനം ടിവി




**വിശിഷ്ട പുരസ്കാരം**
**കേരള മീഡിയ അക്കാദമി**
ആർ. എസ്. ബാബു, ചെയർമാൻ




**പയനിയേഴ്സ് ഇൻ മീഡിയ 2025'**
**പേഴ്സി ജോസഫ്**
ഡയറക്ടർ 'ക്രീയേറ്റീവ് കമ്മ്യൂണിക്കേഷൻ
ആൻഡ് പോസ്റ്റ് പ്രൊഡക്ഷൻ, ഏഷ്യാനെറ്റ്




**പയനിയേഴ്സ് ഇൻ മീഡിയ 2025'**
**സി. എൽ. തോമസ്**
മുതിർന്ന പത്രപ്രവർത്തകൻ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട്
ഓഫ് കമ്മ്യൂണിക്കേഷൻസ്, കേരള മീഡിയ അക്കാദമി




**പയനിയേഴ്സ് ഇൻ മീഡിയ 2025'**
**DR. ജോർജ് മരങ്ങോലി**
എഡിറ്റർ , പ്രഭാതം, വടക്കേ അമേരിക്കയിലെ
ആദ്യത്തെ മലയാള പത്രം




**പ്രത്യേക ജൂറി അവാർഡ്**
**രാജേഷ് ആർ നാഥ്**
പ്രൊഡ്യൂസർ ' വിശ്വസിച്ചോ ഇല്ലയോ '
ഫ്ലവേഴ്സ് ടി. വി




**പ്രത്യേക ജൂറി അവാർഡ്**
**ബി. അഭിജിത്ത്**
എക്സിക്യൂട്ടീവ് എഡിറ്റർ ,
എ. സി. വി ന്യൂസ്




**തിരുവനന്തപുരം പ്രസ് ക്ലബ്**
ഈ വർഷത്തെ മികച്ച പ്രസ് ക്ലബ്
2024 – 25

# MADHYAMASREE MADHYAMARATNA MEDIA EXCELLENCE Awards




**ദി ക്യൂ**
മികച്ച ഓൺലൈൻ വാർത്താ പോർട്ടൽ
മനീഷ് നാരായണൻ, ചീഫ് എഡിറ്റർ




**ആർ. ജെ. ഫസ്ലു**
മികച്ച റേഡിയോ ജേർണലിസ്റ്റ് ' ജോക്കി
ARN ന്യൂസ് ' ഹിറ്റ് എഫ് എം ' ദുബായ്




**അമൃത എ. യു**
മികച്ച യുവ പത്രപ്രവർത്തക (FEMALE)
മാതൃഭൂമി ഓൺലൈൻ ന്യൂസ്




**ഗോകുൽ വേണുഗോപാൽ**
മികച്ച യുവ പത്രപ്രവർത്തകൻ (MALE )
ജനം ടി. വി




**എൻ. ആർ. സുധർമ്മദാസ്**
മികച്ച ഫോട്ടോഗ്രാഫർ ' പ്രിന്റ്
കേരളകൗമുദി




**ഷില്ലർ സ്റ്റീഫൻ**
മലയാള മികച്ച വാർത്താ റിപ്പോർട്ടർ ' പ്രിന്റ്
സ്പെഷ്യൽ കറസ്പോണ്ടന്റ് മലയാള മനോരമ




**സെർഗോ വിജയരാജ്**
മികച്ച വിനോദ പരിപാടിയും നിർമ്മാതാവും
'സ്റ്റാർ സിംഗർ' ' ഏഷ്യാനെറ്റ്




**അജി പുഷ്കർ**
ന്യൂസ് ചാനലിലെ മികച്ച സാങ്കേതിക
ക്രിയേറ്റീവ് വ്യക്തി, റിപ്പോർട്ടർ ടി. വി

MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards




**ലിബിൻ ബാഹുലേയൻ**
മികച്ച വീഡിയോ ന്യൂസ് എഡിറ്റർ
ഏഷ്യാനെറ്റ് ന്യൂസ്




**സിന്ധുകുമാർ**
മികച്ച ന്യൂസ് ക്യാമറാമാൻ
മനോരമ ന്യൂസ് ചാനൽ




**ടോം കുര്യാക്കോസ്**
മികച്ച അന്വേഷണാത്മക
പത്രപ്രവർത്തകൻ, ന്യൂസ് 18 ' കേരളം




**അപർണ വി.**
മികച്ച വാർത്താ നിർമ്മാതാവ്
റിപ്പോർട്ടർ ചാനൽ




**മാതു സജി**
മികച്ച വാർത്താ അവതാരക – FEMALE
മാതൃഭൂമി ന്യൂസ് ടി.വി




**രഞ്ജിത്ത് രാമചന്ദ്രൻ**
മികച്ച വാർത്താ അവതാരകൻ – MALE
വാർത്ത 18 ' കേരളം




**കെ ജി കമലേഷ്**
മികച്ച ടെലിവിഷൻ ന്യൂസ് റിപ്പോർട്ടർ,
ഏഷ്യാനെറ്റ് ന്യൂസ്


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പുരസ്ക്കാര നിശ

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക മാധ്യമശ്രീ മാധ്യമരത്ന പുരസ്കാരങ്ങൾ വിതരണം ചെയ്തു. അരങ്ങൊഴിഞ്ഞ പ്രതിഭകൾക്ക് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് തുടങ്ങിയ ചടങ്ങിന് പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി സതീശൻ തിരിതെളിയിച്ചു. നൃത്തഗാന മേളത്തോടെയായിരുന്നു ചടങ്ങുകൾക്ക് ആരംഭം കുറിച്ചത്. സാമൂഹിക - സാംസ്ക്കാരിക -രാഷ്ട്രീയ മാധ്യമ രംഗത്തെ പ്രമുഖരാലും വിശിഷ്ട അതിഥികളാലും വേദി ധന്യമായിത്തീർന്നു. മാധ്യമ രംഗത്തെ പ്രവർത്തന മികവിനും വിലപ്പെട്ട സംഭാവനകൾക്കും അർഹിക്കുന്നവർക്ക് മാത്രം ഏഴാം കടലിനക്കരെ നിന്നും നൽകുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയതും വിലപ്പെട്ടതുമായ പുരസ്കാര രാവിനാണ് ജനുവരി 10 നു വൈകുന്നേരം 5മണിക്ക് കൊച്ചിയിലെ ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് തിരിതെളിഞ്ഞത്.







സാമൂഹിക - സാംസ്ക്കാരിക -രാഷ്ട്രീയ മാധ്യമ രംഗത്തെ പ്രമുഖർ പുരസ്കാരദാനം നിർവഹിച്ചു. 'ഇന്ത്യൻ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഈ അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു .വളരെ ശ്രദ്ധയോടു കൂടി ചിട്ടയായി സങ്കടിപ്പിക്കുന്ന പരിപാടിയാണ്. നാട്ടിലെ മാധ്യമ പ്രവർത്തകർ ആദരിക്കപ്പെടണം നാട്ടിലെ വേദികൾ വിസ്മരിക്കാത്തവരാണ് അമേരിക്കയിലെ മാധ്യമ പ്രവർത്തകർ എന്ന് പ്രത്യേകം നമ്മളോട് വിളിച്ചു പറയുന്നതാണ് ഈ പരിപാടി എന്നും അദ്ദേഹം പറഞ്ഞു. മാധ്യമ പ്രവർത്തനത്തിന് ഒരുപാട് ഭീഷണികളും വെല്ലുവിളികളും നേരിടുന്ന കാലമാണെന്നും അവാർഡുകൾ ഏറ്റുവാങ്ങുന്ന എല്ലാ മാധ്യമ പ്രവർത്തകരെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാംസ്കാരികപരമായി ഇന്നും ഒരുപാട് മൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്ന മാധ്യമങ്ങളിൽ നിന്നും പ്രവർത്തകരിൽ നിന്നുമാണെന്നും അത്തരം ഒരു കൂട്ടായ്മയുടെ ഭാഗമാണ് ഇന്ത്യൻ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക എന്ന് വിശ്വസിച്ചുകൊണ്ട് തന്നെ അവർ നടത്തുന്ന ഒരുപാട് സോഷ്യൽ കമ്മിറ്റഡായിട്ടുള്ള



പരിപാടികളും സാമൂഹിക ഇടപെടലുകളും അവർ നടത്തുന്ന ഈ പ്രയത്നത്തെയും പ്രത്യേകം അഭിനന്ദിക്കുന്നുയെന്നും ശ്രീ ഹൈബി ഈഡൻ പറഞ്ഞു. സാമൂഹിക പ്രദിബദ്ധതയുള്ള വിഷയങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മറ്റെല്ലാ പ്രവർത്തനത്തിനും അഭിവാദനങ്ങൾ നേരുന്നുയെന്നു ശ്രീ ടി ജെ വിനോദ് എം ൽ എ പരിപാടിയിൽ പുരസ്കാരദാനത്തിനിടെ പറഞ്ഞു.കേരളത്തിലെ എല്ലാവിധ പ്രശ്നങ്ങളേയും ഏറ്റെടുത്തു











നടത്താൻ തയ്യാറാവുന്ന എല്ലാ പ്രവാസികളെയും താൻ അഭിവാദ്യം ചെയ്യുന്നു . ഇത്തരമൊരു അവാർഡ് കേരളത്തിലെ മാധ്യമ പ്രവർത്തകർക്ക് നല്കാൻ അവർ എടുത്ത തീരുമാനത്തിന് ആശംസകൾ നേരുന്നു. 2025 യിൽ എല്ലാവിധ സമൃദ്ധിയും ഐഷ്വര്യവും ഉണ്ടാവട്ടെയെന്നു ശ്രീ മാണി സി കാപ്പൻ ആശംസിച്ചു.

അമേരിക്കയിലെ വിശേഷങ്ങൾ അറിയാൻ താല്പര്യമുള്ള ഇന്ത്യയിലെ സാധാരണക്കാരായ ആളുകൾക്ക് താല്പര്യമുണ്ടായതും അത് വർധിപ്പിക്കാൻ ഇടയാക്കിയത് അമേരിക്കൻ മാധ്യമ പ്രവർത്തകരാണെന്നും എം ൽ എ റോജി അഭിപ്രായപ്പെട്ടു.മാധ്യമപ്രവർത്തനത്തിനോടൊപ്പം തന്നെ മനുഷ്യത്വപരമായ എല്ലാ പ്രവർത്തനവും നടത്തുന്ന അമേരിക്കയിലെ എല്ലാ മലയാളി പ്രവർത്തകർക്കും ആശംസകൾ നേർന്നുകൊണ്ടാണ് ശ്രീ സെബാസ്റ്റിയൻ പോൾ ചടങ്ങിൽ സംസാരിച്ചുതുടങ്ങിയത്.

ഈ വർഷത്തെ മാധ്യമശ്രീ പുരസ്ക്കാരം ശ്രീ ശ്രീകണ്ഠൻ നായർ ഏറ്റുവാങ്ങി. കേരളത്തിലെ പല ദുരന്തങ്ങൾക്കും പിൻബലമായത് പ്രവാസികളായിരുന്നു അവർക്ക് വേണ്ടി തിരികെ നൽകാൻകഴിയുന്നത് അവർ നൽകുന്ന ആദരവ് സ്നേഹപൂർവ്വം സ്വീകരിക്കുകയാണ് വേണ്ടതെന്നും ഇതിനിതു പിന്നിലെ പ്രയത്നം ചെറുതല്ലെന്നും അദ്ദേഹം പറഞ്ഞു . കൂടാതെ തനിക്കു ലഭിച്ച അവാർഡ് തുക ഫ്ലവർസ് ഫാമിലി ചാരിറ്റബിൾ സൊസൈറ്റിക്ക് കൈമാറുന്നു എന്നും അദ്ദേഹം അറിയിച്ചു.

മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് പുരസ്ക്കാരങ്ങൾ കൂടാതെ മുതിർന്ന മാധ്യമപ്രവർത്തകർക്ക് പയനിയർ അവാർഡുകൾ നൽകി ആദരിച്ചു. ഷിജോ പൗലോസ് (ജനറൽ സെക്രട്ടറി ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക) സ്വാഗതപ്രസംഗവും സുനിൽ ട്രൈസ്റ്റാർ(പ്രസിഡന്റ് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ) അദ്ധ്യക്ഷതയും വഹിച്ചു.

# കൊച്ചിയിൽ മാധ്യമാഭിനിവേശത്തിന്റെ പ്രഖ്യാപനമായി ഐ.പി.സി.എൻ.എ പുരസ്കാര സന്ധ്യ





എ.എസ് ശ്രീകുമാർ

കൊച്ചി: കേരളത്തിലെ മാധ്യമ കുലപതികളും, മാധ്യമ പ്രവർത്തനം അഭിനിവേശമാക്കിയ അമേരിക്കയിലെ മലയാളി മാധ്യമസ്നേഹികളും സമ്മോഹനമായി സംഗമിച്ച ധന്യവേദിയിൽ വച്ച് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ.പി.സി.എൻ.എ) 8-ാമത് മാധ്യമ ശ്രീ, മാധ്യമ രത്ന, മീഡിയ എക്സലൻസ് അവാർഡുകൾ സമ്മാനിച്ചു. കൊച്ചി ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ സാമൂഹിക-സാംസ്കാരിക-സാഹിത്യ-രാഷ്ട്രീയ രംഗത്തെ വിശിഷ്ട വ്യക്തികളെയും നിറഞ്ഞ സദസിനെയും സാക്ഷിനിർത്തി പ്രതിപക്ഷ നേതാവ് വി.ഡി സതീശനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

ഈയിടെ അന്തരിച്ച പ്രമുഖ വ്യക്തിത്വങ്ങളായ അനുഗ്രഹീത എഴുത്തുകാരൻ എം.ടി വാസുദേവൻ നായർ, ഇഷ്ട ഗായകൻ പി ജയചന്ദ്രൻ, പത്രപ്രവർത്തന മേഖലയിലെ സിംഹങ്ങളായിരുന്ന ബി.ആർ.പി ഭാസ്കർ, എസ് ജയചന്ദ്രൻ നായർ, പ്രതീഷ് നന്ദി എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ചുകൊണ്ടായിരുന്നു സമ്മേളനം ആരംഭിച്ചത്. മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ ഡി പ്രമേഷ് കുമാർ അനുശോചന സന്ദേശം വായിച്ചു. ഐ.പി.സി.എൻ.എ നാഷനൽ സെക്രട്ടറി ഷിജോ പൗലോസ് സ്വാഗതം ആശംസിച്ചു.

പ്രകാശ വേഗത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ വർത്തമാന കാലത്ത് ജനാധിപത്യവും മാധ്യമരംഗവും വലിയ വെല്ലുവിളി നേരിടുന്നുണ്ടെന്നും ഏകാധിപതികളായ ലോക നേതാക്കൾ മാധ്യമങ്ങളെ എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്ന് എല്ലാവരും ശ്രദ്ധയോടെ കരുതിയിരിക്കണമെന്നും വി.ഡി സതീശൻ പറഞ്ഞു. ഔദ്യോഗിക മാധ്യമങ്ങൾ സോഷ്യൽ മീഡിയക്ക് വഴിമാറി, അത് പിന്നീട് ക്ലൗഡ് മീഡിയക്കും ആർട്ടിഫിഷൽ ഇന്റലിജൻസിനും വഴിമാറി. ചെറുത്തുനിൽക്കുന്ന വരെ ഇല്ലാത്താക്കാനും അവരുടെ ഔദ്യോഗിക ജീവിതത്തിൽ കരിനിഴൽ വീഴ്ത്താനും ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പിറന്ന നാടുമായുള്ള വേരുകൾ വിസ്മരിക്കാതെ കടലുകൾക്കപ്പുറം ജീവിച്ചുകൊണ്ട് കേരളത്തെ നെഞ്ചേറ്റുന്ന ഐ.പി.സി.എൻ.എയെ നന്ദിയോടെ സ്മരിക്കുന്നുവെന്നും ഒപ്പം മാധ്യമ അവാർഡുകൾ നേടി









യവരെ അഭിനന്ദിക്കുന്നുവെന്നും വി.ഡി. സതീശൻ ആശംസിച്ചു.

ഈ സമ്മേളനത്തിലെ ഹൈസൈറ്റ് ആയ മാധ്യമ ശ്രീ പുരസ്കാരം ടെലിവിഷൻ രംഗത്തെ അതികായനും ജനപ്രിയ അവതാരകനും മുൻ റേഡിയോ പ്രക്ഷേപകനും അധ്യാപകനും 24 ന്യൂസ് ചീഫ് എഡിറ്ററും ഫ്ളവേഴ്സ് ടി.വി ഡയറക്ടറുമായ ആർ ശ്രീകണ്ഠൻനായർക്ക് അധ്യാപകനും മുൻ കേന്ദ്ര മന്ത്രിയുമായ പ്രൊഫ. കെ.വി തോമസ് സമ്മാനിച്ചു.

വിലയേറിയ ഈ അവാർഡ് സ്നേഹപൂർവം സ്വീകരിക്കുന്നതിലൂടെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയെയും അവരുടെ ജന്മനാടിനോടുള്ള സ്നേഹത്തേയും വിലമതിക്കുകയും ആദരിക്കുകയുമാണ് താൻ ചെയ്യുന്നതെന്ന് ശ്രീകണ്ഠൻ നായർ പറഞ്ഞു. അമേരിക്കൻ മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസികൾ കേരളത്തിന്റെ ശക്തിയാണെന്നും നാട്ടിൽ ഒരു കരിയില അനങ്ങിയാൻ പോലും അവർ ജാഗ്രതയോടെ ഉറ്റുനോക്കുന്നവരും സഹായവുമായി ഓടിയെത്തുന്നവരുമാണെന്നും അദ്ദേഹം പറഞ്ഞു.

ചിലർ ഐ.പി.സി.എൻ.എ അവാർഡ് ചിലർ ബഹിഷ്കരിച്ചതായി അറിഞ്ഞെന്നും അത് ഈ ഈടുറ്റ സംഘടനയുടെ അധ്വാനത്തേയും സ്നേഹത്തേയും കണ്ടില്ലെന്നു നടിക്കുന്നതിനു തുല്യമാണെന്നും ശ്രീകണ്ഠൻ നായർ പറഞ്ഞു. നാല് പതിറ്റാണ്ടിന്റെ മാധ്യമ പ്രവർത്തന പരിചയത്തിന്റെ വെളിച്ചത്തിലാണ് താൻ ഇക്കാര്യം പറയുന്നതെന്നും ഇത് തന്റെ ഒരു എളിയ ഉപദേശമായി സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. താത്പര്യമില്ലാത്തവർക്ക് പുച്ഛിച്ച് തള്ളാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.









കർമരംഗത്ത് ശോഭിക്കുന്ന കേരളത്തിലെ മാധ്യമപ്രവർത്തകരെ ആദരിക്കുന്നതോടൊപ്പം അമേരിക്കയിലെ മാധ്യമപ്രവർത്തകർക്ക് ജൻമഭൂമിയുമായുള്ള പൊക്കിൾകൊടി ബന്ധം നിലനിർത്താനും വേണ്ടിയാണ് ഐ.പി.സി.എൻ.എ ഈ പുരസ്കാര സന്ധ്യകൾ സംഘടിപ്പിക്കുന്നത് എന്ന് ചടങ്ങിൽ അധ്യക്ഷ പ്രസംഗം നടത്തിയ ഐ.പി.സി.എൻ.എ നാഷനൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ പറഞ്ഞു. പത്രങ്ങൾക്ക് പുറമെ ടെലിവിഷൻ, ഓൺലൈൻ, റേഡിയോ, ടെക്നിക്കൽ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം പുരസ്കാരം നൽകുന്നത് ഇക്കൊല്ലത്തെ


അവാർഡുകളുടെ സവിശേഷത ആണെന്നും മാധ്യമങ്ങളുടെ പിന്നണിയിൽ പ്രവർത്തിക്കുന്നവർക്ക് അവാർഡ് നൽകുന്നത് പുതിയ തീരുമാനമാണെന്നും സുനിൽ ട്രൈസ്റ്റാർ വ്യക്തമാക്കി.

രണ്ടു പതിറ്റാണ്ടിന്റെ ദീപ്തമായ പ്രവർത്തന പാരമ്പര്യമുള്ള ഐ.പി.സി.എൻ.എ മലയാളികളായ മാധ്യമപ്രവർത്തകരെ ആദരിക്കുന്ന എട്ടാമത്തെ അവാർഡ് ദാന ചടങ്ങാണിതെന്നും മലയാളി മാധ്യമ പ്രവർത്തകർക്കും പൊതു പ്രവർത്തകർക്കും അമേരിക്കയിൽ വരാനും ആ സംസ്കാരത്തെ അറിയാനും അവസരമൊരുക്കുന്ന വേദിയാണ് ഐ.പി.സി.എൻ.എ എന്നും അഡ്വൈസറി ബോർഡ് ചെയർമാനും ഐ.പി.സി.എൻ.എയുടെ മുൻ പ്രസിഡന്റും ജനറൽ സെക്രട്ടറിയുമായ സുനിൽ തൈമറ്റം പറഞ്ഞു.

ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ മോൻസ് ജോസഫ്, അൻവർ സാദത്ത്, റോജി എം ജോൺ, മാണി സി കാപ്പൻ, റ്റി.ജെ വിനോദ്, കെ.എൻ ഉണ്ണികൃഷ്ണൻ, മുൻ എം.പി ഡോ. സെബാസ്റ്റ്യൻ പോൾ തുടങ്ങിയവരാണ് വിവിധ വിഭാഗങ്ങളിലുള്ള പുരസ്കാരങ്ങൾ നൽകിയത്. ഡാ. ജോർജ് മരങ്ങോലി-(എഡിറ്റർ പ്രഭാതം-വടക്കേ അമേരിക്കയിലെ ആദ്യത്തെ മലയാള പത്രം), പേഴ്സി ജോസഫ് (ഡയറക്ടർ-ക്രീയേറ്റീവ് കമ്മ്യൂണിക്കേഷൻ ആൻഡ് പോസ്റ്റ് പ്രൊഡക്ഷൻ-ഏഷ്യാനെറ്റ്), എൻ.പി ചന്ദ്രശേഖരൻ (കൺസൾറ്റന്റ്, ന്യൂസ് ആൻഡ് കറന്റ് അഫയേഴ്സ്-കൈരളി ടി.വി, പി ശ്രീകുമാർ (ഓൺലൈൻ എഡിറ്റർ-ജന്മഭൂമി), അനിൽ നമ്പ്യാർ (എക്സിക്യൂട്ടീവ് എഡിറ്റർ-ജനം ടി.വി), ദ ഐഡത്തിന്റെ ചീഫ് എഡിറ്റർ സി. എൽ. തോമസ് (ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻസ്-കേരള മീഡിയ അക്കാദമി), വിശിഷ്ട പുരസ്കാരം-ആർ.എസ്. ബാബു (കേരള മീഡിയ അക്കാദമി ചെയർമാൻ) എന്നിവർ പയനിയർ അവാർഡുകൾ ഏറ്റുവാങ്ങി.

രഞ്ജിത് രാമചന്ദ്രൻ (ന്യൂസ് 18, മികച്ച വാർത്താ അവതാരകൻ ), ടോം കുര്യാക്കോസ് (മികച്ച ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ്-ന്യൂസ് 18), സിന്ധുകുമാർ (മികച്ച ന്യൂസ് ക്യാമറമാൻ-മനോരമ ന്യൂസ്), ലിബിൻ ബാഹുലേയൻ (മികച്ച ന്യൂസ് വിഡിയോ എഡിറ്റർ-എഷ്യാനെറ്റ് ന്യൂസ്), സെർജോ വിജയരാജ്, സ്റ്റാർ സിങ്ങർ (മികച്ച വിനോദ പരിപാടിയും പ്രൊഡ്യൂസറും-ഏഷ്യാനെറ്റ്), ഷില്ലർ സ്റ്റീഫൻ (മികച്ച പത്ര റിപ്പോർട്ടർ-മലയാള മനോരമ), അജി പുഷ്കർ (മികച്ച ടെക്നിക്കൽ ക്രിയേറ്റിവ്-റിപ്പോർട്ടർ ടി.വി), എൻ.ആർ സുധർമദാസ് (മികച്ച പത്ര ഫൊട്ടോഗ്രഫർ-കേരളകൗമുദി), അമൃത എ.യു (സീനിയർ കണ്ടന്റ് റൈറ്റർ-മാതൃഭൂമി ഓൺലൈൻ), ഗോകുൽ വേണുഗോപാൽ ( ബെസ്റ്റ് അപ് കമ്മിങ് ജേർണലിസ്റ്റ് -ജനം ടി.വി),








ആർ.ജെ ഫസ് ലു (മികച്ച റേഡിയോ ജേർണലിസ്റ്റ്, ജോക്കി-എ.ആർ.എൻ ന്യൂസ്, ഹിറ്റ് എഫ്.എം ദുബായ്), മികച്ച പ്രസ് ക്ലബ് തിരുവനന്തപുരം, ബി. അഭിജിത് (സ്പെഷൽ ജൂറി അവാർഡ്-എ.സി.വി ഹെഡ്), രാജേഷ് ആർ നായർ (സ്പെഷൽ ജൂറി അവാർഡ്-പ്രൊഡ്യൂസർ ഫ്ളവേഴ്സ് ടി.വി) എന്നിവർക്കാണ് മറ്റ് അവാർഡുകൾ സമ്മാനിച്ചത്.

മുൻ ദൂരദർശൻ പ്രോഗ്രാം മേധാവി ജി സാജൻ (ജൂറി), മാധ്യമപ്രവർത്തകരായ ആർ. എസ് . ബാബു, ജോണി ലൂക്കോസ് എന്നിവരും ചടങ്ങിൽ സംസാരിച്ചു. ഐ.പി. സി.എൻ.എ നാഷണൽ ട്രഷറർ വിശാഖ് ചെറിയാൻ, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുളകുന്നം, പ്രസിഡന്റ് ഇലക്ട് 2026-27 രാജുപള്ളത്ത്, ഐ.പി.സി.എൻ.എ മുൻ പ്രസിഡന്റുമാരായ ജോർജ് ജോസഫ്, മധു കൊട്ടാരക്കര, നേർകാഴ്ച ചീഫ് എഡിറ്റർ സൈമൺ വളാച്ചരിൽ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ഫോമാ പ്രസിഡന്റ് ബേബി മണക്കാട്ട്, ഫൊക്കാന മുൻ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, എൻ.ആർ.ഐ ചീഫ് എഡിറ്റർ ബിജു കിഴക്കേക്കുറ്റ്, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോസ് മണക്കുടേ, പോൾ കറുകപ്പള്ളി, അനിയൻ ജോർജ്, ഷാജി രാമപുരം, ബിജു മുണ്ടക്കൽ, ഫിലിപ്പോസ് ഫിലിപ്, സിജിൽ പാലക്കലോടി, വെസ്റ്റ് ഇംഗ്ലണ്ട് മേയർ ജോ ആദിത്യ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

ഐ.പി.സി.എൻ.എ പുരസ്കാരങ്ങളുടെ മുഖ്യ സ്പോൺസർമാരായ സാജ് ഏർത് ഗ്രൂപ്പിന്റെ സാജൻ-മിനി സാജൻ (പ്ലാറ്റിനം ഇവന്റ്), എലീറ്റ് സ്പോൺസർമാരായ വർക്കി എബ്രഹാം, ബേബി ഊരാളിൽ, ജോൺ ടൈറ്റസ്, ജോയ് നേടിയകാലയിൽർ ബിലീവേഴ്സ് ചാരിറ്റി ഹോസ്പിറ്റലിന്റെ ഫാ. സിജോ, ബെറാക എലൈറ്റ് എഡ്യൂക്കേഷന്റ റാണി തോമസ്, ഗോൾഡ് സ്പോൺസർമാരായ നോഹ ജോർജ് ഗ്ലോബൽ കൊളിഷൻ, ജോൺ പി ജോൺ കാനഡ, ദിലീപ് വർഗീസ്, അനിയൻ ജോർജ്, സിൽവർ സ്പോൺസർമാരായ സജിമോൻ ആന്റണി, ബിനോയ് തോമസ്, ജെയിംസ് ജോർജ് എന്നിവരും, ജോൺസൻ ജോർജ്, വിജി എബ്രഹാം എന്നിവർ ബ്രോൺസ് സ്പോൺസർമാർ, സാമൂഹിക സാംസ്കാരിക പ്രവർത്തകൻ ജിജു കുളങ്ങര (ജേർണലിസം സ്റ്റുഡന്റ്സ് സപ്പോർട്ട്) എന്നിവരും പുരസ്കാര സന്ധ്യയിൽ സന്നിഹിതരായിരുന്നു.


MALABAR
GOLD & DIAMONDS
mine
DIAMOND
FESTIVAL
FREE
CASH VOUCHERS
FREE USD 50 CASH VOUCHER ON
EVERY USD 1,500 WORTH DIAMOND &
PRECIOUS GEM JEWELLERY PURCHASE
100%
100%
VALUE ON DIAMOND
EXCHANGE
Valid until 5th January, 2025
NATURAL
DIAMONDS



# ചരിത്രത്തിൽ ഇടം നേടിയ 'പ്രഭാതം' :

## ഡോ. ജോർജ്ജ് മരങ്ങോലി

മീട്ടു റഹ്മത്ത് കലാം

ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയത് നീൽ ആംസ്ട്രോങ് ആണെന്ന് ഏത് സാധാരണക്കാരനും അറിയാം. ചരിത്രത്താളുകളിൽ തങ്കലിപികളിൽ എന്നും കുറിക്കപ്പെടുന്നത് അതാത് രംഗങ്ങളിൽ ആദ്യചുവടുവയ്പ്പ് നടത്തിയവരുടെ പേരുകളാണ്. മുന്നിലെ വെല്ലുവിളികളും തടസ്സങ്ങളും സധൈര്യം നേരിടുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്ത് സ്വന്തമായി വഴിവെട്ടി മുന്നോട്ടുവരിക എന്ന ദൗത്യം ഏറ്റെടുക്കുന്നവർ ആ ആദരവ് അർഹിക്കുന്നുണ്ട്. സാങ്കേതികമായി ഏറെ പരിമിതികളുണ്ടായിരുന്ന എഴുപതുകളിൽ അമേരിക്ക പോലൊരു രാജ്യത്ത് മലയാളത്തിൽ ആദ്യമായി ഒരു പത്രം തുടങ്ങാൻ ധൈര്യം കാണിച്ച ഡോ. ജോർജ്ജ് മരങ്ങോലി ഇത്തരത്തിൽ വേറിട്ട വ്യക്തിത്വമാണ്. പ്രഭാതം എന്ന പേരിൽ ഒരു പതിറ്റാണ്ടുകാലം അമേരിക്കൻ മലയാളികളുടെ വാരാന്ത്യങ്ങൾ നാട്ടിലെ വാർത്തകളാൽ സമ്പന്നമാക്കിയ അദ്ദേഹം, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത്അമേരിക്കയുടെ 'പയനീർസ് ഇൻ മീഡിയ 2025' പുരസ്കാരത്തിന് അർഹനായിരിക്കുകയാണ്. കൊച്ചിയിലെ 'വിശ്രമജീവിതം' വിശ്രമമില്ലാതെ എഴുത്തിനും വായനയ്ക്കും നീക്കിവച്ചിരിക്കുന്ന ജോർജ്ജ് മരങ്ങോലിയുടെ വിശേഷങ്ങളിലേക്ക്...




### കഥ ഇതുവരെ?

ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദവും പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദവും നേടിയ ശേഷം 74 – ലാണ് അമേരിക്കയിലെത്തുന്നത്. അഡ്വർടൈസിംഗ് കമ്പനിയിലായിരുന്നു ആദ്യത്തെ ജോലി. മലയാളഭാഷയോട് ചെറുപ്പം മുതലൊരു മമതയുണ്ട്. ഇംഗ്ലീഷ് പത്രമായ 'ഓവർസീസ് ടൈംസ്' നടത്തിയിരുന്ന പ്രകാശ് വ്യാസുമായുള്ള സംസർഗ്ഗമാണ് അമേരിക്കയിൽ ഒരു മലയാളപത്രം തുടങ്ങുക എന്ന ആഗ്രഹം ജനിക്കാൻ നിമിത്തമായത്. 79 ൽ പത്രം തുടങ്ങി. 84 വരെ നടത്തിക്കൊണ്ടുപോയി. മാസ്റ്റേഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസ് പാസായി. കുറച്ചുകാലം അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്തു. പിന്നീട് ബിസിനസിൽ ഡോക്ടറേറ്റ് നേടി.തുടർന്ന് യുഎസ് നേവിയിൽ ജോലി ലഭിച്ചു.

ജപ്പാനിൽ ആറുവർഷം സേവനമനുഷ്ഠിച്ചു.യുഎസ് നേവിയുടെ ഏഷ്യ-പസിഫിക് റീജിയണൽ ഡയറക്ടറായും യുഎസ് എയർഫോഴ്സിലും ജോലി ചെയ്തു.കോവിഡിനെത്തുടർന്ന് കുറച്ചുകാലം വർക്ക് ഫ്രം ഹോം ചെയ്തു. ഔട്സോഴ്സിങ് പോലെ ഏതാനും മാസങ്ങൾ കൂടി ഓൺലൈനായി ജോലി തുടരുകയാണ്.സെമി-റിട്ടയർമെന്റ്

എന്നുപറയാം. പൂർണമായി വിരമിച്ച ശേഷം എഴുത്തിനുവേണ്ടി കൂടുതൽ സമയം നീക്കി വയ്ക്കണം. 43 പുസ്തകങ്ങൾ രചിച്ചു.ജപ്പാന്റെ കാണാപ്പുറങ്ങൾ എന്ന യാത്രാവിവരണത്തിനും സെന്റ് ഫ്രാൻസിസ് ക്സേവിയർ എന്ന ഇംഗ്ലീഷ് പുസ്തകത്തിനുമാണ് വായനക്കാരിൽ നിന്ന് ഏറ്റവും മികച്ച പ്രതികരണം ലഭിച്ചിട്ടുള്ളത്. എന്റെ ഹാസ്യകഥകൾ ക്രോഡീകരിച്ച് 'മരങ്ങോലി കഥകൾ' എന്ന മൂന്നുവാല്യങ്ങളുള്ള പുസ്തകത്തിന്റെ പ്രകാശനത്തിനുള്ള ഒരുക്കങ്ങൾ നടന്നുവരികയാണ്.

**പ്രഭാതത്തിന്റെ തുടക്കം?**

ജപ്പാനിലെ പതാകയിലെ ഉദയസൂര്യനാണ് പ്രഭാതം എന്ന പേര് നൽകാൻ പ്രേരണയായത്. അക്കാലത്ത് ആ പേരിൽ നാട്ടിൽ നിന്നൊരു പത്രം ഇറങ്ങിയിരുന്നു. കൊല്ലംകാരനായ അന്നത്തെ മന്ത്രി എ.എ.റഹീമായിരുന്നു ആ പത്രം നടത്തിയിരുന്നത്. അമേരിക്കയിൽ ഒരു മലയാള പത്രം തുടങ്ങാൻ ആലോചിക്കുന്നുണ്ടെന്നും അതിന് പ്രഭാതം എന്ന് പേര് നൽകാൻ ആഗ്രഹിക്കുന്നതായും അദ്ദേഹത്തെ ഫോണിൽ വിളിച്ച് അറിയിച്ചു. നിറഞ്ഞ മനസ്സോടെയാണ് അദ്ദേഹം ആ പേരിൽ പത്രം ആരംഭിക്കാൻ അനുവാദം തന്നത്.

**ആ സമയത്ത് അമേരിക്കയിലെ മലയാളി കമ്മ്യൂണിറ്റി എത്രത്തോളം വളർന്നിരുന്നു?**

നോർത്ത് അമേരിക്കയിലും ക്യാനഡയിലുമായി പരമാവധി 25,000 മലയാളികൾ ഉണ്ടായിരുന്നിരിക്കണം. എണ്ണായിരത്തി അറുനൂറ് പത്രങ്ങൾ ഞാൻ മെയിൽ ചെയ്യുന്നുണ്ടായിരുന്നു. ന്യൂയോർക്കിലെ കേരള സമാജം പോലെ വിരലിലെണ്ണാവുന്ന മലയാളി സംഘടനകളേ അന്നുള്ളു.അത്തരം അസോസിയേഷനുകളും പള്ളികളുമായും ബന്ധപ്പെട്ടുകൊണ്ടാണ് ആളുകളുടെ വിലാസം കണ്ടെത്തി പത്രം എത്തിച്ചിരുന്നത്. പ്രഭാതത്തിന്റെ വരിക്കാരാകാൻ സന്മനസ്സ് കാണിച്ച ഒരുപാടുപേരുണ്ട്. സൗജന്യമായി ലഭിക്കണമെന്ന് കരുതിയവരുമുണ്ട്.

***സാങ്കേതികമായി ഏറെ പരിമിതിയുള്ള ആ കാലഘട്ടം ഒന്നോർത്തെടുക്കാമോ?***

അച്ചുനിരത്തിയാണ് വാർത്ത തയ്യാറാക്കിയിരുന്നത്.കംപ്യൂട്ടർ ടൈപ്പ് സെറ്റിങ് പ്രചാരം നേടിയിരുന്നില്ല. ഫാക്സ് മെഷീനില്ല,ട്രങ്ക് കോൾ ബുക്ക് ചെയ്താൽ മൂന്ന് ദിവസം കാത്തിരിക്കണം.എയർമെയിലിൽ ഒരു പത്രമെത്താൻ ഒരു മാസം പിടിച്ചിരുന്ന സമയമാണ്.കേരളത്തിലെ എല്ലാപത്രങ്ങളും മൂന്നാം നാൾ ബോംബെയിലെത്തുമെന്ന് മനസ്സിലാക്കിയ ഞാൻ,അവിടെനിന്ന് ആ പത്രങ്ങൾ എയർ ഇന്ത്യ കാർഗോയിൽ പിറ്റേ ദിവസം ന്യൂയോർക്കിൽ കിട്ടാൻ ഒരു കമ്പനിയുമായി കരാറുണ്ടാക്കി.കേരളത്തിലെ വാർത്തകൾ അങ്ങനെ നാലാംനാൾ എന്റെ


മെട്രോ മനോരമ
ന്യൂയോർക്കിലും മാവേലിയെ തിരഞ്ഞ മലയാളി

കയ്യിൽ എത്തും.മലയാള മനോരമ,മാതൃഭൂമി,ചന്ദ്രിക,കൗമുദി തുടങ്ങി അക്കാലത്തെ പ്രമുഖ പത്രങ്ങളെല്ലാം ലഭിച്ചിരുന്നു.മഞ്ഞും വെയിലും വകവയ്ക്കാതെ രാവിലെ എഴുന്നേറ്റ് കാർ ഗോയിൽ വന്നു കിടക്കുന്ന സാധനങ്ങൾക്കിടയിൽ നിന്ന് പത്രക്കെട്ടുകൾ വേർതിരിച്ചെടുക്കുന്നതൊക്കെ വലിയ കഷ്ടപ്പാടായിരുന്നു.തിങ്കളാഴ്ച വരെയുള്ള പത്രങ്ങൾ വ്യാഴാഴ്ച എത്തും.ആ രാത്രി തന്നെ പ്രധാന വാർത്തകൾ വെട്ടിയെടുത്ത് പത്രത്തിന്റെ ടാബ്ലോയിഡ് സൈസ് നിർമ്മിച്ച് ചൈനക്കാരന്റെ ന്യൂയോർക്കിലെ പ്രസ്സിൽ പ്രിന്റ് ചെയ്ത് വെള്ളിയാഴ്ച മെയിൽ ചെയ്യാൻ തയ്യാറായിരിക്കും.


മാതൃഭൂമി
മരങ്ങോലി മലയാളം മറക്കുന്നില്ല

***പത്രം നടത്തിയതിന്റെ പേരിൽ ശത്രുക്കളെ സമ്പാദിച്ചിട്ടുണ്ടോ?***


മൂന്നുകിലോ കഞ്ചാവുമായി ഒരു ഇന്ത്യക്കാരൻ ചിക്കാഗോയിൽ പിടിയിലായ ഇംഗ്ലീഷ് വാർത്ത ലഭിച്ചപ്പോൾ ഞാനത് എന്റെ പത്രത്തിൽ കൊടുത്തു. കുറച്ചുകാലം കഴിഞ്ഞ്, എൻഎസ്എസ് ജനറൽ സെക്രട്ടറി കിടങ്ങൂർ ഗോപാലകൃഷ്ണൻ മുഖ്യാതിഥിയായ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടിയിൽ എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചിരുന്നു. പ്രസംഗം കഴിഞ്ഞ് എന്റെ അടുത്തുവന്ന് ഒരാൾ എന്നെ അറിയുമോ എന്നുചോദിച്ചു. ഞാനാണ് നിങ്ങൾ പത്രത്തിൽ കൊടുത്ത പ്രതിയോഗി എന്നയാൾ പറഞ്ഞപ്പോൾ അവിടിരുന്ന് ഉരുകിപ്പോയത് മറക്കാനാവില്ല. വാർത്ത സത്യമായിരുന്നു, അയാൾ ജയിൽശിക്ഷ അനുഭവിക്കുകയും ചെയ്തതാണ്. എന്നാൽ, ഇംഗ്ലീഷ് പത്രത്തിൽ ഒരു വാർത്ത വരുന്നതുപോലെ ആയിരുന്നില്ല, പ്രഭാതത്തിലെ ന്യൂസ് കൂടുതൽ അമേരിക്കൻ മലയാളികൾ വായിച്ചിരുന്നതുകൊണ്ട് ഇത്തരത്തിൽ പലരുടെയും ശത്രുതയ്ക്ക് പാത്രമാകേണ്ടി വന്നിട്ടുണ്ട്.അവരൊക്കെയും പിന്നീട് എന്നെ




ക്കാണുമ്പോൾ ചെകുത്താൻ കുരിശുകാണുന്നതുപോലെ മാറിക്കളയും.

***അമേരിക്കയിലെ വാർത്തകൾ തർജ്ജമ ചെയ്യുന്നതിനായിരുന്നോ നാട്ടിലെ വാർത്തകൾ അറിയിക്കുന്നതിനായിരുന്നോ വായനക്കാരിൽ നിന്ന് കൂടുതൽ സ്വീകാര്യത ലഭിച്ചത്?***

നാട്ടിലെ വാർത്തകൾ അറിയാൻ മറ്റൊരു മാർഗ്ഗവും ഇല്ലാതിരുന്നതുകൊണ്ട് അതറിയാനാണ് വായനക്കാർ താല്പര്യപ്പെട്ടിരുന്നത്. എല്ലാ ജില്ലകളിലെയും വാർത്തകൾ ഉൾപ്പെടുത്തിയിരുന്നു. രാഷ്ട്രീയം അധികമായി കൊടുത്തിരുന്നില്ല.ഏത് പത്രത്തിലെ വാർത്തകൊടുത്താലും അവരാരും രാഷ്ട്രീയ ചായ്‌വോടെ കുത്തിക്കുറിച്ചവയായിരുന്നില്ല അന്നത്തെ വാർത്തകൾ. ജനസമക്ഷം സത്യം എത്തിക്കാൻ അന്ന് മാധ്യമങ്ങൾ ശ്രദ്ധിച്ചിരുന്നു. തുടക്കത്തിൽ ഏറെ കഷ്ടനഷ്ടങ്ങളും ക്ലേശങ്ങളും നേരിട്ടു.35 സെന്റായിരുന്നു പത്രത്തിന്റെ മുഖവില. രണ്ടുവർഷത്തെ പത്രത്തിനുള്ള പണം മുൻകൂറായി തന്ന് പിന്തുണച്ച ഒട്ടേറെപ്പേരുണ്ട്.തോമസ് എന്ന മലയാളി നടത്തിയിരുന്ന അന്നപൂർണ സ്റ്റോറിൽ പത്രങ്ങൾ കൊണ്ടുവയ്ക്കും.ഗ്രോസറി വാങ്ങുന്നവർ മലയാള പത്രം കണ്ട് അത് വാങ്ങിയിരുന്നു.മലയാളി കമ്മ്യൂണിറ്റിക്കിടയിൽ ഒരു കാര്യം അറിയിക്കാൻ ഏറ്റവും എളുപ്പമുള്ള മാർഗം എന്ന നിലയിൽ പ്രഭാതം പ്രചാരം നേടിയതോടെ പരസ്യങ്ങൾ ലഭിച്ചുതുടങ്ങി. പത്തുവർഷത്തോളം വിജയകരമായി മുന്നോട്ട് പോയി.



PERMANENT MISSION OF INDIA
TO THE UNITED NATIONS
750 THIRD AVENUE
NEW YORK, N. Y. 10017

15th February, 1984.

TO WHOM IT MAY CONCERN

Mr. George Marangoly owner of Prabhatam Publications had rendered excellent service to this Mission with regard to the printing of speeches and other printing work during the visit of our Prime Minister in September-October 1983. His printing work was quick, perfect and to our entire satisfaction. I wish Mr. George Marangoly all success in his publication work.

(N.Krishnan)
Permanent Representative of India
to the United Nations

***സാമ്പത്തികമായി ലാഭത്തിൽ ആയിരിക്കെ എന്തുകൊണ്ടാണ് പ്രഭാതം പാതിവഴിയിൽ നിർത്തിയത്? ഇപ്പോഴും മുൻതലമുറയിലെ അമേരിക്കൻ മലയാളികൾ ആ പത്രത്തെക്കുറിച്ച് ഓർക്കുന്നുണ്ടെങ്കിൽ എന്തായിരിക്കും അതിന് കാരണം?***

ഇന്ത്യ എബ്രോഡ് എന്ന ഇന്ത്യക്കാരുടെ ഇംഗ്ലീഷ് പത്രത്തിന് തത്തുല്യമായ പരസ്യങ്ങൾ പ്രഭാതത്തിനും കിട്ടി.ഫ്രണ്ട് പേജിൽ ബോംബെ പാലസിന്റെ വലിയ അഡ്വർടൈസ്മെന്റ് ലഭിച്ചിരുന്നു. സിവിൽ സർവീസ് ജോലിക്കൊപ്പം പത്രം ശ്രദ്ധിക്കാൻ കഴിയാതെ വന്നതോടെയാണ് നിർത്തിയത്.വാഷിംഗ്ടൺ ഡിസിയിലെ പരിപാടികളുടെ ഫോട്ടോ എടുത്തിരുന്നത് രാജനാണ്. എല്ലാ പ്രമുഖ പ്രോഗ്രാമുകളും ഇവന്റുകളും കവർ ചെയ്തിരുന്നു. ന്യൂയോർക്കിലെ പരിപാടികൾക്ക് ഫോട്ടോ എടുത്ത് സഹായിച്ചിരുന്ന സുഹൃത്ത് സേതു നരിക്കോട് പ്രഭാതം ഏറ്റെടുത്ത് നടത്താമെന്ന് പറഞ്ഞെങ്കിലും ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് അത് നടക്കാതെ വന്നു. സേതു ഇന്ന് ജീവിച്ചിരിപ്പില്ല.പ്രഭാതത്തിന്റെ കൃത്യനിഷ്ഠയെക്കുറിച്ച് പഴയ വരിക്കാർ ഇന്നും കാണുമ്പോൾ പറയും. ശനിയാഴ്ച വീടുകളിൽ ഒരു മുടക്കവുംകൂടാതെ അവർക്കത് കിട്ടിയിരുന്നു.

***നാട്ടിൽ നിന്ന് പ്രഭാതത്തിന് സഹായങ്ങൾ ലഭിച്ചിരുന്നോ?***

മനോരമയുടെ ഡൽഹി ബ്യൂറോ ചീഫായിരുന്നു വി.എം.മരങ്ങോലി എന്റെ അങ്കിളാണ്.അദ്ദേഹവും പ്രൊഫ.ഓംചേരി,മാതൃഭൂമിയിലെ മാധവൻകുട്ടി, ജോസഫ് കാച്ചംപള്ളി എന്നിങ്ങനെ പലരും എഡിറ്റോറിയൽ തയ്യാറാക്കുന്നതിനും ലേഖനങ്ങൾ ലഭിക്കുന്നതിനും സഹായിച്ചിരുന്നു. കഥകളും മറ്റും മൂന്ന് മാസം മുൻപേ തന്നെ എത്തിച്ചിരുന്നു.

***കേരളത്തിൽ വച്ചുള്ള ആദ്യകാല കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ?***

കേരളത്തിൽ പത്താം ക്ലാസ് വരെയേ പഠിച്ചിട്ടുള്ളു. മലയാളത്തോട് ഇത്രയേറെ അടുപ്പിച്ചത് വായനയാണ്.സേക്രഡ് ഹാർട്ട് കോളജിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയ എന്റെ അങ്കിളിന്റെ പുസ്തകങ്ങൾ ഞങ്ങളുടെ തറവാടിന്റെ മച്ചിൽ കൂട്ടിയിട്ടിരിക്കുന്നതുകൊണ്ടാണ് വായനയിൽ താല്പര്യം ജനിച്ചത്.പഞ്ചായത്ത് ലൈബ്രറിയിലെ ചേട്ടന് ചായയ്ക്ക് പൈസ കൊടുത്താണ് പുതിയ പുസ്തകങ്ങൾ ആദ്യവായനയ്ക്ക് ലഭിച്ചിരുന്നത്. പി.അയ്യനേത്തിന്റെ ക്രിസ്ത്യൻ സഭ വിലക്കിയ പുസ്തകം പോലും രഹസ്യമായി വായിച്ചിരുന്നു.അയൽവാസിയായിരുന്ന വൈക്കം മുഹമ്മദ് ബഷീർ, ബഷീറിന്റെ പുസ്തകങ്ങൾ ഞാൻ ലൈബ്രറിയിൽ നിന്നെടുത്ത് വായിക്കുന്നത് അദ്ദേഹം നേരിൽ കണ്ടിട്ടുണ്ട്.അദ്ദേഹം നാലുപുസ്തകം മാത്രം എഴുതിയിരുന്ന സമയത്തെ കാര്യമാണ് പറയുന്നത്. അന്ന് ബഷീർ ബേപ്പൂർ സുൽത്താനായി അറിയപ്പെട്ടിരുന്നില്ലെങ്കിലും ആ ഭാഷ എനിക്ക് ഹൃദ്യമായി തോന്നിയിരുന്നു.ഞങ്ങൾ സ്കൂളിലേക്ക് പോകുന്ന വഴിക്കായിരുന്നു അദ്ദേഹത്തിന്റെ വീട്. എന്റെ പിതാവ് എക്സൈസിൽ നിന്ന് ഡിവൈഎസ്പി ആയി വിരമിച്ചയാളാണ്. വഴിയിൽവച്ച് കാണുമ്പോൾ

അദ്ദേഹം പിതാവിനെക്കുറിച്ചൊക്കെ കുശലം ചോദിച്ചിരുന്നു. കലാഭവന്റെ സ്ഥാപകനായ ആബേലച്ചനുമായി അടുത്ത ബന്ധമായിരുന്നു. കലാഭവന്റെ ട്രൂപ്പിന് അമേരിക്കയിൽ പരിപാടി അവതരിപ്പിക്കാൻ ആദ്യമായി അവസരം ഒരുക്കിക്കൊടുക്കാൻ സാധിച്ചു. 45 ദിവസം അവർ ഞങ്ങളുടെ വീട്ടിലായിരുന്നു തങ്ങിയത്.

***പത്രാധിപർ എന്ന നിലയിൽ സംതൃപ്തി തോന്നിയ അനുഭവം?***

പത്രത്തിന് ലഭിച്ച സ്വീകാര്യത തന്നെയാണ് ഏറ്റവും കൂടുതൽ സംതൃപ്തി നൽകിയത്. റീഗന്റെ പ്രസിഡന്റായുള്ള സത്യപ്രതിജ്ഞയ്ക്ക് എനിക്ക് ക്ഷണം ലഭിച്ചത് പത്രം നടത്തിയിരുന്നതുകൊണ്ടാണ്. പ്രഭാതം പത്രത്തിന്റെ മൂന്നാം വാർഷികത്തിൽ അന്നത്തെ അംബാസഡർ കെ.ആർ.നാരായണനായിരുന്നു മുഖ്യാതിഥി.

പ്രധാനമന്ത്രി ഇന്ദിരഗാന്ധി ഐക്യരാഷ്ട്രസഭയിൽ നടത്തുന്ന പ്രസംഗത്തിന്റെ കോപ്പി മുൻപേ തന്നെ എന്റെ പ്രസ്സിൽ എത്തിക്കുകയും പ്രിന്റ് ചെയ്യാൻ സാധിച്ചതും വലിയൊരു ഭാഗ്യമാണ്. പത്രാധിപർ എന്നനിലയിൽ അമേരിക്കയിലെ എല്ലാ സ്റ്റേറ്റുകളിലും പ്രധാന ചടങ്ങുകളിൽ പങ്കെടുക്കാൻ സാധിച്ചു. പ്രസ് പാസുണ്ടായിരുന്നു.ന്യൂജേഴ്സിയിലെ നോട്ടറി പബ്ലിക്കാകാനും സ്പെഷ്യൽ ഡെപ്യൂട്ടി ഷെറീഫായി പ്രവർത്തിക്കാനും കഴിഞ്ഞു. ഫോമായുടെയും ഫൊക്കാനയുടേയുമൊക്കെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പയനീർസ് ഇൻ മീഡിയ പുരസ്കാരം എനിക്ക് ലഭിക്കുന്നതറിഞ്ഞപ്പോൾ ഏറെ സന്തോഷം തോന്നി.


പ്രഭാതം
PRABHATHAM
Vol. IV No. 7 June 30, 1983 Jersey City, N.J. 35¢
2 Parts Including Convention Supplement

ബംഗാരപ്പ 'പിന്തുണ' പിൻവലിച്ചു


ലക്ഷ്മണൻ രാജിവച്ചു

കരുണാകരൻ പ്രധാനമന്ത്രിയെ സന്ദർശിച്ചു

ഹൈറേഞ്ചിൽ കനത്ത മഴ

GATEWAY TO SUPERB INDIAN CUISINE
Bombay Palace
★★★★
"...Finest Indian Cuisine Buffet and a fabulous Party Room is at the Bombay Palace." — New York magazine

Hooray Fellow Malayalees
We got you the best deal
Our most humble contribution to the jubilant Keralites on this auspicious occasion of Hilarious North American Kerala Convention - We won our long fought struggle with major airlines for the most reasonable and the lowest possible common rated air-fare to Kerala.
That Means Real Savings
For further details please contact:
COM-FOR TRAVEL INC.
76-04 WOODSIDE AVENUE
ELMHURST, N.Y. 11373
(212) 639-2727


K.R. Narayanan
Former President of India

30th August 2002

Dear Mr. George,

താങ്കൾ അയച്ചു തന്ന പുസ്തകങ്ങൾ നന്ദിപൂർവ്വം കൈപ്പറ്റി. ഞാൻ അവ താൽപര്യപൂർവ്വം വായിക്കുന്നതാണ്.

ആശംസകളോടെ!

സ്നേഹപൂർവ്വം
(K.R. Narayanan)

Mr. George Marangoly,
Box 20, Atsugi Kichnai,
Ayase Shi, Kanagawa,
JAPAN. 252-1104.

34, Prithvi Raj Road, New Delhi-110 011, India
Fax: 00-91-11-301 6926, Email:krnarayanan9@hotmail.com

***അമേരിക്കയുടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് ഇന്നത്തെപ്പോലെ മലയാളി സാന്നിധ്യം ഉണ്ടാകുമെന്ന് മുൻകൂട്ടി കാണാൻ സാധിച്ചിരുന്നോ?***

തീർച്ചയായും. ജേഴ്സി സിറ്റിയിലെ കൗൺസിലർ സ്ഥാനത്തേക്ക് എന്റെ പേര് പരിഗണിച്ച സമയത്തുതന്നെ കാലാന്തരത്തിൽ മലയാളി കമ്മ്യൂണിറ്റി അമേരിക്കൻ രാഷ്ട്രീയത്തിൽ ശക്തമായ സാന്നിധ്യമാകുമെന്ന് തോന്നിയിരുന്നു.എനിക്ക് ലഭിച്ച അവസരം എന്നെക്കാൾ മുതിർന്ന ഒരു ബംഗാളിക്ക് ഒഴിഞ്ഞുകൊടുക്കുകയാണ് ചെയ്തത്.

***പത്രമാധ്യമ രംഗത്തേക്ക് ഒരു തിരിച്ചുവരവ് ആഗ്രഹിക്കുന്നുണ്ടോ?***

മലയാളപത്രം പോലുള്ളവ ആരംഭിക്കുന്നതിന് മുൻപ് എന്നോട് അഭിപ്രായവും അനുവാദവും ചോദിച്ചതാണ്. മറ്റു പത്രങ്ങളുടെ വരവ് ഒരിക്കലും എതിർത്തിട്ടില്ല. ഞാൻ കളംവിട്ട് പത്ത് വർഷമായപ്പോൾ ഒരു ഡസനോളം പത്രങ്ങൾ അമേരിക്കയിൽ ഇറങ്ങി. ഓൺലൈൻ പത്രങ്ങളും വന്നതോടെ മലയാള പത്രങ്ങൾക്ക് അമേരിക്കയിൽ പഞ്ഞമില്ലാതെയായി. വീണ്ടും ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അതുകൊണ്ടുതന്നെ താൽപര്യം തോന്നിയിട്ടില്ല.പുസ്തകങ്ങൾ എഴുതണമെന്നാണ് ആഗ്രഹം.

***കുടുംബം?***

ഭാര്യ വത്സ മരങ്ങോലി കേരള ഹൈക്കോടതി അഭിഭാഷകയാണ്. മൂന്നുമക്കളും അമേരിക്കയിൽ ഐടി രംഗത്ത് പ്രവർത്തിക്കുന്നു.



# പമ്പ മലയാളീ അസ്സോസ്സിയേഷൻ ന്യൂ ഇയർ ആഘോഷം വർണാഭമായി



emalayalee.com

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: പെൻസിൽവാനിയ അസോസിയേഷൻ ഫോർ മലയാളീസ് പ്രോസ്പിരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങൾ ആഘോഷിച്ചു. പമ്പ പ്രെസിഡെന്റ് റെവ ഫിലിപ്സ് മോടയിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ പുതിയ പ്രെസിഡെന്റ് ജോൺ പണിക്കർ കാര്യപരിപാടികൾ നിയന്ത്രിച്ചു. ഡോ ഈപ്പൻ ഡാനിയേൽ മുഖ്യ സന്ദേശം നൽകി.

കോർഡിനേറ്റർ അലക്സ് തോമസ്, സുധ കർത്താ, വിൻസെൻറ്റ് ഇമ്മാനുവേൽ, അഭിലാഷ് ജോൺ, ഫിലിപ്പോസ് ചെറിയാൻ, തോമസ് പോൾ, ജോർജുകുട്ടി ലൂക്കോസ്, വത്സ തട്ടാർകുന്നേൽ, ബ്രിജിത് വിൻസെൻറ്റ്. സുരേഷ് നായർ, മോഡി ജേക്കബ് എന്നിവർ ആശംസ പ്രെസംഗവും, സുമോദ് നെല്ലിക്കാല നന്ദി പ്രെകാശനം നടത്തി.

മേഴ്സി പണിക്കർ, രാജു പി ജോൺ, സുമോദ് നെല്ലിക്കാല എന്നിവരുടെ ഗാനാലാപനത്തെത്തുടർന്നു വിവിധ എന്റെർടൈൻമെൻറ്റ് പരിപാടികൾ അരങ്ങേറുകയുണ്ടായി.

പരിപാടിയോടനുബന്ധിച്ചു പ്രെസിഡെന്റ് റെവ ഫിലിപ്സ് മോടയിൽ പുതിയ പ്രെസിഡെന്റ് ജോൺ പണിക്കർക്കു ഔദ്യോഗിക രേഖകൾ കൈമാറി, ജനറൽ സെക്രട്ടറി ജോർജ് ഓലിക്കലിനുവേണ്ടി ജോയിൻ സെക്രട്ടറി തോമസ് പോൾ ഔദോഗിക രേഖകൾ സ്വീകരിച്ചു. ട്രെഷററായി സുമോദ് തോമസ് നെല്ലിക്കാല അധികാരമേറ്റു.

അലക്സ് തോമസ് (വൈസ് പ്രെസിഡൻറ്റ്), തോമസ് പോൾ (അസ്സോസിയേറ്റ് സെക്രട്ടറി), രാജൻ സാമുവേൽ (അസ്സോസിയേറ്റ് ട്രെഷറർ), ഫിലിപ്പോസ് ചെറിയാൻ (അക്കൗണ്ടൻറ്റ്), ജോർജ് പണിക്കർ (ഓഡിറ്റർ) എന്നിക്കരെ കൂടാതെ ചെയർ പേഴ്സൺസ് ആയി സുരേഷ് നായർ (ആർട്സ്), സുധ കർത്താ (സിവിക് ആൻഡ് ലീഗൽ), റെവ. ഫിലിപ്സ് മോടയിൽ (എഡിറ്റോറിയൽ ബോർഡ്), ജേക്കബ് കോര (ഫെസിലിറ്റി), മോഡി ജേക്കബ് (ഐ റ്റി കോർഡിനേറ്റർ), എബി മാത്യു (ലൈബ്രററി), ഈപ്പൻ ഡാനിയേൽ (ലിറ്ററി ആക്ടിവിറ്റീസ്), രാജു പി ജോൺ (മെമ്പർഷിപ്), മോൺസൺ വർഗീസ് (ഫണ്ട് റൈസിംഗ്), ജോയ് തട്ടാരംകുന്നേൽ (ഇൻഡോർ ഗെയിംസ്), ടിനു ജോൺസൻ (യൂത്ത് ആക്ടിവിറ്റീസ്), വത്സ തട്ടാർകുന്നേൽ (വിഷ്വൽ മീഡിയ), സെലിൻ ജോർജ് (വുമൺസ് ഫോറം കോർഡിനേറ്റർ), അലക്സ് തോമസ് (ബിൽഡിങ് കമ്മറ്റി ചെയർമാൻ എന്നിവരെ കൂടാതെ റോണി വർഗീസ് (സ്പോർട്സ്), അഭിലാഷ് ജോൺ (പ്രോഗ്രാം കോർഡിനേറ്റർ), ജോർജ്കുട്ടി ലൂക്കോസ് (പി ർ ഓ ), വി വി ചെറിയാൻ (കമ്മ്യൂണിറ്റി സർവീസ്) ജയാ സുമോദ് (ചാരിറ്റി), ഡൊമനിക് ജേക്കബ് (ഫുഡ് കോർഡിനേറ്റർ) എന്നിവരെ കൂടി എക്സിക്യൂട്ടീവ് കമ്മിറ്റയിലേക്കു തിരഞ്ഞെടുക്കുകയുണ്ടായി






KELTRON TAX Corp.
we work hard for you and your dollar
Tax Preparation
Financial Planning
Wealth Management
Business Setups
Non-Profit Registration
Accounting & Auditing
IRS Representation
Notary Public
Serving our clients with integrity and excellence for over 25 years!!
Tom George Kolath
President/Founder
(718) 956 0500
www.KeltronUSA.com
Keltrontax@Keltronusa.com
visit us at

# ഗ്രേയ്റ്റർ ഹ്യൂസ്റ്റൺ നായർ സർവീസ് സൊസൈറ്റി മന്നം ജയന്തിയിൽ ഒത്തുകൂടി





ഹ്യൂസ്റ്റൺ : 2025 ജനുവരി 11 ശനിയാഴ്ച സ്റ്റാഫോർഡിലുള്ള ഫിൽഫിലെ റെസ്റ്റോറന്റിൽവച്ചു N S S ന്റെ സ്ഥാപക അംഗം ശ്രീ അപ്പുനായർ സത്യവാചകം ചൊല്ലിക്കൊടുക്കുകയും പുതിയ ഭാരവാഹികൾ ഒത്തുചൊല്ലുകയും പുതിയ പ്രസിഡൻറ് ശ്രീ സുനിൽ രാധമ്മയും മറ്റു അംഗങ്ങളും ചേർന്ന് ഭദ്രദീപം തെളിയിക്കുകയും ചെയ്തതോടെ മന്നം ജയന്തി സമാരംഭിച്ചു. സെക്രട്ടറി ശ്രീ അഖിലേഷ് നായർ സ്വാഗതം ആശംസിക്കുകയും പുതുതായി കരയോഗത്തിൽ ചേർന്നവരെ പരിചയപ്പെടുത്തുകയും ചെയ്തു. ട്രഷറർ ശ്രീ മനോജ് നായരുടെ അംഗത്വ വിതരണത്തിനുശേഷം ഗ ഒ ട മുൻ പ്രസിഡന്റ് .ശ്രീ ഹരി ശിവരാമന്റെ പ്രഭാഷണമായിരുന്നു.

ശ്രീ മന്നത്തു പത്മനാഭൻ (1878-1970) ഒരു പ്രമുഖ സാമൂഹിക പരിഷ്കർത്താവും, സ്വാതന്ത്ര്യ സമര സേനാനിയും, കേരളത്തിലെ നായർ സമൂഹത്തിന്റെ ഉന്നമനത്തിനായി സമർപ്പിച്ച ഒരു സ്വാധീനമുള്ള സംഘടനയായ നായർ സർവീസ് സൊസൈറ്റിയുടെ (എൻഎസ്എസ്) സ്ഥാപകനുമായിരുന്നു. 1878 ജനുവരി 2 ന് ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ ജനിച്ച അദ്ദേഹം സാമൂഹിക ഘടനയെ ആധുനികവൽക്കരിക്കുന്നതിലും സമത്വം, വിദ്യാഭ്യാസം, ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു, പ്രത്യേകിച്ച് ക്ഷേത്ര പ്രവേശന അവകാശങ്ങൾക്കും സാമൂഹിക നീതിക്കും വേണ്ടി വാദിക്കുന്നതിനായി വൈക്കം സത്യാഗ്രഹവും സവർണ ജാഥയും നയിച്ചു. അദ്ദേഹത്തിന്റെ ശ്രമങ്ങൾ



അദ്ദേഹത്തിന് ഭാരത കേസരി (ഇന്ത്യയുടെ സിംഹം) എന്ന പദവി നേടിക്കൊടുത്തു. സ്വാതന്ത്ര്യാനന്തരം, അദ്ദേഹം തിരുവിതാംകൂർ നിയമസഭയിൽ സേവനമനുഷ്ഠിക്കുകയും സമൂഹത്തിന് നൽകിയ സംഭാവനകൾക്ക് 1966 ൽ പത്മഭൂഷൺ നൽകുകയും ചെയ്തു. സാമൂഹ്യ പരിഷ്കരണത്തിനായുള്ള അക്ഷീണ സമർപ്പണത്തിനും കേരളത്തിലെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി പോരാടിയതിനും ശ്രീ മന്നത്തു പത്മനാഭൻ ഓർമ്മിക്കപ്പെടുന്നു. ശ്രീ. ഹരി ശിവരാമന്റെ ചുരുങ്ങിയതും അർത്ഥവത്തും ഉജ്ബലവും ഉത്തേജനാല്മകവുമായ ഈ പ്രഭാഷണം സദസ്സിനെ നിശ്ശബ്ദരാക്കുകയും ഹർഷാരവത്തോടെ



സ്വീകരിക്കുകയും ചെയ്തു. തുടർന്ന് മുൻ N S S പ്രസിഡന്റ് ശ്രീ. അജിത് നായർ, മുൻ ഗ ഒ ട പ്രസിഡന്റ് രമാ പിള്ളാ എന്നിവരും സംസാരിക്കുകയുണ്ടായി. കൊച്ചു കുട്ടികളുടെ ഭാരതകേസരിയെക്കുറിച്ചുള്ള പ്രസംഗം വളരെ അർഥവത്തായിരുന്നു. ശ്രീ. ശ്രീകുനായർ തയ്യാറാക്കിയ കുട്ടികൾക്കുള്ള ക്വിസ്സ് മത്സരം എന്തുകൊണ്ടും സന്ദര്ഭോചിതമായിരുന്നു. ഹ്യൂസ്റ്റൺ കരയോഗം പുതിയ പുതിയ മാനങ്ങൾ കണ്ടെത്തുന്നതിനായി ആവുന്നത്ര പരിശ്രമിക്കും എന്ന ആപ്ത വാകൃത്തോടെ യും ചായ സൽക്കാരത്തോടെയും കരയോഗം സമാപിച്ചു.

വാർത്ത അയച്ചത്: ശങ്കരൻകുട്ടി, ഹ്യൂസ്റ്റൺ


DISCOVER
BRILLIANCE
At the
Joyalukkas
DIAMOND
FEST
Buy diamond jewellery worth
USD 1500 & ABOVE
GET 1 GM
22 KT GOLD COIN
Buy diamond jewellery worth
USD 1000 & ABOVE
GET 0.5 GM
22 KT GOLD COIN
100% VALUE
ON OLD GOLD EXCHANGE
100% VALUE
ON DIAMOND EXCHANGE
Offer valid until 12th Jan. 2025
*Terms and Conditions Apply
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936



# നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് പിറന്നാൾ ആശംസകൾ

ജോജോ തോമസ് പാലത്ര,
ന്യൂയോർക്ക്

ന്യൂയോർക്ക് : ജനുവരി 10, 2025, സംഗീത ആസ്വാദകരുടെ പ്രിയങ്കരനായ ഗാനഗന്ധർവ്വൻ ദാസേട്ടന്റെ 85-ാം ജന്മദിനം. നവംബർ 14, 1961 ൽ സംഗീത സംവിധായകൻ എം.ബി.ശ്രീനിവാസൻ ചിട്ടപ്പെടുത്തി ദാസേട്ടൻ പാടിത്തുടങ്ങിയ

'ജാതിഭേദം, മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്'

ആ ശബ്ദ മധുരിമയുടെ ജൈത്രയാത്രയിൽ 50,000 ലേറെ ഗാനങ്ങൾ വ്യത്യസ്ത ഭാഷകളിൽ മലയാളം, തമിഴ്, ഹിന്ദി, കന്നഡ, തെലുങ്ക്, ബംഗാളി, ഗുജറാത്തി, ഒറിയ, മറാത്തി, പഞ്ചാബി, സംസ്കൃതം, തുളു, മലായ്, റഷ്യൻ, അറബിക്, ലാറ്റിൻ, ഇംഗ്ലീഷ് തുടങ്ങി നിരവധി ഭാഷകളിൽ ആലപിച്ച് മുദ്രവച്ചത് ഏതൊരു ശ്രോതാവിന്റെയും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

ആയിരം പാദസരങ്ങൾ കിലുങ്ങി... സാഗരമെ ശാന്തമാക നീ... പ്രണയ സരോവര തീരം.... സന്യാസിനി നിൻ പുണ്യാശ്രമത്തിൽ... മഞ്ഞു ഭാഷിണി നിൻ മണിയറ വീണയിൽ.... പ്രേമഭിക്ഷുകി ഭിക്ഷുകി ഭിക്ഷുകീ.... ചന്ദ്രകാന്തം കൊണ്ട് നാലുകെട്ട്.... തുടങ്ങി ആയിരക്കണക്കിനു ഗാനങ്ങൾ സംഗീത പ്രേമികളുടെ ഹൃദയത്തെ തൊട്ടുണർത്തിയ അനശ്വര ഗാനഗന്ധർവ്വനാണ് ദാസേട്ടൻ.

സംഗീതാസ്വാദനം എന്നൊന്ന് ഇല്ലാതിരുന്നവരിൽ പോലും ദാസേട്ടന്റെ ശബ്ദതരംഗങ്ങൾ ദൈവീകനാദ വീചികളായി ഇറങ്ങിചെന്ന് സംഗീതവാസനയെ തൊട്ടുണർത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ലാ.

ശബ്ദസൗകുമാര്യവും, ഉച്ചാരണ ശുദ്ധിയോടെ അനായാസമായി പാടാനുള്ള ദൈവീക സിദ്ധിയും ദാസേട്ടൻ എന്ന് സ്നേഹപൂർവ്വം നാം വിളിക്കുന്ന ഈ ഗാനഗന്ധർവ്വനിൽ സംഗമിക്കുന്നു.

'പ്രളയവയോധിയിൽ ഉറങ്ങിയുണർന്നൊരു പ്രഭാ മയൂഖമെ കാലമെ' എന്ന് പാടിയ ആ ശബ്ദം ഇന്ന് കാലത്തെ അതിജീവിച്ചു നിൽക്കുന്നു.

'രാത്രി പകലിനോടെന്ന പോലെ യാത്ര ചോദിപ്പൂ ഞാൻ' എന്ന് ദാസേട്ടൻ പാടി കേൾക്കുമ്പോൾ സംഗീത സാന്ദ്രതയിൽ മൂർച്ഛിക്കാത്ത വരുണ്ടോ?

ഒരു ദിവസം വിവിധ ഭാഷകളിലായി 11 ഗാനങ്ങൾ ആലപിച്ചതിന്റെ റെക്കോർഡ് ദാസേട്ടന്റെ പേരിൽ ഇന്നും നിലനിൽക്കുന്നു. ലോകത്തിലെ ഏതൊരു ഗായകനും ഏറ്റവും കൂടുതൽ ഗാനങ്ങൾ ഔദ്യോഗീകമായി റെക്കോർഡ് ചെയ്യപ്പെട്ട ഗാനങ്ങൾ ആലപിച്ചതിന്റെ ബഹുമതി ദാസേട്ടനുണ്ട്.

മികച്ച പിന്നണിഗായകനുള്ള 7 ദേശീയ അവാർഡുകൾ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന മികച്ച പിന്നണി ഗായകനുള്ള 43 സംസ്ഥാന അവാർഡുകൾ ദാസേട്ടന് ലഭിച്ചിട്ടുണ്ട്.

1975 ൽ പത്മശ്രീ പുരസ്ക്കാരവും 2002ൽ പത്മഭൂഷണൻ പുരസ്ക്കാരവും 2017 ൽ പത്മവിഭൂഷൺ പുരസ്ക്കാരവും നൽകി ഇന്ത്യാ ഗവൺമെന്റ് ആദരിച്ചു.

അഞ്ചു ദശാബ്ദകാലത്തെ സംഗീത സപര്യയിൽ 50,000 ൽ അധികം ഗാനങ്ങൾ റെക്കോർഡ് ചെയ്ത 'ഇന്ത്യയുടെ ആകാശ ഗായകൻ' എന്ന നിലയിൽ 2011ൽ ഇചപകആച മികച്ച നേട്ടത്തിനുള്ള പുരസ്ക്കാരം നൽകി ആദരിച്ചു.

എല്ലാ മതവിഭാഗത്തിലും ഏകദൈവത്തെ മനസ്സിൽ ഉണർത്തുന്ന ഹൃദയസ്പർശിയായ എണ്ണമറ്റ ഗാനങ്ങൾ....

ഒരിക്കൽ കേട്ടാൽ വീണ്ടുമൊന്നു കൂടി കേൾക്കാൻ മനസ്സു വെമ്പുന്ന, മനുഷ്യ മനസ്സിനെ തലോടുന്ന, ആലാപന ശൈലി ദാസേട്ടനു മാത്രം കഴിയുന്ന ഒരു ദൈവീക സിദ്ധിയാണ്.

പ്രഭ ചേച്ചിയുടെ പ്രഭാവലയത്തിലും, ലോകമെങ്ങുമുള്ള സംഗീതപ്രേമികളുടെ സ്നേഹാദരവിലും, പ്രാർത്ഥനയിലും വിളങ്ങി നിൽക്കുന്ന നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് ആയുസ്സും ആരോഗ്യവും ജഗദീശ്വരൻ നൽകി അനുഗ്രഹിക്കട്ടെ.

ദാസേട്ടാ, പിറന്നാൾ ആശംകൾ സ്നേഹപൂർവ്വം നേരുന്നു.



2008 ൽ ജോജൊ തോമസ് പദ്മവിഭുഷൻ ഡോ. കെ. ജെ. യേശുദാസിന് സരസ്വതി അവാർഡ് പൊന്നാട അണിയിക്കുന്നു



2003 ൽ ജോജൊ തോമസ് പദ്മവിഭുഷൻ ഡോ. കെ. ജെ. യേശുദാസിന് മില്ലേനിയം സരസ്വതി അവാർഡ് സമ്മാനിക്കുന്നു



# ബോച്ചേയും തേനീച്ചയും

സുനിൽ വല്ലാത്തറ, ഫ്ലോറിഡാ

എൺപതുകളുടെ ആരംഭത്തിൽ വീഡിയോ കാസറ്റുകൾ കേരളത്തിൽ സജീവം ആയിരുന്ന കാലത്ത് സിനിമകൾക്കിടയിൽ ഏറ്റവും കൂടുതൽ പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നത് തൃശൂർ കേന്ദ്രമായുള്ള ചെമ്മണ്ണൂർ ജ്വല്ലഴ്സിന് പറ്റി ആയിരുന്നു. ആ പരസ്യങ്ങളിൽ എല്ലാം അഭിനയിച്ചിരുന്നതും അവരുടെ ബ്രാൻഡ് അംബാസ്സിഡറും പഴയകാല സിനിമതാരം വിധുബാല ആയിരുന്നു

എന്നാൽ കുറെ വർഷങ്ങൾക്കു ശേഷം മറ്റു പല ജ്വല്ലറി ഗ്രൂപ്പുകളും കേരളത്തിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ ഇളം തലമുറക്കാരൻ ബോബി ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ സാരഥ്യം ഏറ്റെടുക്കുകയും സ്വയം ബ്രാൻഡ് അംബാസ്സിഡർ ആകുകയും ചെയ്തു

പ്രശസ്തിയും പേരും ലഭിക്കുവാൻ അദ്ദേഹം ആദ്യം ചെയ്തത് സമൂഹത്തിൽ വ്യത്യസ്തങ്ങൾ ആയ കാര്യങ്ങൾ ചെയ്യുക എന്നുള്ളതായിരുന്നു. അതിനായി അദ്ദേഹം ആദ്യമേ തന്നെ തന്റെ വസ്ത്രധാരണ ശൈലി മാറ്റി. ജീൻസും ടീഷർട്ടും ധരിച്ചിരുന്ന അദ്ദേഹം പിന്നെ സമൂഹത്തിൽ പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയത് അമ്മച്ചിമാർ ധരിക്കുന്ന ചട്ടയും മുണ്ടും ധരിച്ചാണ്

ഫുട്ബോൾ ഇതിഹാസം മറഡോണയെ 2012 ഒക്ടോബർ 24 നു കണ്ണൂരിൽ കൊണ്ടുവന്ന് അമ്പതിനായിരത്തിൽ അധികം ഫുട്ബോൾ പ്രേമികളെ കാണികളായി ഇരുത്തി രഞ്ജിനി ഹരിദാസിന് അവതാരികയായി അവതരിപ്പിച്ചാണ് അദ്ദേഹം ആ ഫുട്ബോൾ മത്സരം നടത്തിയത്. അതോടെ വളരെ പ്രശസ്തിയിലേക്ക് ഉയർന്ന അദ്ദേഹം തന്റെ പേരിലും മാറ്റം വരുത്തി ബോച്ചേ എന്നു അറിയപ്പെടുവാൻ തുടങ്ങി. അവതാരികയായി എത്തിയ രഞ്ജിനി ഹരിദാസ് കാണികളിൽ ഒരാൾക്കിട്ട് ഒരടി കൊടുത്താണ് മടങ്ങിയതെങ്കിലും ബോച്ചേയുടെ ബിസിനസ് സാമ്രാജ്യം ആ അടിയോടുകൂടി അടിക്കടി കയറുവാൻ തുടങ്ങി

സോഷ്യൽ മീഡിയയുടെ വരവോടുകൂടി ജനശ്രദ്ധ കൂടുതൽ കിട്ടുവാൻ ബോച്ചേ തള്ളു വർത്തമാനങ്ങൾ നിരന്തരം പ്രയോഗിച്ച് ട്രോളന്മാരുടെ ഇഷ്ട താരമായി തള്ളാശാൻ എന്ന പേരും സമ്പാദിച്ചു സോഷ്യൽ മീഡിയ താരമായി

ഏഴാംക്ലാസിൽ പഠിക്കുമ്പോൾ ഗേൾഫ്രണ്ടിന് കാണുവാൻ സ്വയം ഡ്രൈവ് ചെയ്തു ബാംഗ്ലൂർക്കു പോയതും മൈസൂറിലേക്കുള്ള യാത്രക്കിടയിൽ വീരപ്പന്റെ വിഹാരകേന്ദ്രമായ ബന്ഡിപ്പൂർ വനത്തിലെ റോഡിൽ വച്ചു തന്നെ ആക്രമിക്കുവാൻ വന്ന ഏഴങ്ക അക്രമി സംഘത്തെ ഒറ്റയ്ക്ക് അടിച്ചു വീഴ്ത്തി കയ്യിലിരുന്ന തോക്ക് ചൂണ്ടി പേടിപ്പിച്ചു ഓടിച്ചെന്നു വീരവാദം മുഴക്കിയതെല്ലാം ബോച്ചേയുടെ തള്ളുകളിൽ ചിലതു മാത്രമാണ്

തള്ളി തള്ളി ഒരുപാട് ആരാധകരെ സൃഷ്ടിച്ചെടുത്ത ബോച്ചെയ്ക്കു കേരളത്തിലെ മിക്കവാറും ജില്ലകളിൽ ഫാൻസ് അസോസിയേഷനലുകൾ ഉണ്ടെന്നാണ് ബോച്ചേ അവകാശപ്പെടുന്നത്

വ്യത്യസ്തത കാണിക്കുവാൻ പണം ധാരാളമായി ചിലവഴിക്കുന്ന ബോച്ചേ ഇരുപത്തിയഞ്ചു കോടിയുടെ റോൾസ് റോയിസ് കാറും വിലകൂടിയ ഹെലികോപ്റ്ററുകളും ടാക്സിയായി ഓടിപ്പിച്ചും സമൂഹത്തിൽ പേരെടുത്തു

ഓൺലൈൻ മാധ്യമ രംഗത്തെ കുലപതി ആയ മറുനാടൻ ഷാജനുമായി നിരന്തരം കൊമ്പുകോർക്കുന്ന ബോച്ചേ ആ വാക്പോരും തന്റെ പ്രശസ്തിയ്ക്കു ഉപയോഗിക്കുകയാണ്

ആഘോഷങ്ങൾ ജീവിതം ആക്കിയ ബോച്ചേ എല്ലാ വർഷവും ന്യൂഇയർ നു തനിക്കു നൃത്തം ചെയ്യുവാൻ മാത്രമായി വയനാട്ടിൽ ഗാനമേള സംഘടിപ്പിക്കാറുണ്ട്.



പേരെടുക്കുവാൻ ഏതറ്റം വരെയും പോകുന്ന ബോച്ചേ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരു പറ്റം യുവാക്കളുമായി മാരത്തോൺ ഓടിയും ചരിത്രം സൃഷ്ടിച്ചു

ഏതായാലും ഇപ്പോൾ ഒടുവിൽ പ്രശസ്ത സിനിമതാരവും മോഡലുമായ ഹണി റോസുമായുള്ള പ്രശ്നം ബോച്ചേയുടെ മൈലെജ് വർധിപ്പിക്കുമോ അതോ ബോച്ചേ തേനീച്ച കുത്തേറ്റു പിടയുമോ എന്നു കാത്തിരുന്നു കാണാം

# ഫോമാ വിമൻസ് ഫോറം കുളത്തൂപ്പുഴയിൽ പട്ടിക വർഗക്കാർക്ക് ടൂൾ കിറ്റ് വിതരണം ചെയ്തു






**എ.എസ് ശ്രീകുമാർ**

**ഫോമാ ന്യൂസ് ടീം**

കൊല്ലം: ജന്മനാടിനോടുള്ള പ്രതിബദ്ധതയുടെ വിളംബരമായി അമേരിക്കൻ മലയാളികളുടെ കേന്ദ്ര സംഘടനയായ ഫോമാ, വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ പരീശീലനം ലഭിച്ച പട്ടിക വർഗ മേഖലയിലുള്ളവർക്ക് ടൂൾകിറ്റ് വിതരണം ചെയ്തു. ജനുവരി 8-ാം തീയതി തീയതി രാവിലെ 11 മണിക്ക് കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമന മുരളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ് ഉദ്ഘാടനം ചെയ്തു. കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി ലൈലാബീവി സ്വാഗതമാശംസിച്ചു.

ഗുണഭോക്താക്കൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ടൂൾകിറ്റ് വാങ്ങുന്നതിന് ഫോമാ വിമൻസ് ഫോറമാണ് സാമ്പത്തിക സഹായം നൽകിയത്. കൊല്ലം കാനറാ ബാങ്ക് റൂറൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഫോമാ വിമൻസ് ഫോറം 2024-2026 നടത്തുന്ന 'ഉന്നതി'യെന്ന ആദ്യ ചാരിറ്റി പ്രവർത്തനമാണിതെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ചടങ്ങിൽ പട്ടിക വർഗ മേഖലയിലുള്ളവർക്ക് ജീവനോപാധിയായി 35 യുവതീ യുവാക്കൾക്കാണ് വിമൻസ് ഫോറം ട്രഷറർ ജൂലി ബിനോയി, ജോയിന്റ് ട്രഷറർ മഞ്ജു പിള്ള എന്നിവർ ചേർന്ന്

ടൂൾ കിറ്റുകൾ വിതരണം ചെയ്തത്.

നിർധനരായവരെ കൈപിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതിനായി ഫോമാ വിമൻസ് ഫോറം നടത്തുന്ന ഇത്തരത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ മാതൃകാപരവും ശ്ലാഘനീയവുമാണെന്ന് യോഗത്തിൽ വിശിഷ്ട സാന്നിധ്യമറിയിച്ച കാനറ ബാങ്ക് കൊല്ലം റീജിയൺ ഹെഡ് സുബ്ബ റാവു എം.വി.വി.എസ്.എസ് പറഞ്ഞു. ഫോമാ ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ് തുടങ്ങിയവർ സംസാരിച്ചു.

നേരത്തെ കാനറാ ബാങ്കുമായി കൈകോർത്ത് ഫോമാ കുളത്തൂപ്പുഴ മേഖലയിലെ പട്ടിക വർഗ സമൂഹത്തിനുവേണ്ടി ബാംബു ക്രാഫ്റ്റ് ട്രെയിനിങ് ക്ലാസ് സംഘടിപ്പിച്ചിരുന്നു. മുള ഉപയോഗിച്ച് പാത്രങ്ങളും കരകൗശല ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനുള്ള പരിശീലനം പൂർത്തിയാക്കുകയും തുടർന്നുള്ള പരീക്ഷയിൽ വിജയിക്കുകയും ചെയ്ത 35 യുവതീ യുവാക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഹാളിൽ വച്ച് ജില്ലാ കളക്ടർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിരുന്നു.

കരകൗശല ഉൽപ്പന്നങ്ങൾ നിർമിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫോമാ പണവും കൈമാറുകയുണ്ടായി. ഈ ഉപകരണങ്ങളാണ് വിതരണം ചെയ്തത്. കുടുംബശ്രീ മിഷനും ഗ്രാമീണ തൊഴിലുറപ്പ് മിഷനും അഞ്ചൽ ബ്ലോക്ക് പഞ്ചായത്തും കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തും ഫോമാ വിമൻസ് ഫോറത്തിന്റെ ചാരിറ്റി പ്രോഗ്രാമിന് പശ്ചാത്തലമൊരുക്കി.














# ട്രംപ് മോദി ബന്ധം: ആഗോള രാഷ്ട്രീയത്തിൽ പുതിയ അധ്യായം



അജു വാരിക്കാട്

2025 ജനുവരി 20 അമേരിക്കയെപ്പോലെ തന്നെ ഇന്ത്യക്കും ഒരു നിർണായക ദിവസം തന്നെയാണ്. അന്നാണ് ട്രംപ് 2.0 അധികാരത്തിലേക്ക് എത്തുന്നത്. അമേരിക്കൻ രാഷ്ട്രീയത്തിൽ ഏതാണ്ട് ഒരു തലമുറ മാറിമാറിവരുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ പങ്കും ഇപ്പോൾ ശ്രദ്ധേയമായിരിക്കുകയാണ്.

അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടിയും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാരും തമ്മിലുള്ള ബന്ധം കഴിഞ്ഞ കുറച്ച് വർഷങ്ങളായി ശക്തമായി വളരുന്നുണ്ട്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭരണകാലത്ത് ഇന്ത്യയുമായി രൂപപ്പെടുത്തിയ അടുത്ത ബന്ധം ഇപ്പോഴും പ്രസക്തമാണ്. ഇന്ത്യയെ പ്രോത്സാഹിപ്പിച്ചും, ചൈനയെ എതിർക്കുന്ന നിലപാടുകൾ സ്വീകരിച്ചും ട്രംപ് ആഗോള തലത്തിൽ ശക്തമായ നയങ്ങൾ നടപ്പാക്കിയിരുന്നു. ഇപ്പോഴത്തെ ബൈഡൻ സർക്കാർ ഇന്ത്യയുമായുള്ള ബന്ധം വഷളാക്കുന്നതിൽ ആയിരുന്നു ശ്രദ്ധ കേന്ദ്രീകരിച്ചത്. ബൈഡൻ ഭരണകൂടം അടാനി ഗ്രൂപ്പിനെതിരായ നടപടികൾ സ്വീകരിച്ച് കൊണ്ടിരിക്കുമ്പോൾ, കോൺഗ്രസ് മാൻ ലാൻസ് ഗൂഡൻ ഉൾപ്പെടെയുള്ള പ്രമുഖ റിപ്പബ്ലിക്കൻ നേതാക്കൾ ഇന്ത്യയോടുള്ള ബൈഡന്റെ സമീപനത്തെ വിമർശിച്ചുകൊണ്ട് രംഗത്തെത്തിയിരിക്കുന്നത് വ്യക്തമായ രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമാണ്.


## ഇന്ത്യയും ചൈനയും: സാമ്പത്തിക – രാഷ്ട്രീയ സംഘർഷം

ഇന്ത്യയും ചൈനയും തമ്മിലുള്ള സാമ്പത്തികവും സൈനികവുമായ പ്രശ്നങ്ങൾ ഏറെക്കാലമായി നിലനിൽക്കുന്നുണ്ട്. ചൈനീസ് കമ്പനികളുടെ ആഗോള വിപണിയിലെ സ്വാധീനത്തോട് അമേരിക്ക എങ്ങനെ പ്രതികരിക്കുമെന്ന് ഈ സമയത്ത് നിർണ്ണായകമാണ്.

ട്രംപിന്റെ അടുത്ത രാഷ്ട്രീയ അജണ്ടാ ചൈനയെ തകർക്കലായിരിക്കും എന്ന് എല്ലാ സൂചനകളും വ്യക്തമാക്കുന്നു. പെനാമ കനാലിന്റെ സുരക്ഷയും ചൈനയുടെ അനധികൃത ഇടപെടലുകളും ട്രംപ് ശക്തമായ ഭാഷയിൽ വിമർശിച്ച് പ്രഖ്യാപിച്ചിരിക്കുന്നത്, ചൈനയെ നേരിടാൻ കൂടുതൽ നടപടി സ്വീകരിക്കുമെന്ന് ഉറപ്പാക്കുന്നു.

ഇന്ത്യയുടെ ചൈനക്കെതിരായ നിലപാട് ട്രംപിന്റെ ചൈനയ്ക്കെതിരായ നിർണായക നീക്കങ്ങൾക്ക് അനുകൂലമാവും. ഇതിലൂടെ ഇന്ത്യയ്ക്കുള്ള നേട്ടം എന്താണെന്ന് വെച്ചാൽ ചൈനീസ് കമ്പനികളുടെ ഉത്പാദന കേന്ദ്രങ്ങൾ ഇന്ത്യയിൽ സ്ഥാപിക്കുന്നതിലൂടെ ഇന്ത്യക്ക് സാമ്പത്തിക നേട്ടവും തൊഴിൽ സാധ്യ

**ഇന്ത്യയിലെ ഏറ്റവും വലിയ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അദാനി ഗ്രൂപ്പിന് കരാറുകൾ ഉറപ്പാക്കാൻ ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് കോടിക്കണക്കിന് ഡോളർ കൈക്കൂലി നൽകിയെന്നാണ് പ്രധാന ആരോപണം. കോൺഗ്രസ്മാൻ ലാൻസ് ഗൂഡൻ ഉൾപ്പെടെയുള്ള പ്രമുഖ റിപ്പബ്ലിക്കൻ നേതാക്കൾ ഇന്ത്യയോടുള്ള ബൈഡന്റെ സമീപനത്തെ വിമർശിച്ചുകൊണ്ട് രംഗത്ത് എത്തിയിട്ടുണ്ട്.**



തകളും ലഭിക്കുമെന്നതാണ്. ട്രംപിന്റെ ചൈനയെ എതിർക്കുന്ന നിലപാട് മൂലം ചൈനയ്ക്ക് ഇന്ത്യയുമായി അടുത്ത ബന്ധം ഉണ്ടാവേണ്ടത് ആവശ്യമാണ്. അത്തരത്തിൽ ചൈനീസ് കമ്പനികൾക്ക് ഇന്ത്യയിൽ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ ഇന്ത്യക്ക് വൻ സാമ്പത്തിക നേട്ടമുണ്ടാകാനും സാധ്യതയുണ്ട്. ഇതിലൂടെ ഇന്ത്യയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, ഇന്ത്യയുടെ ജിഡിപി വളർച്ചയ്ക്ക് തുണയാകുകയും ചെയ്യും.

## ബൈഡൻ ഭരണകൂടത്തിന്റെ സമീപനം

ബൈഡൻ ഭരണകാലത്ത് ഇന്ത്യയുമായുള്ള സാമ്പത്തിക ബന്ധം നേരിയ തോതിൽ തണുത്തിരിക്കുകയാണ്. കൂടുതൽ നിക്ഷേപകരെ ഇന്ത്യയിൽ എത്തിക്കുന്നതിന് യാതൊരു പ്രോത്സാഹനവും ലഭ്യമാക്കാത്തത് ഇന്ത്യയുടെ വളർച്ചയെ ബാധിച്ചിട്ടുണ്ട്. എന്നാൽ, ട്രംപ് വീണ്ടും അധികാരത്തിൽ എത്തുന്നതോടെ ഇന്ത്യയുമായി കൂടുതൽ നല്ല ബന്ധങ്ങൾ കൈവരിക്കാൻ സാധ്യതയുണ്ട്.

## അദാനി ഗ്രൂപ്പിനെതിരായ യുഎസ് നടപടികൾ

അദാനി ഗ്രൂപ്പിന്റെ ചെയർമാൻ ഗൗതം അദാനിക്കെതിരെ യുഎസിൽ അഴിമതിയുടെയും കൈക്കൂലിയുടെയും കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുകയാണ്. യുഎസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ (എസ്ഇസി) ആണ് ഈ കേസുകൾ ഫയൽ ചെയ്തിരിക്കുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ, അദാനി ഗ്രൂപ്പിന്റെ ഓഹരികൾ വിപണിയിൽ വലിയ ഇടിവ് നേരിട്ടു. ഇന്ത്യയിലെ ഏറ്റവും വലിയ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതിന് അദാനി ഗ്രൂപ്പിന് കരാറുകൾ ഉറപ്പാക്കാൻ ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് കോടിക്കണക്കിന് ഡോളർ കൈക്കൂലി നൽകിയെന്നാണ് പ്രധാന ആരോപണം. കോൺഗ്രസ്മാൻ ലാൻസ് ഗൂഡൻ ഉൾപ്പെടെയുള്ള പ്രമുഖ റിപ്പബ്ലിക്കൻ നേതാക്കൾ ഇന്ത്യയോടുള്ള ബൈഡന്റെ സമീപനത്തെ വിമർശിച്ചുകൊണ്ട് രംഗത്ത് എത്തിയിട്ടുണ്ട്.



ട്രംപിന്റെ ഭരണകൂടം ചൈനയെ പ്രധാന എതിരാളിയായി കാണുകയും, ചൈനീസ് സ്വാധീനത്തെ ചെറുക്കാൻ ശക്തമായ നയങ്ങൾ സ്വീകരിക്കുകയും ചെയ്താൽ, ഇത് ഇന്ത്യയുമായി അടുത്ത ബന്ധം വളർത്താൻ സഹായകമാവും. ഇന്ത്യയും അമേരിക്കയും ചേർന്ന് ചൈനയുടെ ആഗോള സ്വാധീനത്തെ കുറയ്ക്കാൻ ശ്രമിക്കുന്നതായി നിരീക്ഷകർ വിലയിരുത്തുന്നു.

## ഇന്ത്യ–അമേരിക്ക ബന്ധത്തിന്റെ ഭാവി

ട്രംപിന്റെ നേതൃത്വത്തിൽ, ഇന്ത്യയുമായുള്ള അടുത്ത ബന്ധം മാത്രമല്ല, സാമ്പത്തിക സഹകരണവും സൈനിക സഹകരണവും കൂടുതൽ ശക്തിപ്പെടും. ഇത് ഇന്ത്യയുടെ ആഗോള നിലപാടിനെ കൂടുതൽ ശക്തിപ്പെടുത്തുകയും, രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ഇന്ത്യയും യുഎസും തമ്മിലുള്ള ഈ അടുപ്പം ഇരുരാജ്യങ്ങൾക്കുമുള്ള ഗുണകരമായ വളർച്ചയ്ക്ക് വഴിയൊരുക്കും. രാഷ്ട്രീയ വിശകലനത്തിൽ നിന്ന് കാണുന്നതുപോലെ, ട്രംപ്-മോദി ബന്ധം ഒരു മികച്ച ഭാവിക്ക് അടിത്തറയിടുകയാണ്. ബൈഡൻ സർക്കാരിന്റെ ചില നയങ്ങൾക്കുള്ള വിമർശനങ്ങൾക്കിടയിലും, ഇന്ത്യ-അമേരിക്കയുടെ റിപ്പബ്ലിക്കൻ പാർട്ടി ബന്ധം ഒരു ശക്തമായ സാമ്പത്തിക, രാഷ്ട്രീയ സഖ്യമായി മുന്നോട്ട് പോവുന്നു. ഈ സൗഹൃദം ഇന്ത്യയുടെ സാമ്പത്തിക വളർച്ചക്കും, ആഗോള നിലപാടിനും നിർണ്ണായകമാകും എന്നുതന്നെയാണ് വിലയിരുത്തുന്നത്. കാത്തിരുന്നു കാണാം.


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ഫൊക്കാനാ പെൻസിൽവാനിയ റീജിയണൽ കൺവെൻഷൻ പ്രൗഢഗംഭീരമായി




**സന്തോഷ് എബ്രഹാം**
**(ഫൊക്കാന മീഡിയ ടീം)**

പെൻസൽവേനിയ : 41 വർഷത്തെ പാരമ്പര്യം പേറുന്ന പ്രവാസികളുടെ നോർത്തമേരിക്കൻ ആൻഡ് കാനഡയിലെ ഏറ്റവും വലിയ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പെൻസിൽവേനിയ റീജണൽ കൺവെൻഷൻ പ്രൗഢഗംഭീരമായി ജനുവരി അഞ്ചാം തീയതി അഞ്ചു പി എം മുതൽ ഫിലഡൽഫിയ ക്രിസ്റ്റോസ് മാർത്തോമാ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നിറഞ്ഞ കവിഞ്ഞ സദസിൽ നടത്തപ്പെട്ടു.

റീജണൽ വൈസ് പ്രസിഡണ്ട് ഷാജി സാമുവേൽന്റെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗ് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആൻറണി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ പെൻസിൽവേനിയ സ്റ്റേറ്റ് സെനറ്റർ നിഖിൽ സിവർ,ുവശഹമറലഹുവശമ സിറ്റി കൗൺസിലർ ഡോക്ടർ നീനാ അഹമ്മദ്, പെൻസിൽവേനിയ ഗവർണറുടെ ഏഷ്യൻ അഫേഴ്സ് കമ്മിറ്റിഡയറക്ടർ റൈസിൻ കരു, ഫൊക്കാനാ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാന ട്രഷർ ജോയി ചാക്കപ്പൻ എന്നിവർ ആശംസകൾ നേർന്നു.

പൊതുസമ്മേളനത്തിൽ വച്ച് സമൂഹത്തിൻറെ നാനാതുറകളിൽ ചെയ്ത സേവനങ്ങളെ മുൻനിർത്തി ബ്ലസൻ മാത്യുവിനും, അറ്റോർണി ജോസ് കുന്നേലിനും, വിൻസെൻറ് ഇമ്മാനുവേലിനും കമ്മ്യൂണിറ്റി അവാർഡുകൾ നൽകി ആദരിക്കുകയുണ്ടായി. ഫൊക്കാന അസോസിയേറ്റ് ട്രഷറർ മിലി ഫിലിപ്പ് സ്വാഗതവും റീജണൽ സെക്രട്ടറി എൽദോ വർഗീസ് കൃതജ്ഞതയും രേഖപ്പെടുത്തി.

ഫൊക്കാന നേതാക്കളായ ഫിലിപ്പോസ് ഫിലിപ്പ്, സുധ കർത്താ,തോമസ് തോമസ് , മത്തായി ചാക്കോ, ജീമോൻ വർഗീസ്, സുധീപ് നായർ,ബ്ലസൻ മാത്യു , സ്കറിയ പെരിയാപ്പുറം,രാജൻ സാമുവൽ , ലിസി തോമസ് , ജോർജ് നടവയൽ , ദേവസി പാലാട്ടി, മാത്യു ചെറിയാൻ,അലക്സ് തോമസ് , സന്തോഷ് എബ്രഹാം , അഭിലാഷ് ജോൺ , ഫ്രാൻ



സിസ് കാരക്കാട് , റോണി വർഗീസ് തുടങ്ങി നിരവധി നേതാക്കൾ പങ്കെടുത്തു.

പൊതുസമ്മേളനത്തിൽ എംസി ആയി മിലി ഫിലിപ്പും കൾച്ചറൽ പ്രോഗ്രാം ഇൻറെ എംസി ആയി ഫെയ്ത്ത് എൽദോയും പ്രവർത്തിച്ചു.

ബിജു എബ്രഹാമിന്റെ മനോഹരമായ ഗാനത്തോടുകൂടി ആരംഭിച്ച കൾച്ചർ പ്രോഗ്രാമുകൾ മികവുറ്റതായിരുന്നു എന്ന് കാണികൾ അഭിപ്രായപ്പെട്ടു.

എക്സറ്റൺ മലയാളി അസോസിയേഷന്റെയും കടവിന്റെയും പ്രോഗ്രാമുകൾ മികച്ച നിലവാരം പുലർത്തി. അലിക റേച്ചൽ തോമസിൻറെ ഡാൻസും ശ്രദ്ധിക്കപ്പെട്ടു.

സമയബന്ധിതമായി പ്രോഗ്രാമുകൾ കഴിഞ്ഞതായി ചടങ്ങിൽ സംബന്ധിച്ച ഏവരും അഭിപ്രായപ്പെട്ടു.















# ചിക്കാഗോ മലയാളി അസോസിയേഷന്റെ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് സൃഷ്ടിപരമായി



**എ.എസ് ശ്രീകുമാർ**

തിരുവനന്തപുരം: നോർത്ത് അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളി സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ്, ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളുടെ കാലിക പ്രസക്തികൊണ്ടും വിശിഷ്ട വ്യക്തിത്വങ്ങളുടെ സാന്നിധ്യത്താലും സൃഷ്ടിപരമായി. വിവര സാങ്കേതിക വിദ്യ, ആരോഗ്യം, ജൈവ സാങ്കേതിക വിദ്യ, ബഹിരാകാശ ശാസ്ത്രം, കയറ്റുമതി-ഇറക്കുമതി, നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലെ ലോകത്തിന്റെ വളർച്ചയും കേരളത്തിന്റെ നേട്ടങ്ങളും സംബന്ധിച്ച് ''ലെറ്റ്സ് റൈസ് റ്റുഗെദർ'' എന്ന ആശയത്തിന്റെ വെളിച്ചത്തിൽ നടത്തിയ ചർച്ചയായിരുന്നു കോൺക്ലേവിന്റെ ഹൈലൈറ്റ്.

തിരുവനന്തപുരത്തെ കെ.റ്റി.ഡി.സി മാസ്കോട്ട് ഹോട്ടലിലെ സിംഫണി ഹാളിൽ 2025 ജനുവരി 7-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5.30-ന് ആരംഭിച്ച കോൺക്ലേവ് അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ വ്യക്തിയും കോൺഗ്രസ് നേതാവും സ്ഥലം എം.പിയുമായ ശശി തരൂർ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ബഹുതലസ്പർശിയായ വിഷയങ്ങൾ ചർച്ചയ്ക്കെടുക്കാൻ ഇത്തരത്തിൽ ഒരു കോൺക്ലേവ് സംഘടിപ്പിച്ച ചിക്കാഗോ മലയാളി അസോസിയേഷനെ അദ്ദേഹം പ്രശംസിച്ചു. അമേരിക്കൻ മലയാളികൾ ശരിക്കും 'എൻ.ആർ.ഐ' ആണ്. അതായത് 'നാഷണൽ റിസർവ് ഓഫ് ഇന്ത്യ' എന്ന് അദ്ദേഹം വിശേഷിപ്പിച്ചു.



തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ലീഡേഴ്സിന്റെ ഭാഗത്തുനിന്ന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്, തൊഴിൽ വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി ഐ.എ.എസ്, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തേമസ്, മഹാത്മാ ഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലറും കേരളത്തിലെ ആദ്യ വനിത വി.സിയുമായ ഡോ. ജാൻസി ജെയിംസ്, കേരള കേഡറിലെ ആദ്യ വനിതാ ഐ.പി.എസ്. ഉദ്യോഗസ്ഥയായ ആർ ശ്രീലേഖ എന്നിവർ സംസാരിച്ചു.

ബിസിനസ് ലീഡർമാരുടെ പാനലിൽ നിന്ന് പ്രമുഖ വ്യവസായിയും ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ്, ദക്ഷിണേന്ത്യൻ വ്യവസായിയും സിനിമ നിർമാതാവും നടനുമായ ഗോകുലം ഗോപാലൻ, ടൂറിസം അഡ്വൈസറി ബോർഡ് അംഗവും കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി പ്രസിഡന്റുമായ ഇ.എം നജീബ്, എ.വി.എ



ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ ഡോ. എ.വി. അനൂപ് തുടങ്ങിയവർ അഭിപ്രായങ്ങൾ പങ്കുവച്ചു. അരൂജ ഡെന്നി മോഡറേറ്ററായിരുന്നു.

പാനൽ ചർച്ചയ്ക്ക് ശേഷം കവി, ഗാനരചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത്, വാഗ്മി എന്നീ നിലകളിൽ കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാഹിത്യ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച മുൻ ചീഫ് സെക്രട്ടറിയും ഇത്തവണത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവുമായ കെ ജയകുമാറിനെ ധനമന്ത്രി കെ.എൻ ബാലഗോപാൽ പൊന്നാടയണിയിച്ച് ആദരിച്ചു. ചിക്കാഗോ മലയാളി അസോസിയേഷന്റെ ആദരവ് ഏറ്റുവാങ്ങിയ അദ്ദഹം വിവിധ രംഗങ്ങളിൽ അമേരിക്കൻ മലയാളികളുടെ സാന്നിധ്യം കേരളത്തിൻഎന്നും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചു.

മാതൃകാപരമായി ബിസിനസ് ചെയ്യാൻ പറ്റിയ അന്തരീക്ഷം കേരളത്തിലുണ്ടെന്നും ഇതുസംബന്ധിച്ചുള്ള ആശങ്കകൾ ദൂരീകരിക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി കെ.എൻ ബാലഗോപാൽ, കോൺക്ലേവിന് ആശംസകൾ നേർന്നുകൊണ്ട് വ്യക്തമാക്കി. രാജ്യത്തിന്റെ വളർച്ചയോടൊപ്പം നല്ല നിലയിൽ ജീവിക്കാനുള്ള അന്തരീക്ഷം കേരളത്തിലും സംജാതമായിക്കഴിഞ്ഞുവെന്ന് ജല വിഭവ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.



അമേരിക്കൻ മലയാളികളുടെ കേന്ദ്ര സംഘടനയായ ഫോമാ ജൻമനാട്ടിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് സംഘടനയുട നാഷണൽ പ്രസിഡന്റ് ബേബി മണക്കുന്നേൽ വിശദീകരിച്ചു. വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ച് ഫോമാ എന്നും ജൻമഭൂമിയോടൊപ്പമുണ്ടവുമെന്ന് അദ്ദേഹം പറഞ്ഞു.

പൊതു സമ്മേളനത്തിൽ മുൻമന്ത്രി ആന്റണി രാജു, സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ജോണി കുരുവിള, വേൾഡ് മലയാളി





കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് തോമസ് മൊട്ടയ്ക്കൽ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, കോൺഗ്രസ് നേതാവ് പന്തളം സുധാകരൻ തുടങ്ങിയവർ ആശംസകൾ നേർന്നു.

കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, മുൻ എം.പി എ.എം ആരീഫ്, മജീഷ്യൻ ഗോപിനാഥ് മുതുകാട്, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ഫോമാ 2026 കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, ജിജു കുളങ്ങര തുടങ്ങിയവരും സന്നിഹിതരായിരുന്നു.

നോർത്ത് അമേരിക്കയിലെ വിവധ സംഘടനാ പ്രതിനിധികളും കേരളത്തിലെ കലാ-സാംസ്കാരിക-രാഷ്ട്രീയം ഉൾപ്പെടെയുള്ള പല രംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളും തമ്മിൽ ആരോഗ്യകരമായ ആശയവിനിമയം നടത്തി പരസ്പരം വിവരങ്ങൾ കൈമാറുകയെന്നതാണ് ഈ കോൺക്ലേവിലൂടെ ഉദ്ദേശിച്ചതെന്നും ഏവരുടെയും സജീവമായ പങ്കാളിത്തംകൊണ്ട് ലക്ഷ്യം സാക്ഷാത്കരിച്ചുവെന്നും ഇവന്റ് ഓർഗനൈസർ ജോസ് മണക്കാട്ട് പറഞ്ഞു.



ചിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ആൽവിൻ ഷുക്കൂർ സ്വാഗതവും വൈസ് പ്രസിഡന്റ് ഫിലിപ്പ് ലൂക്കോസ് പുത്തൻപുരയിൽ നന്ദിയും പറഞ്ഞു. സംഘടനയുടെ പ്രസിഡന്റ് ജെസി റിൻസി, ട്രഷറർ മനോജ് അച്ചേട്ട്, ജോയിന്റ് സെക്രട്ടറി വിവിഷ് ജേക്കബ്, ജോയിന്റ് ട്രഷറർ സിബിൾ ഫിലിപ്പ്, ബോർഡ് മെമ്പർ ആഗ്നസ് മാത്യു തുടങ്ങിയവർ കോൺക്ലേവിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കഴിഞ്ഞ 52 വർഷമായി ചിക്കാഗോ മലയാളികൾക്ക് താങ്ങും തണലുമായി നിലകൊള്ളുന്ന ചിക്കാഗോ മലയാളി അസോസിയേഷൻ മാതൃകാപരമായ ജനപക്ഷ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.




Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck / Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# 2024-ലെ ന്യൂയോർക്ക് കർഷകശ്രീ, പുഷ്പശ്രീ അവാർഡുകൾ പ്രഖ്യാപിച്ചു

## ശ്രീകുമാർ ഉണ്ണിത്താൻ കർഷകശ്രീ; ലാലി കളപ്പുരക്കൽ പുഷ്പശ്രീ


**മാത്യൂക്കുട്ടി ഈശോ**

ന്യൂയോർക്ക്: പരിമിത കാലാവസ്ഥയിൽ പച്ചക്കറി കൃഷി ചെയ്യുവാൻ തൽപ്പരായവരെയും വീടുകളുടെ മുൻഭാഗം പൂന്തോട്ടങ്ങളാൽ മനോഹരമാക്കുവാൻ പരിശ്രമിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്ന മലയാളി കൂട്ടായ്മയാണ് 'അമേരിക്കൻ കർഷകശ്രീ ന്യൂയോർക്ക്'. ന്യൂയോർക്കിലെ ക്വീൻസ് - ലോങ്ങ് ഐലൻഡ് കേന്ദ്രീകൃതമായി 2009-ൽ സ്ഥാപിതമായ പ്രസ്തുത മലയാളി കൂട്ടായ്മ 2024-ലെ കർഷകശ്രീ - പുഷ്പശ്രീ ജേതാക്കളെ പ്രഖ്യാപിച്ചു. ഫൊക്കാനാ നാഷണൽ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനാണ് ഈ വർഷത്തെ കർഷകശ്രീ അവാർഡ് ജേതാവ്.

ലോങ്ങ് ഐലൻഡ് മലയാളി സമൂഹത്തിൽ വിവിധ സംഘടനകളിലൂടെ സാമൂഹിക പ്രവർത്തനങ്ങളിൽ വ്യാപൃതയായ ലാലി കളപ്പുരക്കലിനാണ് പുഷ്പശ്രീ അവാർഡ് ലഭിച്ചത്.

മുൻ സ്പോർട്സ് താരവും അത്‌ലറ്റിക്സിൽ ഏഷ്യൻ ഗെയിംസ് ജേതാവുമായ ബെന്നി ജോണിനാണ് കർഷകശ്രീ അവാർഡ് രണ്ടാം സ്ഥാനം ലഭിച്ചത്. ലോങ്ങ് ഐലൻഡ് ഭാഗത്തെ സ്ഥിര താമസക്കാരനും കൃഷി തല്പരനുമായ റോയി മാണി കർഷകശ്രീ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ബാബിലോണിൽ താമസിക്കുന്ന കാതൊലിക് ഹെൽത്ത് കെയറിൽ നേഴ്‌സായ സുഷമാ സ്വർണ്ണകുമാർ പുഷ്പശ്രീ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്വീൻസ് ബെല്ലറോസിൽ താമസക്കാരിയായ ഷേർളി പ്രാലേൽ പുഷ്പശ്രീ മത്സരത്തിൽ മൂന്നാം സമ്മാനാർഹയായി.

''കർഷകശ്രീ''-ക്കുള്ള ഒന്നാം സമ്മാനമായ എവർ റോളിങ്ങ് ട്രോഫി പ്രമുഖ വ്യവസായിയും എറിക് ഷൂസ്, ഹാനോവർ ബാങ്ക് എന്നിവയുടെ സാരഥിയുമായ വർക്കി എബ്രഹാമാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. ''പുഷ്പശ്രീ''-യുടെ ഒന്നാം സമ്മാനമായി എവർ റോളിങ്ങ് ട്രോഫി ഡാള്ളസിലുള്ള പ്രമുഖ വ്യവസായിയും യാക്കോബായ സഭാ കമ്മാൻഡറുമായ വർഗ്ഗീസ് ചാമത്തിലാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. അവാർഡ് ജേതാക്കൾക്ക് പ്രത്യേക സമ്മാനദാന ചടങ്ങിൽ വച്ച് പിന്നീട് ട്രോഫികൾ സമ്മാനിക്കുന്നതാണ്.






# ജോഷ്വാ ദീർഘദർശിയുടെ ജീവിത മാതൃക അനുകരണീയം



**പി .പി ചെറിയാൻ**

ഫിലാഡൽഫിയ:പടുകൂറ്റൻ തിരമാലകൾ ആഞ്ഞടിക്കുകയും,കര കവിഞ്ഞൊഴുകുകയും ചെയ്യുന്ന ജോർദാൻ നദിയുടെ മുപിൽ പതറാതെ പിടിച്ചു നിൽക്കുന്നതിനും ആ പ്രതിസന്ധിയെ വിജയകരമായി തരണം ചെയ്തു ഇസ്രായേൽ ജനത്തെ മുന്നോട്ടു നയിക്കുന്നതിനും ജോഷുവാക്ക് ദൈവീക കൃപ അനവരതം ലഭിച്ചുവെങ്കിൽ ആ ദൈവം നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികൾ അഭിമുഘീകരിക്കേണ്ടിവരുമ്പോൾ താങ്ങായി തണലായി നമ്മോടൊപ്പം ഉണ്ടായിരിക്കുമെന്നു സുവിശേഷ പ്രാസംഗീകനും കാർഡിയോളോജിസ്റ്റുമായ ഡോ. വിനോ ജോൺ ഡാനിയേൽ ഉധബോധിപ്പിച്ചു .

2025 വർഷത്തെ പ്രഥമ രാജ്യാന്തര പ്രെയർലൈൻ( 556ാംമത്) ജനുവരി 7 ചൊവ്വാഴ്ച വൈകിട്ട് സംഘടിപ്പിച്ച യോഗത്തിൽ ജോഷ്വാ അധ്യായം 3ന്റെ :1മുതൽ 11 വാഖ്യങ്ങളെ ആധാരമാക്കി മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. വിനോ ജോൺ . മുൻപ് നടന്നു വന്ന വഴിയിൽ ശക്തി പകർന്ന,ഇപ്പോഴത്തെ അവസ്ഥയിൽ എന്തുചെയ്യണമെന്ന തിരിച്ചറിവ് നൽകിയ ,മുന്നിലുള്ള വഴികാട്ടിയായി പരിശുദ്ധാത്മാവിനെ സ്വീകരിച്ച ജോഷ്വ ജീവിതത്തിൽ അനുഗ്രഹിക്കപെട്ടതു ജീവിത മാതൃകയായി നാം സ്വീകരിക്കണമെന്നും വിനു ജോൺ പറഞ്ഞു.

ശ്രീ ടി.ജി. എബ്രഹാം(ചിക്കാഗോ) പ്രാരംഭ പ്രാർത്ഥനയോടെ, മുന്നിലുള്ള ആരംഭിച്ച യോഗത്തിൽ ഐപിഎൽ കോർഡിനേറ്റർ സി. വി. സാമുവേൽ സ്വാഗതമാശംസിക്കുകയും, മുഖ്യതിഥി ഡോ. വിനോ ജെ. ഡാനിയേനെ പരിചയപ്പെടുത്തുകയും ചെയ്തു. ശ്രീ. എബ്രഹാം കെ. ഇടിക്കുള, ഹൂസ്റ്റൺ, മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി .ചിക്കാഗോയിൽ നിന്നുള്ള ശ്രീമതി അമ്മിണി എബ്രഹാം,നിശ്ചയിക്കപ്പെട്ട പാഠഭാഗം വായിച്ചു

വിവാഹ വാർഷീകവും ജന്മദിനവും ആഘോഷിച്ചവരെ സി. വി. സാമുവേൽ അനുമോദിച്ചു. .ഐ പി എൽ സംഘടിപ്പിക്കുന്ന പ്രതിവാര പ്രാർത്ഥനാ യോഗങ്ങളിൽ നിരവധി പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സംബന്ധിച്ചിരുന്നുവെന്നു കോർഡിനേറ്റർ ടി.എ. മാത്യു പറഞ്ഞു.തുടർന്ന് നന്ദി രേഖപ്പെടുത്തി .പാസ്റ്റർ ടി.വി. ജോർജ്ജ് ഡാളസ്,സമാപന പ്രാർത്ഥനയും ആശീർവാദവും നിർവഹിച്ചു.ഷിബു ജോർജ് ഹൂസ്റ്റൺ, ശ്രീ ജോസഫ് ടി ജോർജ്ജ് (രാജു), ഹൂസ്റ്റൺ എന്നിവർ ടെക്നിക്കൽ കോർഡിനേറ്ററായിരുന്നു

# മുഖ്യമന്ത്രിയെയും കേന്ദ്രമന്ത്രി സുരേഷ് ഗോപിയെയും ഫോമാ കൺവൻഷനിലേക്കു ക്ഷണിച്ചു




തിരുവനന്തപുരം: ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോ. സെക്രട്ടറി പോൾ ജോസ് എന്നിവരുടെ നേതൃത്വത്തിലുള്ള മുഖ്യമന്ത്രി പിണറായി വിജയനെയും കേന്ദ്രമന്ത്രി സുരേഷ് ഗോപിയെയും സന്ദർശിച്ചു. ഇരുവരെയും അടുത്ത വര്ഷം ജനുവരിയിൽ നടക്കുന്ന കേരള കണ്വന്ഷനിലേക്കു ക്ഷണിക്കുകയും ചെയ്തു.

കൺവൻഷൻ കോട്ടയത്തോ എറണാകുളത്തോ ആയിരിക്കുമെന്നും സ്ഥലം തീരുമാനിച്ചിട്ടില്ലെന്നും പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. ഇക്കാര്യം പിന്നീട് അറിയിക്കും. പങ്കെടുക്കുവാൻ താല്പര്യമുണ്ടെന്ന് ഇരുവരും അറിയിച്ചു.

ഫോമാ വയനാട്ടിലെ ദുരിതബാധിതർക്കായി വീട് നിർമ്മിക്കുന്ന പദ്ധതിയും മുഖ്യമന്ത്രിയോട് അദ്ദേഹം വിശദീകരിച്ചു. കേരളത്തിൽ നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളും അറിയിച്ചു.

അസുഖബാധിതനായതിനാൽ സുരേഷ് ഗോപിയുമായി കാര്യമായി ചർച്ച ഉണ്ടായില്ല. മുഖ്യമന്ത്രിയുടെ സെക്രട്ടറി രാജേഷ്, എ.ഡി.ജി.പി. വിജയൻ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിവരേയും സംഘം സന്ദർശിച്ചു

ആർ.വി.പി. ബിജു ലോസൻ , ജിജു കുളങ്ങര, മാത്യു വർഗീസ്, സുബിൻ കുമാരൻ, മാധ്യമപ്രവർത്തകരായ പ്രതാപൻ, ജോർജ് ജോസഫ് തുടങ്ങിയവരും പങ്കെടുത്തു.









SECRETARIAT




LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the
App Store
ANDROID APP ON
Google play
Available in App Store or Google Store
Scan the
QR Code
for instant
download
Download
'MediaAppUSA'

# അമേരിക്കൻ മലയാളി ജീമോൻ ജോർജ് നിർമ്മിക്കുന്ന 'ശുക്രൻ' ചിത്രീകരണം തുടങ്ങി



കേരള രാഷ്ട്രീയത്തിലെ രണ്ട് ജനപ്രതിനേതാക്കളായ തിരുവഞ്ചൂർ രാധാകൃഷ്ണന്റേയും, ചാണ്ടി ഉമ്മന്റേയും സാന്നിദ്ധ്യത്തിലൂടെ ഒരു പുതിയ സിനിമക്കു തുടക്കമിട്ടു. ഉബൈനി സംവിധാനം ചെയ്യുന്ന ''ശുക്രൻ'' എന്ന ചിത്രമാണ്. അത്യപൂർവ്വമായ ഈ ചടങ്ങിലൂടെ ആരംഭിച്ചത്.

ജനുവരി ഏഴ് ചൊവ്വാഴ്ച്ച കോട്ടയത്തെ പനച്ചി ക്കാട്ടു വച്ചായിരുന്നു ഈ ചടങ്ങ് അരങ്ങേറിയത്. നീൽസിനിമാസ്, &, സൂര്യ ഭാരതിക്രിയേഷൻ സിന്റെ ബാനറിൽ മനോജ് കുമാർ. കെ.പി, ഷാജി. കെ. ജോർജ്, ഷിജു. കെ. ടോം, എന്നിവരാണ് ഈ ചിത്രം നിർമ്മിക്കുന്നത്.

കോ- പ്രൊഡ്യൂസേർസ് ജീമോൻ ജോർജ്, ഗിരീഷ് പാലമൂട്ടിൽ, സഞ്ജു നെടുംകുന്നേൽ.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചപ്പോൾ, ശ്രീ ചാണ്ടി ഉമ്മൻ ഫസ്റ്റ്

ണം ആരംഭിച്ചത്. ബിബിൻ ജോർജും, കോട്ടയം നസീറുമാണ് ആദ്യരംഗത്തിൽ അഭിനയിച്ചത്.

തന്റെ അപ്പയെ മനോഹരമായി അനുകരിക്കുന്ന കലാകാരനാണ് കോട്ടയം നസീർ. കുറച്ചു നാൾ മുമ്പ് നസീർ നടത്തിയ ഒരു പ്രസ്താവനയാണ് ഇപ്പോൾ എന്റെ ശ്രദ്ധയിൽ വരുന്നത്. ഞാനിനി ഉമ്മൻ ചാണ്ടി സാറിനെ അനുകരിക്കില്ലായെന്നായിരുന്നു

ശേഷം നസീറിനെ നേരിട്ട് കാണുന്നത് ഇപ്പോഴാണ്. എന്റെ അപ്പയെ ഇനിയും നിങ്ങൾ അനുകരിക്കണം,അഭ്യർത്ഥനയാണ്.

മനുഷ്യ മനസ്സിൽ ഇന്നും ജീവിക്കുന്ന മനുഷ്യനാണ് എന്റെ അപ്പ. അദ്ദേഹത്തെ അനുകരിക്കുന്നതു കാണുന്നത് ഏറെ സന്തോഷമാണ്. നസീറിനെ ചേർത്തു നിർത്തിയാണ് ചാണ്ടി ഉമ്മൻ ഇതു സൂചിപ്പിച്ചത്.



നീണ്ട കരഘോഷത്തോടെ യാണ് ചാങ്ങി ഉമ്മന്റെ ഈ അഭ്യർത്ഥനയെ തിങ്ങിക്കൂടിയവർ സ്വാഗതം ചെയ്തത്.

'' ഇവിടെ തുടങ്ങുന്ന ഏതു കാര്യവും വിജയമാകും. ഞാൻ പോലും.....'' തിരുവഞ്ചൂർ ഈ ആശംസ നേർന്നപ്പോഴും, നീണ്ട ചിരിയും, കരഘോഷവും ഉയർന്നു. തങ്ങളുടെ നാട്ടിൽ ചിത്രീകരണത്തിനെത്തിയ അണിയറ പ്രവർത്തകർക്ക് ഏറെ വിജയാശംസകൾ നേർന്നാണ് നേതാക്കൾ മടങ്ങിയത്. ഒരേ ലക്ഷ്യം നിറവേറ്റാൻ രണ്ടു സുഹ്റുത്തുക്കൾ നടത്തുന്ന ശ്രമങ്ങളുടെ രസാകരമായ ചലച്ചിത്രാവിഷ്ക്കാരണമാണ് ഈ ചിത്രം.

ആരാണ് ലക്ഷ്യം നേടുക എന്നതാണ് ഈ ചിത്രം നൽകുന്ന ഉത്തരം. ബിബിൻ ജോർജും ചന്തുനാഥുമാണ് ഈ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. റൊമാന്റിക്ക് കോമഡി ത്രില്ലറിലാണ് ഈ ചിത്രത്തിന്റെ അവതരണം. ഷൈൻ ടോം ചാക്കോയും, ലാലു അലക്സും ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ആദ്യപ്രഭയാണ് നായിക. അസീസ് നെടുമങ്ങാട്, സന്തോഷ് കീഴാറ്റൂർ,.ബിനു തൃക്കാക്കര , അജയ് വാസുദേവ്, മധു പുന്നപ്ര, കലാഭവൻ റഹ്മാൻ,ഷാജി. കെ. ജോർജ്, ജീമോൻ ജോർജ്, ഷിജു കെ. ടോം, സഞ്ജു നെടുംകുന്നേൽ, ദിലീപ് റഹ്മാൻ,ഷാജു ഏബ്രഹാം,തുഷാര പിള്ള, സ്മിനു സിജോ, ദിവ്യാ എം. നായർ, ലേഖാ നായർ, ജയ,ബേബി ഇശൽ, മാസ്റ്റർ നവനീത്, എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു.

രചന- രാഹുൽ കല്യാൺ. ഗാനങ്ങൾ വയലാർ ശരത്ചന്ദ്ര വർമ്മ രാജീവ് ആലുങ്കൽ. സംഗീതം -സ്റ്റിൽജു അർജുൻ. കായാഗ്രഹണം മെൽവിൻ കുരിശിങ്കൽ. കലാസംവിധാനം അസീസ് കരുവാരക്കുണ്ട്. മേക്കപ്പ്- സിജേഷ് കൊണ്ടോട്ടി. കോസ്റ്റും ഡിസൈൻ ബ്യൂസി ബേബി ജോൺ. ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ -ബോബി സത്യശീലൻ. പ്രൊജക്റ്റ് ഡിസൈൻ- അനുക്കുട്ടൻ ഏറ്റുമാന്നൂർ. പ്രൊഡക്ഷൻ മാനേജർ അനീഷ് തിരുവഞ്ചൂർ. പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ജസ്റ്റിൻ കൊല്ലം. പ്രൊഡക്ഷൻ കൺട്രോളർ ദിലീപ് ചാമക്കാല. കോട്ടയം, ഏറ്റുമാന്നൂർ,കിടങ്ങൂർ, തിരുവഞ്ചൂർ ഭാഗങ്ങളിലായി ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയാകും.

-വാഴൂർ ജോസ്.

ഫോട്ടോ വിഷ്ണു ആമി.










USA - CANADA TOUR
MAY-JUNE 2025
STAR ENTERTAINMENT
PRESENTS
cine Star Nite 2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189

# ലൈംഗിക പരാമർശത്തിൽ ഹണിയുടെ നിയമ ട്രാപ്പിൽ കുടുങ്ങി 'ബോചെ'



എ.എസ് ശ്രീകുമാർ

തന്റെ ശരീരപ്രകൃതിയെയും വസ്ത്രധാരണ രീതിയെയും കുറിച്ച് സോഷ്യൽ മീഡിയയിൽ ലൈംഗിക ചുവയുള്ള അശ്ലീല കമന്റുകൾ ഇട്ടവർക്കെതിരെ നടി ഹണി റോസ് നടത്തുന്ന പോരാട്ടത്തിൽ 'ബോചെ' എന്ന ബോബി ചെമ്മണ്ണൂരും നിയമക്കുരുക്കിലായിരിക്കുന്നു. വയനാട്ടിലെ ഫാം ഹൗസിൽ നിന്ന് കാറിൽ പുറത്തേക്ക് പോകാനിറങ്ങിയ ബോബിയെ കാർ വളഞ്ഞ് അതിനാടകീയമായാണ് എറണാകുളം സെൻട്രൽ പൊലീസും വയനാട് എസ്.പി തപോഷ് ബസുമതാരിയുടെ ലഹരി വിരുദ്ധ സ്ക്വാഡും (ഡാൻസാഫ്) ചേർന്ന് പിടികൂടിയത്. ബോബി ഒളിവിൽപ്പോകാതിരിക്കാനായി ജനുവരി 8-ാം തീയതി പുലർച്ചെ നാലുമണിമുതൽ കൊച്ചിയിൽ നിന്നുള്ള പൊലീസ് സംഘം ഇവിടെ കാത്തുനിൽക്കുകയായിരുന്നു.

ഹണിറോസ് നൽകിയ ലൈംഗിക അധിക്ഷേപ പരാതിയിൽ ജാമ്യമില്ലാ വകുപ്പ് പ്രകാരം ബോബിക്കെതിരെ കേസെടുത്തതിനു പിന്നാലെയാണു പൊലീസിന്റെ മിന്നൽ നീക്കം. ഹണി റോസിന്റെ പരാതി ലഭിച്ചതിനുപിന്നാലെ ബോബി ചെമ്മണൂരിനെ പൊലീസ് നിരീക്ഷിച്ച് വരികയായിരുന്നു. ഒളിവിൽ പോകുന്നതിനും മുൻകൂർ ജാമ്യത്തിനുമുള്ള നീക്കമാണ് പൊലീസ് പൊളിച്ചത്. സ്ത്രീകൾക്കുനേരേ അശ്ലീലപരാമർശം നടത്തുക, അത്തരം പരാമർശങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കൽ എന്നീ കുറ്റകൃത്യങ്ങളാണ് ബോബിയുടെ മേൽ ചുമത്തിയിരിക്കുന്നത്.

ഹണിയുടെ പരാതിയിൽ സ്ത്രീത്വത്തെ അപമാനിച്ചതിന് ബി.എൻ.എസ് (ഭാരതീയ ന്യായ സംഹിത) പ്രകാരം ജാമ്യമില്ല വകുപ്പും ഐ.ടി ആക്ടും ചുമത്തി മുപ്പത് പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തതിന് പിന്നാലെ അശ്ലീല കമന്റിട്ടതിൽ എറണാകുളം കുമ്പളം സ്വദേശി അറസ്റ്റിലായിരുന്നു. കൂടുതൽ പേരെ കുടുക്കാൻ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് അന്വേഷണം തുടരുകയാണ്. സൈബർ പൊലീസിന്റെ സഹായത്തോടെ നടപടികൾ ഊർജ്ജിതമാക്കുന്നതിനിടയിലാണ് ബോബിയുടെ അറസ്റ്റ്.

ബോബി ചെമ്മണൂർ തുടർച്ചയായി അശ്ലീല അധിക്ഷേപങ്ങൾ നടത്തിയെന്നാരോപിച്ച് പരാതി നൽകിയശേഷം നടി തന്നെയാണ് ഇത് സാമൂഹികമാധ്യമത്തിലൂടെ വെളിപ്പെടുത്തിയത്. ''താങ്കളുടെതന്നെ മാനസികനിലയുള്ള കൂട്ടാളികൾക്കെതിരേയുള്ള പരാതികൾ പുറകെയുണ്ടാകും. താങ്കൾ താങ്കളുടെ പണത്തിന്റെ ഹുങ്കിൽ വിശ്വസിക്കൂ. ഞാൻ ഭാരതത്തിലെ നിയമവ്യവസ്ഥയുടെ ശക്തിയിൽ വിശ്വസിക്കുന്നു...'' ഹണി റോസ് സാമൂഹികമാധ്യമത്തിൽ കുറിച്ചു.

മാസങ്ങൾക്കുമുൻപ് രണ്ട് ഷോപ്പുകളുടെ ഉദ്ഘാടനങ്ങൾക്ക് നടി വന്നിരുന്നുവെന്ന് ബോബി ചെമ്മണൂർ പറഞ്ഞു. ആഭരണങ്ങൾ ധരിച്ച് മോഡലിങ്ങൊക്കെ ചെയ്ത് അവർ നൃത്തം ചെയ്തിരുന്നു. പേ

ാസിറ്റീവായി ഞാനൊരു പരാമർശം നടത്തി. കുറേപ്പേർ അത് ദ്വയാർഥത്തിൽ ഉപയോഗിച്ചു. അവർക്കത് ഡാമേജായി, വിഷമമായി. അതിൽ എനിക്കും വിഷമമുണ്ട്. ഞാൻ മനപ്പൂർവം ഒരാളോടും ഇങ്ങനെയൊന്നും ചെയ്യില്ല. തമാശയ്ക്ക് എന്തെങ്കിലുമൊക്കെ പറയും. മാർക്കറ്റിങ്ങിന്റെ ഭാഗമായിട്ടായിരുന്നു അതെല്ലാമെന്നും ബോബി പറഞ്ഞിരുന്നു. എന്നാൽ ബോബിയുടെ ഈ വിശദീകരണം തള്ളിക്കൊണ്ടാണിപ്പോൾ പോലീസ് ബോബി ചെമ്മണ്ണൂരിനെ കസ്റ്റഡിയിലെടുത്തിരിക്കുന്നത്.

മാസങ്ങൾക്ക് മുൻപ് നടന്ന ഒരു ഉദ്ഘാടന വേദിയിലാണ് ഹണി റോസ് പരസ്യമായി ബോഡി ഷെയിമിങ് നേരിട്ടത്. അന്ന് പൊതുവേദിയിൽ വച്ച് ബോബി ചെമ്മണ്ണൂർ താരത്തിനെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ വിവാദമായിരുന്നു. ബോബി ചെമ്മണ്ണൂരിന്റെ അതിഥിയായി ഒരു പരിപാടിയിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു ഹണി റോസ്. പരിപാടിയുടെ ഭാഗമായി ബോബി ചെമ്മണ്ണൂരിന്റെ ജ്വലറിയും താരം സന്ദർശിച്ചിരുന്നു. ഒരു നെക്ലസ് കഴുത്തിൽ അണിയച്ചതിനു ശേഷം ബോബി ചെമ്മണ്ണൂർ ഹണി റോസിനെ ഒന്നു പിടിച്ച് കറക്കിയിട്ട് പറഞ്ഞത് ഇപ്രകാരം...

''നേര നിന്നാൽ മാലയുടെ മുൻഭാഗമെ കാണൂ. മാലയുടെ പിൻഭാഗം കാണാൻ വേണ്ടിയാണ് കറക്കിയത്...'' കൂടാതെ ഹണി റോസിനെ കാണുമ്പോൾ പുരാണത്തിലെ 'കുന്തി ദേവി' എന്ന കഥാപാത്രത്തെ ഓർമ്മ വരുമെന്നും ബോബി ചെമ്മണ്ണൂർ പറഞ്ഞു. നടി ഹണി റോസിനെതിരെ വിവാദ പരാമർശം നടത്തിയ ബോബി ചെമ്മണ്ണൂരിനെതിരെ സമൂഹമാധ്യമങ്ങളിൽ അന്ന് കടുത്ത പ്രതിഷേധമുയർന്നിരുന്നു. എന്നാൽ തന്റെ പരാമർശത്തെ ന്യായീകരിച്ചുകൊണ്ട് തന്റെ ദ്വയാർത്ഥ പ്രയോഗങ്ങൾ ബോചെ തുടരുകയായിരുന്നു.

ഒരു വ്യക്തി ദ്വയാർത്ഥ പ്രയോഗങ്ങളിലൂടെ തന്നെ അപമാനിക്കാൻ ശ്രമിക്കുന്നുവെന്നാണ് ബോബി ചെമ്മണ്ണൂരിന്റെ പേരെടുത്ത് പറയാതെ ഇപ്പോൾ ഹണിറോസ് ആരോപിക്കുന്നത്. ചടങ്ങുകൾക്ക് ക്ഷണിച്ചിട്ട് പോകാത്തതിന്റെ പ്രതികാരമെന്നോണം പ്രസ്തുത വ്യക്തി താൻ പോകുന്ന ചടങ്ങുകളിൽ മനപ്പൂർവം വരാൻ ശ്രമിക്കുകയും കഴിയുന്ന ഇടത്തെല്ലാം സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിൽ എന്റെ പേര് മാധ്യമങ്ങളിലൂടെ പറയുകയും ചെയ്യുന്നുവെന്നും താരം ഫേസ്ബുക്കിൽ കുറിച്ചു.

പണത്തിന്റെ ധാർഷ്ട്യത്താൽ ഏതു സ്ത്രീയേയും ഒരാൾക്ക് അപമാനിക്കാൻ കഴിയുമോയെന്ന് ചോദിക്കുന്ന താരം ഇത്തരം കാര്യങ്ങളുടെ നിയമപരമായ വശവും ചൂണ്ടിക്കാണിക്കുന്നു. ഹണി റോസിന്റെ കുറിപ്പ് വളരെ വേഗത്തിൽ തന്നെ സോഷ്യൽ മീഡിയയിൽ ചർച്ചാ വിഷയമായി കഴിഞ്ഞു. അസഭ്യ അശ്ലീല പരാമർശങ്ങൾ ഉണ്ടെങ്കിൽ ഭാരതീയ ന്യായസംഹിത അനുസരിച്ച് സ്ത്രീക്ക് തരുന്ന എല്ലാം സംരക്ഷണ സാധ്യതകളും പഠിച്ച് താൻ രംഗത്തെത്തുമെന്ന് ഹണി റോസ് പറയുന്നുണ്ട്. പുതിയ സോഷ്യൽ മീഡിയ പോസ്റ്റിലൂടെയായിരുന്നു ഹണിയുടെ പ്രതികരണം.



''അസഭ്യ അശ്ലീല ഭാഷാ പണ്ഡിത മാന്യമാരെ, ഇതേ അവസ്ഥയിൽ കടന്ന് പോകുന്ന എല്ലാ സ്ത്രീകൾക്കും വേണ്ടി ഹണി റോസ് എന്ന ഞാൻ യുദ്ധം പ്രഖ്യാപിക്കുകയാണ്...'' എന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്ന ഹണി റോസിന്റെ പുതിയ പോസ്റ്റിന്റെ പൂർണരൂപം ഇങ്ങനെ...

''ഇന്ത്യയിലെ നിമയ സംവിധാനം അനുവദിക്കാത്ത ഒരു വസ്ത്രവും ധരിച്ച് ഞാൻ പൊതുവേദിയിൽ എത്തിയിട്ടില്ല. നിങ്ങൾ ഓരോരുത്തരും അവരവരുടെ ചിന്തകൾ അനുസരിച്ച് സ്വയം നിയമസംഹിതകൾ സൃഷ്ടിക്കുന്നതിൽ ഞാൻ ഉത്തരവാദി അല്ല. ഒരു അഭിനേത്രി എന്ന നിലയിൽ എന്നെ വിളിക്കുന്ന ചടങ്ങുകൾക്ക് പോകുന്നത് എന്റെ ജോലിയുടെ ഭാഗമാണ്. എന്റെ വസ്ത്ര ധാരണത്തെക്കുറിച്ചോ എന്നെക്കുറിച്ചോ ക്രിയാത്മകമായോ സർഗാത്മകമായോ വിമർശിക്കുന്നതിലും തമാശ ഉണ്ടാക്കുന്നതിലും എനിക്ക് വിരോധം ഇല്ല. പരാതി ഇല്ല. പക്ഷേ അത്തരം പരാമർശങ്ങൾക്ക്, ആംഗ്യങ്ങൾക്ക് ഒരു റീസണബിൾ റെസ്ട്രിക്ഷൻ വരണം എന്ന് ഞാൻ വിശ്വസിക്കുന്നു. ആയതിനാൽ എന്റെ നേരെയുള്ള വിമർശനങ്ങളിൽ അസഭ്യ അശ്ലീല പരാമർശങ്ങൾ ഉണ്ടെങ്കിൽ ഭാരതീയ ന്യായസംഹിത അനുസരിച്ച് സ്ത്രീക്ക് തരുന്ന എല്ലാം സംരക്ഷണ സാധ്യതകളും പഠിച്ച് ഞാൻ നിങ്ങളുടെ നേരെ വരും....''

ഡബിൾ മീനിങ് വാക്കുകൾ പ്രയോഗിച്ച് ആത്മരതിയനുഭവിക്കുന്ന വ്യക്തിയാണ് ബോബി ചെമ്മണ്ണൂർ എന്നാണ് പരക്കെയുള്ള ആക്ഷേപം. ഹണി റോസിനെ കുന്തിദേവിയോട് ഉപമിച്ചതു മാത്രമല്ല, ഈ അടുത്ത കാലത്ത് ചെമ്മണൂർ ജൂവലേഴ്സിൽ പോയ ഒരു പെൺകുട്ടി ഈ ജ്യൂവലറിയിൽ മോതിരത്തിന് നല്ല കളക്ഷൻ ഇല്ലെന്ന് പറഞ്ഞതിന് വെള്ള ചട്ടയും മുണ്ടും ധരിച്ച ചിരിറ്റിയുടെ ഈ നന്മമരം നല്കിയ മറുപടി... ''തന്റെ സാധനം 916 ആണ്. ആ സാധനം ഒന്ന് ഇട്ട് നോക്ക്...'' എന്നാണ്.

ബോചെ ഇങ്ങനെ പറയുമ്പോൾ അത് കേട്ടിട്ട് ഉളുപ്പില്ലാതെ ചിരിക്കാനും ''വെൽഡൺ...'' എന്ന് പറഞ്ഞ് രസിക്കാനും ഇക്കിളി വീരൻമാർ അനവധിയുണ്ട്. നടി ഹണി റോസ് അടുത്തകാലത്തായി ഉദ്ഘാടനങ്ങൾ ഉൾപ്പെടെയുള്ള പൊതുവേദികളിൽ നിരന്തരമായി പ്രത്യക്ഷപ്പെടുന്ന നടിയാണ്. അവർ തന്റെ പേരും പ്രശസ്തിയും ശരീര സൗന്ദര്യവും പ്രത്യേക രീതിയിൽ മാർക്കറ്റ് ചെയ്യുന്നതാണ് പല ഞരമ്പൻമാർക്കും ദഹിക്കാത്തത്. ഇവരെല്ലാം പകൽ മാന്യൻമാരാണെന്ന കാര്യത്തിൽ തർക്കമില്ല. അവർക്കെല്ലാം 'ഓൺ ദ സ്പോട്ടിൽ'ത്തന്നെ പണികൊടുത്തിരിക്കുകയാണ് ഹണി റോസ്.

ഒരു ഇന്ത്യൻ പൗരന്റെ മൗലികാവകാശത്തിൻപ്പെട്ട കാര്യങ്ങൾ തന്നെയാണ് ഹണി റോസ് ചെയ്യുന്നത്. അതിലൂടെ കേരളത്തിന്റെ സദാചാരമര്യാദകൾക്കും ധാർമിക ബോധത്തിനും എന്തെങ്കിലും സംഭവിച്ചുവെന്ന് ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. ഹണി റോസിനെതിരെ അശ്ലീല പ്രയോഗങ്ങൽ നടത്തുന്നവർ അവരുടെ ശരീര സൗന്ദര്യത്തിൽ ഗൂഢമായി ആനന്ദം കണ്ടെത്തുന്നവരല്ലെന്ന് പറയാൻ കഴിയുമോ..?

# ഫോമായും നോർക്കയും സഹകരിച്ചു പ്രവർത്തിക്കും; പ്രവാസികൾക്ക് ഇൻഷുറൻസ് പദ്ധതി വരുന്നു

തിരുവനന്തപുരം: ഫോമയും കേരള സർക്കാരിന്റെ പ്രവാസി ക്ഷേമ വിഭാഗമായ നോർക്കയുമായി സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനമായി. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോ. സെക്രട്ടറി പോൾ ജോസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം നോർക്ക ആസ്ഥാനത്ത് സി.ഇ.ഒ . അജിത്ത് കൊളച്ചേരിയും മറ്റ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലാണ് ഈ തീരുമാനം. ഫോമയും മറ്റു സംഘടകളും ഉൾപ്പെടുത്തി നോർക്കയുമായി സഹകരണത്തിന് അമേരിക്കയിൽ കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കും. മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നോർക്ക വഴി പരിഹരിക്കാനും കേരളവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കാനും ഈ കമ്മിറ്റികൾ സഹായിക്കും.

നോർക്ക പ്രവാസികൾക്കായി വൈകാതെ 5 ലക്ഷം രൂപയുടെ ഹെൽത്ത് ഇൻഷുറൻസ് പദ്ധതി ആരംഭിക്കുമെന്ന് സി.ഇ.ഒ അറിയിച്ചു. 18 മുതൽ 70 വരെ പ്രായമുള്ളവർക്ക് ഇത് ലഭിക്കും. മെഡിക്കൽ ചെക്കപ്പോ നേരത്തെയുള്ള രോഗങ്ങളോ പ്രശ്നമല്ല. ചേരുമ്പോൾ മുതൽ ആനുകൂല്യം ലഭിക്കും. ഒരു വർഷം 12500 രൂപയാണ് പ്രീമിയം.

നിലവിൽ ഇന്ത്യൻ പാസ്‌പോർട്ട് ഹോൾഡർമാർക്ക് മാത്രം ലഭിക്കുന്ന ഈ പരിരക്ഷ, ഒസിഐ കാർഡ് ഉടമകൾക്കും ലഭിക്കുന്ന കാര്യം ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പരിശോധിക്കും. അത് പോലെ നാട്ടിലുള്ള അച്ഛനും അമ്മയേയും ഈ ഇൻഷുറൻസിൽ ചേർക്കുന്ന കാര്യവും പരിഗണിക്കും.

അമേരിക്കയിൽ മരണപ്പെടുന്നവരുടെ ശരീരം നാട്ടിൽ എത്തിക്കുന്നതിനും കേരളത്തിൽ വച്ച് മരണം സംഭവിച്ചാൽ മൃതശരീരം അമേരിക്കയിൽ എത്തിക്കുന്നതിന്റെയും കാലതാമസം ചുരുക്കാനുമുള്ള മാർഗങ്ങളും ചർച്ച ചെയ്തു. ആംബുലൻസ് ഉൾപ്പെടെ നോർക്കയുടെ സപ്പോർട്ട് ഡിവിഷൻ ഇതിനായി സജ്ജമാണ്. ഇക്കാര്യങ്ങളിൽ നോർക്ക എല്ലാവിധ സഹായവും വാഗ്ദാനം ചെയ്തു.

ഓ.സി.ഐ. പ്രശ്നങ്ങളും ചർച്ച ചെയ്തു. അക്കാര്യം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണെന്ന് സി.ഇ.ഓ. ചൂണ്ടിക്കാട്ടി. ഇപ്പോൾ 18 വയസ്സിൽ എടുക്കുന്ന ഒസിഐ കാർഡ് ഇരുപതാം വയസ്സിലും അൻപതാം വയസ്സിലും പുതുക്കണം എന്നാണ് നിയമം. മുഖത്തിന് മാറ്റം വരുന്നതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. അമേരിക്കൻ പാസ്‌പോർട്ട് പത്തുവർഷം കൂടുമ്പോൾ പുതുക്കുന്നു. പഴയ പാസ്‌പോർട്ടിലായിരിക്കും ഒസിഐ അറ്റാച്ച് ചെയ്തിട്ടുണ്ടാവുക. ഈ സാഹചര്യത്തിൽ യാത്ര ചെയ്യുമ്പോൾ പഴയ പാസ്‌പോർട്ടും പുതിയതും കയ്യിൽ വേണം. ചിലർ പഴയ പാസ്‌പോർട്ട് എടുക്കാൻ മറക്കുന്നത് പ്രശ്നമാകും. പുതിയ പാസ്പേ



ാർട്ടിൽ ഒസിഐ ലിങ്ക് ആകാത്തതിന്റെ പേരിൽ സൗദി എയർലൈൻസിലും കുവൈറ്റ് എയർലൈൻസിലും ഈയിടെ പലരും വിഷമത്തിലായതും നോർക്കയുടെ സമക്ഷം അവതരിപ്പിച്ചു. (യാത്രക്ക് ഓ.സി.ഐ. കാർഡ് മാത്രം കൈവശം മതി എന്നായിരുന്നു ഇതുവരെയുള്ള ചട്ടം. ഓ.സി.ഐ. സ്റ്റാമ്പ് ചെയ്ത പഴയ പാസ്പോർട്ട് വേണ്ട എന്ന തീരുമാനം വന്നത് ഏറെ മുറവിളിക്കു ശേഷമാണ്. ഇപ്പോൾ പഴയ സ്ഥിതി കൊണ്ടുവന്നത് എന്ന് മുതലാണ് എന്നോ ആരാണ് മാറ്റിയതെന്നോ ഒരു വിവരവുമില്ല. മുൻകൂട്ടി ജനത്തെ അറിയിക്കാൻ പോലും ഉദ്യോഗസ്ഥർ മെനക്കെട്ടില്ല)

വിമാന ടിക്കറ്റിന്റെ നിരക്ക് ഉയരുന്നതു മൂലമുള്ള ക്ലേശങ്ങളും ചർച്ചാ വിഷയമായി. സംഘടനകൾ പ്രവാസികളുടെ പ്രശ്നങ്ങൾ ഉൾപ്പെടുത്തി മെമ്മോറാണ്ടം സമർപ്പിച്ചാൽ അതിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമെന്ന് നോർക്ക സി.ഇ.ഒ ഉറപ്പുനൽകി. ഇതിനായി ഇമെയിൽ ഐഡിയും ഫോൺ നമ്പറും നൽകിയിട്ടുമുണ്ട്. നോർക്കയുമായി സ്ഥിരമായി ബന്ധപ്പെടാൻ ഒരു കോണ്ടാക്ട് പേഴ്സനെ ചുമതലപ്പെടുത്തും.

ഫോമായുടെ 12 റീജിയനുകളിൽ നിന്നും ഓരോ അസോസിയേഷൻ നോർക്കയിൽ രജിസ്റ്റർ ചെയ്യുമെന്ന് ബേബി മണക്കുന്നേൽ അറിയിച്ചു. പ്രബുദ്ധരായ മലയാളികളുള്ള അമേരിക്കയിൽ നിന്ന് ഒരു സംഘടനപോലും ഇതുവരെ നോർക്കയിൽ ചേർന്നിട്ടില്ലെന്നത് കണക്കിവിറ്റിയുടെ കുഴപ്പമാണെന്നും വിലയിരുത്തിക്കൊണ്ട് 3 മാസത്തിനുള്ളിൽ 12 അസോസിയേഷനുകളുടെ പ്രാതിനിധ്യം അദ്ദേഹം വാഗ്ദാനം ചെയ്തു. സുബിൻ കുമാരനെ ഇതിന്റെ ചാർജ് ഏൽപ്പിച്ചു. ഫോമാ ചെയ്യുന്ന ചാരിറ്റി പ്രവർത്തനങ്ങളും അദ്ദേഹം നോർക്കയ്ക്ക് മുൻപാകെ വിശദീകരിച്ചു.

നോർക്കയുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നത് ഇരുകൂട്ടർക്കും ഗുണകരമാകുമെന്നും ചർച്ചയിലൂടെ വ്യക്തമായി. അമേരിക്കയിൽ എത്തുന്ന ഒരു മലയാളിയെ കാണാതായാൽ സഹായത്തിനു നോർക്കയ്ക്ക് അവിടേക്ക് ബന്ധപ്പെടാൻ അതിലൂടെ സാധിക്കും. നാട്ടിലെ വസ്തുവകകൾ സംബന്ധിച്ച പ്രശ്നത്തിന് അമേരിക്കയിലുള്ള മലയാളിക്ക് നോർക്കയുടെ ബന്ധപ്പെട്ടാൽ പരിഹാരം ഉണ്ടാകുന്ന സാഹചര്യവും ഉണ്ടാകും.ഇങ്ങനൊരു കൊടുക്കൽ-വാങ്ങലാണ് ഇരുകൂട്ടരും ലക്ഷ്യമിടുന്നത്.

നോർക്ക റൂട്സ് പ്രവർത്തനസജ്ജമായിട്ട് ഇത് ഇരുപത്തിമൂന്നാം വർഷമാണെന്ന് സി.ഇ.ഒ ചൂണ്ടിക്കാട്ടി. ലോക കേരള സഭ വന്ന ശേഷമാണ് പ്രവാസികളുടെ പ്രശ്നങ്ങൾ അവരോടുതന്നെ കൂടുതലായി ചോദിച്ചറിയാൻ സാധിച്ചത്. പ്രവാസികൾ തങ്ങളുടെ പ്രശ്നങ്ങൾ അറിയിച്ചാൽ കഴിയാവുന്നത്ര സഹായങ്ങൾ ചെയ്യുവാൻ തങ്ങൾ സദാ തായാറാണെന്നു സി.ഇ.ഒ ചൂണ്ടിക്കാട്ടി.


ആർ.വി.പി. ബിജു ലോസൻ , ജിജു കുളങ്ങര, മാത്യു വർഗീസ്, സുബിൻ കുമാരൻ തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.








# ‘പ്രേമ വിവാഹങ്ങൾ’ അപകടകരമായ സംസ്കാരമോ?




പി പി ചെറിയാൻ

പാശ്ചാത്യ പൗരസ്ഥ്യ വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളിലും കൗമാരക്കാർക്കിടയിൽ അവിശ്വസനീയമാം വണ്ണം വർദ്ധിച്ചു വരുന്ന പ്രേമ വിവാഹങ്ങൾ(ഡെയ്റ്റിങ്ങ്)എന്നത് അപകടകരമായ സംസ്കാരമാണോ?ഈ വിഷയത്തെകുറിച്ചു പ്രതിപാദിക്കുന്നത് ഉചിതമാണെന്നു വിശ്വസിക്കുന്നു..


‘‘ഡെയ്റ്റിങ്ങ്’’ എന്നത് ഒരു നൂതന ആശയമായി കരുതാനാകില്ല.പൗരാണികഭാരതത്തിൽ ഉടലെടുത്ത ആര്യ-ദ്രാവിഡ സംസ്കാരത്തിൽ നടന്നിരുന്ന പ്രേമ വിവാഹങ്ങളാണ് പിൽക്കാലത്ത് ‘‘ഡെയ്റ്റിങ്ങ്’’ എന്ന ഓമനപ്പേരിൽ അറിയപ്പെടുവാനാരംഭിച്ചത്.യുവമിഥുനങ്ങൾ തമ്മിലുള്ള ദീർഘവും അനശ്വരവുമായ നിരവധി പ്രേമ കഥകളാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.പരസ്പരം കണ്ടും,കേട്ടും,അറിഞ്ഞും വളർന്ന് സഭ്യതയുടെ അതിർത്തി ലംഘിക്കാതെ അനുരാഗം ഒടുവിൽ വിവാഹത്തിലൂടെ സാഫല്യമടഞ്ഞിരുന്നു.ശക്തമായ എതിർപ്പുകൾക്കിടയിലും ഇപ്രകാരം നടക്കുന്ന വിവാഹങ്ങൾക്ക് സമൂഹത്തിൽ പവിത്രതയും,മാന്യതയും കൽപ്പിക്കപ്പെട്ടിരുന്നു.നൈമിഷീക വികാരങ്ങൾക്കടിമപ്പെട്ട് സ്ഥായിയായി നിലനിൽക്കേണ്ട വിവാഹ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുവാൻ ഒരിക്കലും അനുവദിച്ചിരുന്നില്ല എന്നുമാത്രമല്ല മരണം പരസ്പരം വേർതിരിക്കും വരേ അത് നിലനിൽക്കുകയും ചെയ്തിരുന്നു.

ആധുനിക കാലഘട്ടത്തിൽ വിവാഹത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ വികലമാക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ വിവാഹത്തിലൂടെ പരസ്പരം ബന്ധിക്കപ്പെട്ടവരിൽ നല്ലൊരു ശതമാനം ഭാര്യാ-ഭർതൃ ബന്ധത്തിന്റെ ആഴം ഗ്രഹിക്കാതെ വിശ്വാസ യോഗ്യത നഷ്ടപ്പെട്ട് ശിഥിലമായ കുടുംബജീവിതം നയിക്കുന്നവരാണ്. ഡെയ്റ്റിങ്ങ് എന്ന ചതിക്കുഴിയിൽ വീഴുന്നവരിൽ ഭൂരിപക്ഷവും ചരിത്രം പരിശോധിച്ചാൽ ഇത്തരത്തിലുള്ള മാതാ പിതാക്കന്മാരുടെ തലമുറയാണെന്ന് നിസ്സംശയം മനസ്സിലാക്കാം.ഇതിൽ ഒട്ടും അതിശയോക്തി ഇല്ല കാരണം വിവാഹത്തിനു മുൻപ് ആശയവിനിമയം നടത്തുന്നതിനോ,മനസ്സിലാക്കുന്നതിനോ മാതാ പിതാക്കൾക്ക് അവസരം ലഭിക്കാത്തതാണ് വിവാഹ ബന്ധം തകർച്ചയിലേക്ക് നയിക്കപ്പെടുവാൻ ഇടയാക്കിയതെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു.അതിനാലാണ് വിവാഹത്തിനു മുൻപ് ‘‘ഡെയ്റ്റിങ്ങ്’’ അനിവാര്യമാണെന്ന് ഇക്കൂട്ടർ വാദിക്കുന്നത്.



ഒറ്റ നോട്ടത്തിൽ ഡെയ്റ്റിങ്ങിൽ ഒരപാകതയും കണ്ടെത്താനാകില്ല. വിശുദ്ധ ബൈബിൾ ഉൾപ്പെടെയുള്ള മത ഗ്രന്ഥങ്ങളിൽ പരസ്പരം വിവാ

ഡെയ്റ്റിങ്ങിന്റെ പേരിൽ യുവതീ യുവാക്കളെ മാറി മാറി പരീക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു.ഇത് തെറ്റുകളിൽ നിന്നും കൂടുതൽ തെറ്റുകളിലേക്ക് നയിക്കപ്പെടുന്നു.ഡെയ്റ്റിങ്ങിൽ കൂടുതൽ വഞ്ചിതരാകുന്നത് സ്ത്രീകളാണ്.സ്വാർത്ഥ താൽപര്യങ്ങൾക്കും ലൈഗീക ചൂഷണങ്ങൾക്കും വിധേയരാക്കിയതിനു ശേഷം നിഷ്കളങ്കരായ പെൺകുട്ടികളുടെ ജീവിതം പിച്ചി ചീന്തി തെരുവിലേക്ക് വലിച്ചെറിയപ്പെടുന്നത് സർവ്വ സാധാരണമായിരിക്കുന്നു.



ഹിതരാകുവാൻ ആഗ്രഹിച്ചിരുന്നവർ മാതാ പിതാക്കളുടെ നിർദ്ദേശങ്ങൾ ശിരസ്സാ വഹിച്ചു ആ സുന്ദര മുഹൂർത്തത്തിനായി വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്ന നിരവധി സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ഇതി നിന്നും തികറ്റും വിഭിന്നമായ ഡെയ്റ്റിങ്ങ് സംസ്കാരമാണ് ഇന്നത്തെ തലമുറയെ ഗ്രസിച്ചിരിക്കുന്നത്.

ഹൈസ്കൂൾ കോളേജ് വിദ്യാഭ്യാസ കാലഘട്ടത്തിൽ പരസ്പരം പരിചയപ്പെടുന്ന യുവതിയുടെയോ യുവാവിന്റെയോ മനസ്സിൽ വിവാഹത്തെ കുറിച്ചുള്ള സങ്കൽപ്പങ്ങൾ തളിരിടുവാനാരംഭിക്കുന്നു. .കുടുംബാന്തരീക്ഷത്തിൽ നിന്നും മാതാ പിതാക്കളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ നിന്നും അകന്നു കഴിയുന്ന കുട്ടികൾക്ക് അനുഭവപ്പെടുന്ന ഏകാന്തത പരിഹരിക്കുന്നതിന് മനസ്സിനിണങ്ങിയ ഒരു തുണയെ കണ്ടെത്താനുള്ള വ്യഗ്രതയാണ് ഡെയ്റ്റിങ്ങ് എന്ന സംസ്കാരത്തിലേക്ക് ഇവരെ ആകർഷി ക്കുന്നത്. ആരംഭ ഘട്ടത്തിൽ നല്ല സുഹൃത്ത് ബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ പരസ്പരം സംസാരിക്കുന്നതിന് ഇവർ കണ്ടെത്തുന്നത് പാർക്കുകളും, ലൈബ്രറികളും, റെസ്റ്റോറന്റുകളുമാണ്. തുടർന്ന് ഒറ്റയ്ക്ക് താമസിക്കുന്ന മുറികളിൽ നിത്യ സന്ദർശനം നടത്തുക, ഒന്നിച്ചു താമസിക്കുക എന്ന സ്ഥിതിയിലേക്ക് ബന്ധങ്ങൾ അതിവേഗം വളരുന്നു.ഇവിടെയാണ് അറിഞ്ഞോ അറിയാതെയോ സഭ്യതയുടെ അതിർ വരമ്പുകൾ ലംഘിക്കപെടുന്നതു.

ലോകത്തിലെ സകല ജീവജാലങ്ങൾക്കും സ്വതസിദ്ധമായി ലഭിച്ചിരിക്കുന്ന അതി മഹത്തമായ ഒരു വരദാനമാണ് ലൈഗീക വികാരം.പ്രത്യേക സാഹചര്യത്തിൽ പ്രേമത്തിന്റെ തീവ്രത യുവമിഥുനങ്ങളുടെ ഹൃദയങ്ങളെയും,ശരീരത്തെയും ഒരു പോലെ ബാധിക്കപ്പെടുന്നു.ഇവിടെ വികാരം വിവേകത്തെ കീഴ്പ്പെടുത്തുന്നു.വിവാഹത്തിനു ശേഷം മാത്രമാണ് ലൈഗീക ജീവിതം അനുവദിക്കപ്പെട്ടിരിക്കുന്നത് എന്ന സനാതനസത്യം ഇവിടെ വിസ്മരിക്കപ്പെടുന്നു.

ഡെയ്റ്റിങ്ങിന്റെ പേരിൽ യുവതീ യുവാക്കളെ മാറി മാറി പരീക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നു.ഇത് തെറ്റുകളിൽ നിന്നും കൂടുതൽ തെറ്റുകളിലേക്ക് നയിക്കപ്പെടുന്നു.ഡെയ്റ്റിങ്ങിൽ കൂടുതൽ വഞ്ചിതരാകുന്നത് സ്ത്രീകളാണ്. സ്വാർത്ഥ താൽപര്യങ്ങൾക്കും ലൈഗീക ചൂഷണങ്ങൾക്കും വിധേയരാക്കിയതിനു ശേഷം നിഷ്കളങ്കരായ പെൺകുട്ടികളുടെ ജീവിതം പിച്ചി ചീന്തി തെരുവിലേക്ക് വലിച്ചെറിയപ്പെടുന്നത് സർവ്വ സാധാരണമായിരിക്കുന്നു.ആരോഗ്യകരവും അനാരോഗ്യകരുവുമായ ഡെയ്റ്റിങ്ങ് ബന്ധങ്ങൾ തിരിച്ചറിയുന്നതിൽ പെൺകുട്ടികൾ പരാജയപ്പെടുന്നു എന്നതാണ് ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഈയിടെ പ്രസിദ്ധീകരിച്ച ഒരു സർവ്വേയിൽ ഡെയ്റ്റിങ്ങിന്റെ പേരിൽ 87% പെൺകുട്ടികളും വെർബൽ അബ്യൂസിനും,47% ശാരീരിക പീഡനത്തിനും,25% ലൈഗീക പീഡനത്തിനും ഇരയാകുന്നു എന്ന ഞെട്ടിക്കുന്ന സത്യം പുറത്തു വിട്ടിരിക്കുന്നു.

ടെക്സാസിൽ മാത്രം 4442 നിഷ്കളങ്കരായ പെൺകുട്ടികളാണ് ലൈഗീക പീഡനത്തിനു ഇരയായതായി നാഷണൽ ഡെയ്റ്റിങ്ങ് അബ്യൂസ് ഹെൽപ്പ് ലൈനിലൂടെ പരാതി പെട്ടിരുന്നത്.ഡെയ്റ്റിങ്ങുമായി ബന്ധപ്പെട്ട 370 ഫോൺ കോളുകൾ ഒരോ മാസവും ശരാശരി ലഭിക്കുന്നുണ്ടന്നും സർവ്വെ വെളിപ്പെടുത്തുന്നു.

ഡെയ്റ്റിങ്ങിന്റെ സദുദ്ദേശത്തെ കുറിച്ച് തികച്ചും ബോധമുണ്ടെങ്കിലും,അതിൽ പതിയിരിക്കുന്ന അപകടങ്ങളെ കുറിച്ച് വളർന്നു വരുന്ന തലമുറയെ ബോധവൽക്കരിക്കുന്നതിനും,മാതൃകാപരമായ വിവാഹ ബന്ധങ്ങൾ എപ്രകാരമായിരിക്കുമെന്ന് സ്വന്തം സ്വഭാവത്തിലൂടെ തെളിയിക്കുന്നതിനും മാതാപിതാക്കൾ സന്നദ്ധരായിരിക്കണം. ലൈഗീക അരാജകത്വത്തിലേക്ക് നയിക്കുവാൻ സാധ്യതയുള്ള അനാരോഗ്യകരമായ ഡെയ്റ്റിങ്ങ് ഉപേക്ഷിച്ച് പരിപാവനവും അതിശ്രേഷ്ഠവുമായ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ആരോഗ്യകരമായ ഡെയ്റ്റിങ്ങ് സംസ്കാരം വളർത്തിയെടുക്കുന്ന പരിശ്രമത്തിൽ നമുക്കും പങ്കുചേരാം.


LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണ് നവ നേതൃത്വം

**ജീമോൻ റാന്നി**

ഹൂസ്റ്റൺ : ഹൂസ്റ്റണിലെ ഇരുപതു ഇടവകകളുടെ സംയുക്ത വേദിയായ ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റണിനു (ICECH) 2025 ൽ ശക്തമായ നേതൃത്വം നൽകുന്നതിന് പുതിയ നേതൃനിരയെ തെരഞ്ഞെടുത്തു.

ഡിസംബർ 30 നു സെന്റ് . പോൾസ് ആൻഡ് സെന്റ് . പീറ്റേഴ്സ് ദേവാലയത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്

പുതിയ ഭാരവാഹികൾ : പ്രസിഡന്റ് : റവ. ഫാ. ഡോ.ഐസക്ക് ബി. പ്രകാശ് (വികാരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ചർച് ഹൂസ്റ്റൻ ), വൈസ് പ്രസിഡന്റ് : റവ. ഫാ. രാജേഷ് കെ. ജോൺ (സെൻറ് തോമസ് ഓർത്തഡോക്ൾസ് ചർച് ഹൂസ്റ്റൻ ) സെക്രട്ടറി ഷാജൻ ജോർജ് (ട്രിനിറ്റി മാർത്തോമാ ഇടവക), ട്രഷറർ രാജൻ അങ്ങാടിയിൽ (സെന്റ് പീറ്റേഴ്സ് മലങ്കര കാത്തോലിക് ചർച്ച് ).പ്രോഗ്രാം കോഓർഡിനേറ്റർ ഫാൻസി മോൾ പള്ളാത്തുമഠം, പബ്ലിക് റിലേഷൻസ് ഓഫീസർ . ജോൺസൻ ഉമ്മൻ , വോളണ്ടിയർ ക്യാപ്റ്റൻ നൈനാൻ വീട്ടീനാൽ , മിൽറ്റ മാത്യു. ഓഡിറ്റർ ജിനോ ജേക്കബ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടവർ. .

സ്പോർട്സ് കോർഡിനേറ്റർമാർ റെജി കോട്ടയം, ബിജു ചാലക്കൽ , ഐ സിഇസിഎച് ക്വയർ കോർഡിനേറ്റർ ഡോ. അന്ന. കെ. ഫിലിപ്പ് ,സ്പോർട്സ് കമ്മിറ്റി അംഗങ്ങളായി ജോജി ജോസഫ്, നൈനാൻ വീട്ടീനാൽ , സാബു മത്തായി , നവീൻ ജയൻ , ജോൺസൻ ഉമ്മൻ , മിൽറ്റ മാത്യു , രെഞ്ചു രാജ് , വിനോദ് ചെറിയാൻ , അനിത് ഫിലിപ് , മെവിൻ മാത്യു , സുബിൻ ജോൺ , ജോൺ വർഗീസ് , ഷൈജു മാത്യു എന്നിവരെയും തെരഞ്ഞെടുത്തു.

യോഗത്തിൽ സിമി തോമസ് സ്വാഗത പ്രസംഗവും സെക്രട്ടറി റെജി ജോർജ് വാർഷിക റിപ്പോർട്ടും രാജൻ അങ്ങാടിയിൽ നന്ദിയും പ്രകാശിപ്പിച്ചു.



# സൂര്യ നമസ്കാർ ചലഞ്ച്



സൂര്യ നമസ്കാർ ചലഞ്ച് കിക്കോഫിന്റെ* വിജയം അറിയിക്കുന്നതിൽ ഗ ഒ ട ന് അതിയായ സന്തോഷമുണ്ട് ആകെ 53 പേർ (45 മുതിർന്നവരും 8 കുട്ടികളും) ഈ അത്ഭുതകരമായ പരിപാടിയിൽ ഞങ്ങളോടൊപ്പം ചേർന്നു.രാവിലെ 11 മണിക്ക് പരിപാടി ആരംഭിച്ചു, കെഎച്ച്എസ് പ്രസിഡന്റ് ശ്രീ.ഡ്യ .സുബിൻ ബാലകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. എസ്-വ്യാസയിലെ ശ്രീ. അനിത വസിഷ്ഠ് സെഷന് നേതൃത്വം നൽകി, പങ്കെടുക്കുന്നവരെ നിൽക്കാനും കസേരയിൽ ഇരിക്കാനും സൂര്യ നമസ്കാർ, വാം-അപ്പ് വ്യായാമങ്ങൾ, പ്രാണായാമത്തിന്റെ അടിസ്ഥാനകാര്യങ്ങൾ എന്നിവ പഠിപ്പിച്ചു. കെഎച്ച്എസ് വളണ്ടിയർമാരായ ശ്രീ. രാജേഷ് ഗോപിനാഥ്, ശ്രീ. ശ്രീജിത്ത് ഗോവിന്ദൻ, ശ്രീ. ജയപ്രകാശ് എന്നിവർ പരിപാടി മനോഹരമായി ഏകോപിപ്പിച്ചു. കെഎച്ച്എസ് സെക്രട്ടറി ശ്രീ. വിനോദ് നായർ എല്ലാവർക്കും പ്രത്യേക നന്ദി അറിയിച്ചു. വരും ദിവസങ്ങളിൽ ഈ വെല്ലുവിളി കൂടുതൽ വിജയകരമാക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം ''ആരോഗ്യം പരമം ഭാഗ്യം' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ശക്തവും ആരോഗ്യകരവുമായ ഒരു ഹിന്ദു സമൂഹത്തെ കെട്ടിപ്പടുക്കാം എന്ന് പ്രസിഡന്റ് ഡ്യ. സുബിൻ ആഹ്വാനം ചെയ്തു.

വാർത്ത അയച്ചത്: ശങ്കരൻകുട്ടി





# യോങ്കേഴ്സ് സെന്റ് തോമസ് പള്ളിയിലെ പുതുവത്സര ശുശ്രൂഷയും ആദ്യഫലത്തിനുള്ള പ്ലാക്കും വിതരണം ചെയ്തു

**ജെയിംസ് മാത്യു (പി.ആർ.ഒ)**

ന്യൂയോർക്ക്: യോങ്കേഴ്സ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ പുതുവത്സര ശുശ്രൂഷകൾ ഇടവക വികാരി റവ.ഫാ. ജോബ്സൺ കോട്ടപ്പുറത്തിന്റേയും മുൻ വികാരി വെരി റവ. ചെറിയാൻ നീലാങ്കൽ കോർഎപ്പിസ്കോപ്പയുടേയും കാർമികത്വത്തിൽ ജനുവരി ഒന്നാം തീയതി നടത്തപ്പെട്ടു.

ഇടവകയിലെ ക്രിസ്തുമസ് ആഘോഷത്തിലും ബ്രോങ്ക്സ് - വെസ്റ്റ്ചെസ്റ്റർ - ഡച്ചസ് കൗണ്ടിയുടെ സംയുക്ത ക്രിസ്തുമസ് ആഘോഷത്തിലും പങ്കെടുത്ത എല്ലാ ഇടവകാംഗങ്ങളേയും വൈദീകർ അഭിനന്ദിച്ചു. കഴിഞ്ഞവർഷത്തെ ആദ്യ ഫലത്തിനുള്ള ഫലകം ന്യൂജേഴ്സിയിൽ നിന്നുള്ള ജോൺ സ്റ്റീഫൻ കുടുംബത്തിന് നൽകി അവരെ ആദരിക്കുകയും അഭിനന്ദിക്കുകയും കൂടുതൽ ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു.





# നിർധന അമ്മമാർക്ക് സാന്ത്വനമായി ഫോമാ – രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ സഹായം



എ.എസ് ശ്രീകുമാർ–
ഫോമാ ന്യൂസ് ടീം

പിറവം: ജന്മനാടിനോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി അമേരിക്കൻ മലയാളികളുടെ കേന്ദ്ര സംഘടനയായ ഫോമായും രാജീവ് ഗാന്ധി കൾച്ചറൽ ഫോറവും സംയുക്തമായി സംഘടിപ്പിച്ച 13-ാമത് 'അമ്മയോടൊപ്പം' ജീവകാരുണ്യ ചടങ്ങ് പിറവത്തെ നൂറുകണക്കിന് നിർധന വിധവകളായ അമ്മമാർക്ക് സ്നേഹോപഹാരങ്ങൾ സമ്മാനിച്ച് ചാണ്ടി ഉമ്മൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. നിർധനരും നിരാലംബരുമായവരെ ചേർത്ത് പിടിക്കാൻ സമൂഹം എന്നും ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും ഇത് പ്രശംസാർഹമാണെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

നിർധന വിധവകളായ അമ്മമാർക്ക് പുതുവർഷ സമ്മാനമായി വസ്ത്രം, ധാന്യക്കിറ്റ്, നാഗാർജ്ജുന ആയുർവ്വേദ മെഡിക്കൽ കിറ്റ്, സഹായധനം എന്നിവയും സ്നേഹവിരുന്നും നൽകിയാണ് യാത്രയാക്കിയത്. കഴിഞ്ഞ കഴിഞ്ഞ 12 വർഷമായി നിർധനരായ അമ്മമാർക്ക് ഉപഹാരങ്ങളും സാമ്പത്തിക സഹായവും മുടങ്ങാതെ നടത്തിവരുന്ന ജീവകാരുണ്യ പരിപാടിയാണ് 'അമ്മയോടൊപ്പം'. ജനുവരി 5, ഞായർ ഉച്ചയ്ക്ക് ഒരു മണിക്ക് പിറവം കമ്പാനിയൻസ് ക്ലബ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ രാജീവ് ഗാന്ധി കൾച്ചറൽ ഫോറം ചെയർമാൻ സാബു കെ ജേക്കബ് അധ്യക്ഷത വഹിച്ചു.

രാജീവ് ഗാന്ധി കൾച്ചറൽ ഫോറത്തിന്റെ രക്ഷാധികാരി കൂടിയായ പിറവം സ്വദേശി ബേബി മണക്കുന്നേൽ, ഫോമായുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിലുള്ള സന്തോഷം പങ്കുവച്ച് അദ്ദേഹത്തെ വേദിയിൽ വച്ച് ചാണ്ടി ഉമ്മൻ എം.എൽ.എ ആദരിച്ചു. അമ്മയോടൊപ്പം പദ്ധതിയിൽ ഫോമായുടെ കൈത്താങ്ങ് എന്നും നന്ദിയോടെ സ്മരിക്കുന്നുവെന്ന് സാബു കെ ജേക്കബ് പറഞ്ഞു. ചടങ്ങിൽ ഇന്ത്യയിലെ പ്രമുഖ പ്രൈവറ്റ് ഡെറ്റ്



പ്രൊവൈഡിംഗ് കമ്പനിയായ ഹാലോ എയർവെയ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എം.ഡിയും പിറവം സ്വദേശിയും മികച്ച യുവ സംരംഭകനുമായ ഷോബി റ്റി പോൾ, പിറവം സ്വദേശിയായ ചെറുകഥാകൃത്ത് എസ് സജിനി എന്നിവരേയും ആദരിച്ചു.

മുൻ എം.എൽ.എ എം.ജെ ജേക്കബ്, കൊച്ചി മുൻ മേയർ സൗമിനി ജെയിൽ, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ഫോമാ 2026 കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, സതേൺ റീജിയൺ വൈസ് പ്രസിഡന്റ് ബിജു ലോസൺ, ലാലി കളപ്പുരയ്ക്കൽ, പിറവം ജെ.എം.പി മെഡിക്കൽ സെന്റർ സെക്രട്ടറി കെ.വി മാത്യു. റോട്ടറി ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ എ.സി പീറ്റർ, യു.കെ മലയാളി അസോസിയേഷൻ അംഗം തോമസ് പുളിക്കൽ, അഡ്വ. ജിൻസി ഗോപകുമാർ, നാഗാർജുന ഏരിയ സെയിൽസ് മാനേജർ കെ.വി സന്തോഷ് കുമാർ, രാജീവ് ഗാന്ധി കൾച്ചറൽ ഫോറം ജനറൽ സെക്രട്ടറി കുര്യൻ പുളിക്കൽ, ഫോറം കൺവീനർ ജോമോൻ വർഗീസ്, വൈസ് ചെയർമാൻ അഡ്വ. കെ.എൻ ചന്ദ്രശേഖരൻ തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.


















Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# സ്മോക്കി മൗണ്ടൻ ഇങ്ങെടുത്തു




യാത്രാ വിവരണം

**സുനിൽ വല്ലാത്തറ**

**ഫ്ലോറിഡാ**


പതിവുള്ള വിന്റെർ വെക്കേഷൻ യാത്രയ്ക്കായി ഞാനും കുടുംബവും പ്രിയ സുഹൃത്ത് ഗ്രഹാമും കുടുംബവും ഇപ്രാവശ്യം തെരെഞ്ഞെടുത്തത് അമേരിക്കയിലെ ഏറ്റവും പ്രശസ്തമായ സ്മോക്കി മൗണ്ടൻ ആയിരുന്നു.

കൊളറാടോ എയർഫോഴ്സ് അക്കാഡമിയിലെ ഫൈനൽ ഇയർ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയായ ഞങ്ങളുടെ മൂത്ത മകൻ ഇമ്മാനുവൽ ഫ്ലോറിഡായിലെ ടാമ്പയിലെ ഞങ്ങളുടെ വീട്ടിൽ അവധിക്ക് എത്തിയശേഷം ഞാനും അനിതയും ഇമ്മാനുവും സാമൂവും ഗ്രഹാമും ബബിതയും റിയമോളും ജോഷ്കുട്ടനും അടങ്ങുന്ന സംഘം ഒരു എട്ടു സീറ്റുള്ള വാഗനീർ വാനിൽ ഡിസംബർ ഇരുപത്തിഒന്ന് ശനിയാഴ്ച രാവിലെ എട്ടു മണിയോട് കൂടി വീട്ടിൽ നിന്നും പുറപ്പെട്ടു

ഹൈവേ 75 നോർത്തിൽ കൂടിയുള്ള ഞങ്ങളുടെ യാത്രാ വളരെ ആനന്ദകരവും ആസ്വാദ്യകരവും ആയിരുന്നു യാത്രായ്ക്കിടയിൽ ആദ്യം ഉറക്കത്തിൽ ആയിരുന്ന സാമും ജോഷ് കുട്ടനും എണീറ്റത്തോടെ ഒച്ചപ്പാടും ബഹളവുമായി ഇരുവരും കളം നിറഞ്ഞു. ഏതാണ്ട് നാലു മണിക്കൂർ ഡ്രൈവിന് ശേഷം വിശ്രമത്തിനായി ഹൈവേയിലെ ഒരു റസ്റ്റ് ഏരിയയിൽ കയറിയ ഞങ്ങൾ വീടുകളിൽ നിന്നും പാചകം ചെയ്തു കൊണ്ടുവന്ന ഉച്ചഭക്ഷണം അവിടെ ഇരുന്നു കഴിച്ചു

ഏതാണ്ട് ഒരു മണിക്കൂർ റസ്റ്റ് ഏരിയയിൽ ചിലവഴിച്ച ശേഷം യാത്ര തുടർന്നപ്പോൾ അതുവരെ വാഹനം ഓടിച്ച ഗ്രഹാമിനു വിശ്രമം കൊടുത്തു കൊണ്ടു ഞാൻ ഡ്രൈവിംഗ് സീറ്റിലായി അന്നു ഞങ്ങൾ താമസിക്കുവാൻ എടുത്തിരുന്നത് അറ്റ്ലാന്റായ്ക്കടുത്തു സ്റ്റോൺ മൗണ്ട്ടൻൽ ഉള്ള ഒരു വീടായിരുന്നു. ഏതാണ്ട് അഞ്ചരയോടു കൂടി ഞങ്ങൾ താമസ സ്ഥലത്തെത്തി

എയർബിൻബി യുടെ വീടായിരുന്നത് കൊണ്ടു പാചകം ചെയ്യുവാൻ എല്ലാ സൗകര്യവും ഉണ്ടായിരുന്നത് കൊണ്ടു വീട്ടിൽ നിന്നും പറിച്ചു കൊണ്ടുവന്ന ഉദ്ദേശം 15 പൗണ്ടോളം ഉള്ള ഒരു ചുവടു കപ്പയുടെ കുറച്ചു എടുത്തു പുഴുങ്ങുകയാണ് ആദ്യം ചെയ്തത്

ഞങ്ങളുടെ ട്രിപ്പിന്റെ രണ്ടാം ദിവസം ഞങ്ങൾ ആദ്യം പോയത് ജോർജിയയിലെ പ്രശസ്തമായ സ്റ്റോൺ മൗണ്ട്ടൻ കാണുവാൻ ആണ്. വലിയ ഉയരത്തിൽ ഉള്ള ഈ സംഭവം ബബിതയും അനിതയും അല്പം പിറകിൽ പോയെങ്കിലും ഹൈകിങ്ങും വാക്കിങ്ങും കൂടുതൽ ഇഷ്ടപ്പെടുന്ന എനിക്കും ഗ്രഹാമിനും നന്നേ പിടിച്ചു

തുടർന്ന് അറ്റ്ലാന്റാ ഡൌൺ ടൌൺ മുഴുവൻ കറങ്ങി വേൾഡ് ഫേമസ് കൊക്കോ കോളയും സന്ദർശിച്ച ശേഷം ഞങ്ങൾ അവിടെനിന്നും ലഞ്ചിനു ശേഷം നാലു മണിക്കൂർ ഡ്രൈവുള്ള ഞങ്ങളുടെ അടുത്ത താമസ സ്ഥലമായ സ്മോക്കി മൗണ്ട്ടൻനോട് ചേർന്നുള്ള നോർത്ത് കരോളിനയിലെ വെയൻസ് വില്ലയിലേക്ക് പുറപ്പെട്ടു.

ഞങ്ങളുടെ തുടർന്നുള്ള മൂന്നു ദിവസത്തെ താമസ സ്ഥലമായ വെയൻസ് വില്ലയിലെ കാബിനിൽ എത്തിയപ്പോൾ കടുത്ത തണുപ്പായിരുന്നു. പക്ഷേ പെട്ടെന്ന് തന്നെ ബബിതയും അനിതയും കൂടി നല്ല കുത്തരി കഞ്ഞിയും ചമ്മന്തിയും പപ്പടവും പയർ ഉലത്തിയതും ഉണ്ടാക്കി ആ തണുപ്പിനെയും അതിജീവിച്ചു

ഞങ്ങളുടെ മൂന്നാം ദിവസം ഞങ്ങൾ കാണുവാൻ തെരെഞ്ഞെടുത്തത് സ്മോക്കി മൗണ്ട്ടൻ ആയിരുന്നു എങ്കിലും കനത്ത ഐസ് വീഴ്ച മൂലം റോഡുകൾ ബ്ലോക്ക് ചെയ്തിരുന്നതു കൊണ്ടു ഞങ്ങൾക്ക്

പോകുവാൻ സാധിച്ചില്ല പകരം നോർത്ത് കരോലിനിയിൽ നിന്നുള്ള സ്മോക്കിയുടെ അടിവാരം ആയ ചിറോക്കിയുടെ പരിസര പ്രദേശവും പ്രശസ്തമായ ജുനെലെസ്കാലേക്കും കണ്ട് തിരിച്ചു കാബിനിൽ എത്തി ക്രിസ്മസ് ആഘോഷിച്ചു.

നാലാം ദിവസം രാവിലെ എട്ടുമണിയോട് കൂടി പുറപ്പെട്ട ഞങ്ങൾക്ക് ന്യൂ ഫൗണ്ട് ഗ്യാപ് റോഡ് ഓപ്പൺ ആണെന്ന ഇൻഫർമേഷൻ ലഭിച്ചതിനെ തുടർന്ന് ഞങ്ങൾ ടെന്നെസ്സിയിലേക്ക് യാത്ര ചെയ്തത് ചിറോക്കിയിൽ നിന്നും 100 മൈലോളം സ്മോക്കിയുടെ താഴ്‌വാരത്തിൽ കൂടി രണ്ടര മണിക്കൂർ യാത്രാ ചെയ്തു കേഡ്സ് കോവിൽലേക്കാണ്

11 മൈലുകൾ മാത്രം ഉള്ള കേഡ്സ് കോവ് ചുറ്റി കാണുവാൻ ഞങ്ങൾക്ക് രണ്ടര മണിക്കൂർ എടുത്തു. വലിയ മൃഗങ്ങളെ കാണുവാൻ സാധിച്ചില്ലെങ്കിലും ഒരു പാട് മാനുകളും മ്ലാവുകളും യാത്രയിൽ ഉടനീളം കാണുവാൻ സാധിച്ചത് കുട്ടികളെ ഹരം പിടിപ്പിച്ചു. യാത്രയിൽ വിദേശ സഞ്ചാരികളെയും ധാരാളമായി കണ്ടു

തുടർന്ന് ടെന്നസിയിൽ നിന്നുള്ള സ്മോക്കിയുടെ ഗേറ്റ് വേ ആയ മനോഹര നഗരം ഗാറ്റ്ലിൻബർഗിൽ എത്തിയ ഞങ്ങൾ ഒരു ക്രിസ്മസ് ടൌൺ ന്റെ മനോഹാരിത മുഴുവൻ കണ്ടാസ്വദിച്ചു




തിരിച്ചു വൈകിന്നേരത്തോട് കൂടി ന്യൂ ഫൗണ്ട് ഗ്യാപ് റോഡിൽ കൂടി ചിറോക്കി ലക്ഷ്യം ആക്കി യാത്രാ തിരിച്ച ഞങ്ങൾക്ക് ഫോഗിന്റെ പ്രശ്നം ഉണ്ടായില്ലെങ്കിലും ഏതാണ്ട് ഒരുമണിക്കൂർ മൗണ്ടന്റെ മുകളിൽ കൂടിയുള്ള യാത്രയിൽ റോഡിന്റെ സൈഡിൽ നിറയെ ഐസ് കട്ടകൾ ഉണ്ടായിരുന്നു. വളരെ സാഹസികമായ ആ യാത്ര ആസ്വദിച്ചു ഞങ്ങൾ ഏഴുമണിയോടു കൂടി കാബിനിൽ എത്തി

ഇരുപത്തിഅഞ്ചാം തിയതി ബുധനാഴ്ച ഞങ്ങളുടെ പാക്ക്അപ്പ് ആയിരുന്നു രാവിലെ ബ്രേക്ക് ഫാസ്റ്റിനു ശേഷം സാമു ലീഡ് ചെയ്ത പ്രയർ കഴിഞ്ഞു 10 മണിക്ക് ക്യാബിൻ ചെക്ക് ഔട്ട് ചെയ്തു ഏതാണ്ട് 10 മണിക്കൂർ നീളുന്ന ടാമ്പായിലേക്കുള്ള യാത്രയ്ക്കായി ഞങ്ങൾ പുറപ്പെട്ടു

കഴിഞ്ഞ അഞ്ചു ദിവസം നീണ്ട യാത്രയെ പറ്റിയും കാഴ്ചകളെ പറ്റിയും സംസാരിച്ചും ചിരിച്ചും വൈകിട്ടു 8 മണിയോടുകൂടി വീട്ടിൽ തിരിച്ചു എത്തിയപ്പോൾ ജോഷ് കുട്ടൻ പറയുകയാണ് സ്മോക്കി മൗണ്ടൻ ഇങ്ങെടുത്തു എന്നു. ഇതോടു കൂടി ഞങ്ങളുടെ ചിരി കൂട്ട ചിരിയായി.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave,
New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road,
Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

# മൈജോ മൈക്കിൾസ് കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡന്റ്; റോഷിത പോൾ സെക്രട്ടറി



ബാൾട്ടിമോർ: ഊർജസ്വലമായ പുതു നേതൃത്വമുമായി കൈരളി ഓഫ് ബാൾട്ടിമോർ പുതിയ ഉയരങ്ങളിലേക്ക്. മൈജോ മൈക്കിൾസ് (പ്രസിഡന്റ്), ഓസ്റ്റിൻ ആലുവത്തിങ്കൽ (വൈസ് പ്രസിഡണ്ട്), റോഷിത പോൾ (സെക്രട്ടറി), മരിയ തോമസ് (ട്രഷറർ), സൂര്യ ചാക്കോ (ജോയിന്റ് സെക്രട്ടറി), ബിജോ തോമസ് (ജോയിന്റ് ട്രഷറർ) എന്നിവരാണ് പുതിയ സാരഥികൾ

അനന്തമായ സാദ്ധ്യതകളുടെ ഭാവിയിലേക്ക് കൈരളി സമൂഹത്തെ നയിക്കാൻ വ്യക്തമായ കാഴ്ചപ്പാടും പ്രതിബദ്ധതയുമായി രംഗത്തുവന്നിരിക്കുന്ന പ്രസിഡന്റ് മൈജോ മൈക്കിൾസിനും എക്സിക്യൂട്ടീവ് കമ്മിറ്റിക്കും മുഴുവൻ ടീമിനും അഭിവാദ്യങ്ങൾ.

സംഘടനയിൽ വളർച്ചയും മികച്ച സാംസ്കാരിക ആഘോഷങ്ങളും അർത്ഥവത്തായ സൗഹൃദവും വാഗ്ദാനം ചെയ്തുകൊണ്ട് പുതിയ ടീം കൈരളിയുടെ യാത്രയിൽ ആവേശകരമായ ഒരു അധ്യായത്തിന് തയ്യാറാകുവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

പുതിയ പ്രസിഡന്റ് മൈജോ മൈക്കിൾസ് കൈരളി സമൂഹത്തെ അസാധാരണമായ ഒരു വർഷത്തിലേക്ക് കൈപിടിച്ചുയർത്താൻ പ്രതിജ്ഞാബദ്ധനായ ദീർഘവീക്ഷണമുള്ള കരുത്തുറ്റ വ്യക്തിത്വമാണ്. മറ്റുള്ളവരിലെ മികവ് തിരിച്ചറിയാനും ബന്ധങ്ങൾ വളർത്താനുമുള്ള കഴിവിന് പേരുകേട്ട മൈജോ ഒരു യഥാർത്ഥ നേതാവിന്റെ പ്രതീകമാണ്. ജോൺസ് ഹോപ്കിൻസ് സർവകലാശാലയിൽ

നിന്ന് ഇൻഫർമേഷൻ സിസ്റ്റത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഐ ടി പ്രൊഫഷണലായ അദ്ദേഹത്തിന്റെ സേവന യാത്ര ഐക്യത്തിന്റെയും സമർപ്പണത്തിന്റെയും മൂല്യങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണ്. ഭാര്യ ഡോ. ആനി മൈക്കിൾസ്, ജിബിഎം സി ഹോസ്പിറ്റലിലെ ഫിസിഷ്യൻ. പുത്രന്മാരായ മാത്യു, ടോം, ജോൺ എന്നിവരും അദ്ദേഹത്തിന്റെ ഏറ്റവും സപ്പോർട്ടേഴ്സ് ആണ്. സാംസ്കാരിക പൈതൃകം ആഘോഷിക്കുന്നതിനും ശാശ്വതമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനുമുള്ള അചഞ്ചലമായ അഭിനിവേശത്തോടെ, 2025-ൽ കൈരളി സമൂഹത്തെ പ്രചോദിപ്പിക്കാനും ഒന്നിപ്പിക്കാനും പുതിയ ഉയരങ്ങളിലേക്ക് ഉയർത്താനും മൈജോ ഒരുങ്ങുകയാണ്.

അസാധാരണമായ കഴിവും, പരിവർത്തനാത്മകമായ വളർച്ചയ്ക്കുള്ള കാഴ്ചപ്പാടുമായി ഓസ്റ്റിൻ ആലുവത്തിങ്കൽ വൈസ് പ്രസിഡണ്ടായി സ്ഥാനമേൽക്കുന്നു. നൂതനമായ ചിന്തയ്ക്കും ചലനാത്മക നേതൃത്വത്തിനും പേരുകേട്ട ഓസ്റ്റിൻ, പ്രസിഡന്റുമായും എക്സിക്യൂട്ടീവ് ടീമുമായും ചേർന്ന് പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധനാണ്. പരസ്പര സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും കമ്മ്യൂണിറ്റി പ്രോഗ്രാമുകൾവിജയിപ്പിക്കുന്നതിനും ശക്തമായ ഊന്നൽ നൽകി , കൈരളിയുടെ പ്രവർത്തനം പുനർനിർവചിക്കാനും ഉയർത്താനും അദ്ദേഹംലക്ഷ്യമിടുന്നു.

കമ്മ്യൂണിറ്റിയുമായി മികച്ച ബന്ധം, നവീകരണത്തെ പ്രോത്സാഹിപ്പിക്കൽ , സുസ്ഥിര വളർച്ച എന്നിവയോടുള്ള ആവേശകരമായ പ്രതിബദ്ധതയോടെയാണ് റോഷിത പോൾ സെക്രട്ടറി സ്ഥാനത്തെത്തുന്നത്. ഭർത്താവ് സ്റ്റാൻലി എത്തുനിക്കലിനൊപ്പം മേരിലാൻഡിൽ താമസം. എപ്പിഡെമിയോളജിയിൽ സ്പെഷ്യലൈസ് ചെയ്ത പബ്ലിക് ഹെൽത്തിൽ ബിരുദാനന്തര ബിരുദം നേടിയ റോഷിത, തന്റെ അക്കാദമിക് വൈദഗ്ധ്യം സംഘടനാപ്രവർത്തനവുമായി സമന്വയിപ്പിക്കുന്നു. ഡൈനാമിക്ക് നേതൃത്വവും നൂതനമായ സമീപനവും നിസ്സംശയമായുംകൈരളിക്കുംപൊതു സമൂഹത്തിനും മുതൽക്കൂട്ടാകും.

സാമ്പത്തിക മികവിനും സംഘടനാപരമായ വളർച്ചയ്ക്കും ശക്തമായ പ്രതിബദ്ധതയോടെയാണ് ട്രഷറർ സ്ഥാനം മരിയ തോമസ് ഏറ്റെടുക്കുന്നത്. ഭർത്താവ് ആശിഷ് തോമസ്. രണ്ട് മക്കൾ. സർട്ടിഫൈഡ് പ്രൊഫഷണൽ അക്കൗണ്ടന്റ്(സിപിഎ) ആയ അവർ സംഘടനയുടെ സാമ്പത്തിക ആരോഗ്യവും സുതാര്യതയും ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു . ശക്തമായ സാമ്പത്തിക ആസൂത്രണവും കൃത്യമായ ബജറ്റിംഗും നടപ്പിലാക്കാൻ മരിയ പദ്ധതിയിടുന്നു. കമ്മ്യൂണിറ്റി ഇടപഴകലും അർഥവത്തായ പരിപാടികളും പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എക്സിക്യൂട്ടീവ് ടീമിനെ പ്രാപ്തരാക്കുന്ന ശക്തമായ സാമ്പത്തിക അടിത്തറ സൃഷ്ടിക്കുന്നതിൽ അവർ പ്രവർത്തിക്കും. തന്റെ വിശകലന വൈദഗ്ധ്യവും സജീവമായ സമീപനവും കൊണ്ട്, സംഘടനയെ പുതിയ തലത്തിലേക്കുയർത്താൻ അവർ പ്രതിജ്ഞാബദ്ധയാണ്

ജോയിന്റ് സെക്രട്ടറി സൂര്യ ചാക്കോ സംഘടനയിൽ വിവിധ സ്ഥാനങ്ങൾ വഹിച്ചു മികവ് തെളിയിച്ച വ്യക്തിയാണ്. മുമ്പ് വിമൻസ് ഫോറം ചെയർ ഉൾപ്പെടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് തന്റെ നേതൃത്വവും കാഴ്ചപ്പാടും കൊണ്ട് മാറ്റങ്ങൾക്കു വഴിയൊരുക്കി. കൊച്ചിയിൽ ജനിച്ച സൂര്യ മേരിലാൻഡിലെ പെറി ഹാളിൽ ഭർത്താവ് ഡോ. എൽദോ ചാക്കോയും മൂന്ന് മക്കൾക്കുമൊപ്പം താമസിക്കുന്നു . ഫാമിലി നഴ്സ് പ്രാക്ടീഷണർ, സൈക്യാട്രിക് നഴ്സ് പ്രാക്ടീഷണർ എന്നീ നിലകളിൽ ബിരുദാനന്തര ബിരുദവും നഴ്സിംഗ് പ്രാക്ടീസിൽ (ഡിഎൻപി) ഡോക്ടറേറ്റും നേടിയിട്ടുണ്ട്. മെഡ്സ്റ്റാർ ഹെൽത്തിൽ പ്രവർത്തിക്കുന്നു, 2025-2026 കാലയളവിൽ ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് മേരിലാൻഡിന്റെ പ്രസിഡന്റായും പ്രവർത്തിക്കുന്നു. തന്റെ പ്രൊഫഷണൽ മികവ്, സഹകരണ മനോഭാവം, സേവനത്തോടുള്ള അചഞ്ചലമായ അഭിനിവേശം എന്നിവയാൽ, കൈരളിയുടെ ദൗത്യവും കാഴ്ചപ്പാടും ഉയർത്തുന്നതിൽ സൂര്യ ഒരു പ്രധാന പങ്ക് വഹിക്കാൻ ഒരുങ്ങുകയാണ്.

സാമ്പത്തിക മികവിനും കമ്മ്യൂണിറ്റി സേവനത്തിനുമുള്ള നിശ്ചയദാർഢ്യത്തോടെ ബിജോ തോമസ് ജോയിന്റ് ട്രഷറർ സ്ഥാനമേൽക്കുന്നു . ഭാര്യ അമ്പിളി ജോർജിനും രണ്ട് കുട്ടികൾക്കുമൊപ്പം മേരിലാൻഡിലെ എല്ലിക്കോട്ട് സിറ്റിയിലാണ് താമസിക്കുന്നത്. യു.എസ്. ഫെഡറൽ ഗവൺമെന്റിന്റെ ഇന്റേണൽ റവന്യൂ സർവീസിലെ ഔദ്യോഗിക ചുമതലയിൽ നിന്ന് നേടിയ അനുഭവസമ്പത്തിനൊപ്പം, ഏജൻസികളിലും ഡിപ്പാർട്ട്മെന്റുകളിലുമുള്ള നെറ്റ്വർക്കിംഗിൽ ബിജോ അസാധാരണമായ വൈദഗ്ദ്ധ്യം കൊണ്ടുവരുന്നു, ഇത് സംഘടനയുടെ സാമ്പത്തിക മാനേജുമെന്റിനും തന്ത്രപരമായ ആസൂത്രണത്തിനും ഗുണപ്രദമാകും.

മുൻപ് വൈസ് പ്രസിഡന്റായി ചലനാത്മക നേതൃത്വവും കമ്മ്യൂണിറ്റി ഇടപഴകൽ വളർത്തുന്നതിനുള്ള ആഴത്തിലുള്ള പ്രതിബദ്ധതയും പ്രകടിപ്പിച്ച വ്യക്തിയാണ് . സാമ്പത്തിക ഉത്തരവാദിത്തം, സുതാര്യത, സാമ്പത്തിക സ്ഥിരത എന്നിവ ഉറപ്പാക്കാൻ അദ്ദേഹം ട്രഷററുമായും എക്സിക്യൂട്ടീവ് ടീമുമായും ചേർന്ന് പ്രവർത്തിക്കും. അദ്ദേഹത്തിന്റെ അചഞ്ചലമായ അർപ്പണബോധവും തന്ത്രപരമായ വൈദഗ്ധ്യവും സംഘടനയെ പരിവർത്തന വർഷമാക്കി മാറ്റുമെന്ന് ഉറപ്പ്.

(പബ്ലിക് റിലേഷൻസ് ടീം തയ്യാറാക്കിയത്: ചെയർ- ജോബി കെ. ജോസ്, കോ

-ചെയേഴ്സ് - മാത്യൂസ് തോമസ്, ആൻഡ്രിയ തയ്യിൽ. അംഗങ്ങൾ- ഡോ. മധുസൂദൻ

നമ്പ്യാർ, ബിബി തോംസ്, ജോഷാ തോമസ്, നിജോ. പുത്തൻപുരക്കൽ)




CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Health Insurance
Short-term and Long-term
Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Charitable Planning Strategies
Home Owner's Insurance*
Auto Insurance*
Estate Conservation

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഗാർലാൻഡ് മേയറായി പി. സി. മാത്യുവിന്റെ ക്യാമ്പയിൻ തുടക്കം ഹരമായി



(വാർത്ത: പി. പി. ചെറിയാൻ)

ഡാളസ്: 2025 മെയ് മൂന്നിന് ഒഴിവു വരുന്ന ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥി പി. സി. മാത്യുവിന്റെ ഒഫിഷ്യൽ ക്യാമ്പയിൻ കിക്ക് ഓഫ് ഗാര്ലാണ്ടിലെയും പരിസര സിറ്റികളിലെയും വോട്ടർമാർക്കിടയിൽ ഹരം പകർന്നുകൊണ്ട് കഴിഞ്ഞ ഡിസംബർ 29 ന് വൈകിട്ട് കെ. ഇ. എ. ഹാളിൽ അരങ്ങേറി. വിവിധ വിഭാഗങ്ങളിലുള്ള വോട്ടർമാർ പങ്കെടുത്തു എന്നുള്ളത് നാനാത്വം വിളിച്ചറിയിക്കുകയും എല്ലാ സമൂഹത്തെയും ചേർത്ത് പിടിക്കുമെന്നുള്ള പി. സി. യുടെ ഴ്ചപ്പാടിന് പകിട്ടേറുകയും ചെയ്തു.

ക്യാമ്പയിൻ മാനേജർ മാർട്ടിൻ പാടേറ്റി പരിപാടികൾ നിയന്ത്രിച്ചു. പി. സി. മാത്യു വിനെ ജയിപ്പിക്കാൻ ആവേശത്തോടെ എത്തിയവരെ അദ്ദേഹം അതെ ആവേശത്തോടെ സ്വാഗതം ചെയ്തു.

പി. സി. മാത്യുവിന്റെ വിജയത്തിനായി പാസ്റ്റർ കാർലാൻഡ് റൈറ്റ് പ്രാർത്ഥിച്ചു തുടക്കം കുറിച്ച പരിപാടികൾക്ക് അഗപ്പേ ചർച് സീനിയർ പാസ്റ്ററും അഗപ്പേ ഹോം ഹെൽത്ത് പ്രഡിഡണ്ടും സംഗീതജ്ഞനുമായ ഷാജി കെ ഡാനിയേൽ പി. സി. മാത്യുവിന്റെ സാമൂഹ്യ പ്രതിബദ്ധതയെ പറ്റി ഊന്നി പറയുകയും വർഷങ്ങളായി പി. സി. യുമായുള്ള ബന്ധത്തെ പറ്റി വിവരിക്കുകയും തന്റേയും തന്റെ സുഹൃത്തുക്കളുടെയും പരിപൂർണ പിന്തുണ അറിയിക്കുകയും ചെയ്തു.

ക്യാമ്പയിൻ ട്രഷററും ഡാളസ് കോളേജ് പ്രൊഫസറും സാമൂഹ്യ പ്രവർത്തകനും കൂടിയായ ബിൽ ഇൻഗ്രാം പി സി. യുടെ പ്രധാന ലക്ഷ്യങ്ങളായ സുരക്ഷിതത്വം, സാമ്പത്തീക മുന്നേറ്റം, ഇൻഫ്രാസ്ട്രക്ചർ മുതലായവയെ പറ്റി പ്രതിപാദിച്ചു പ്രസംഗിക്കുകയും പി. സി. പറയുക മാത്രമല്ല പ്രവർത്തിച്ചു കാണിക്കുവാനും കഴിവുള്ള ആളാണെന്ന് വ്യക്തമായി അറിയാമെന്നും അദ്ദേഹം പറഞ്ഞു.

അഖിലും മിസ്സസ് പ്രശാന്തും ചേർന്നു പാടിയ ഗാനങ്ങൾ സദസിൽ ആത്മീയ സന്തോഷം പകർന്നു.

ക്യാമ്പയ്ഗൻ കമ്മിറ്റി അംഗം റയാൻ കീലൻ, പി. സി. മാത്യുവിനെ കൂടുതലായി സദസിനു പരിചയപ്പെടുത്തി. ഹോം ഔനേഴ്സ് അസ്സോസിയേഷനിലൂടെ പരിചയപ്പെട്ടതുമുതൽ പി. സി. ഗാർലാൻഡ് സിറ്റിയിൽ ബോർഡിലും കമ്മീഷനിലും ഒക്കെ സേവനം അനുഷ്ഠിച്ച പ്രവർത്തനങ്ങളെ പറ്റി എടുത്തു പറഞ്ഞു. പി. സി. മാത്യു കേരളത്തിൽ മഹാത്മാ ഗാന്ധി യൂണിവർസിറ്റിയിൽ സെനറ്റിൽ അംഗമായിരുന്നെന്നും ബഹ്റൈൻ ഇന്ത്യൻ സ്കൂളിൽ ബോർഡ് മെമ്പർ ആയും സ്‌പോർട്സ് സബ്കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചു എന്നും പി. സി. യെ ഗാർലാൻഡ് മേയറായി തെരഞ്ഞെടുക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ക്യാമ്പയിൻ ടീമിൽ അംഗമായ ലാറ്റിനോ കമ്മ്യൂണിറ്റിയുടെ കോഓർഡിനേറ്റർ കൂടിയായ ജോഷ് ഗാർഷ്യ പി. സി. തന്റെ സഹോദരനെ പോലെയാണെന്നും എല്ലാ പിന്തുണയും നൽകുമെന്നും പറഞ്ഞു. ഗാർലാൻഡ് സിറ്റി ബോർഡിലും മറ്റും പ്രവർത്തിക്കുന്ന യുവ നേതാവും അധ്യാപകനുമായ ജോ മാവേര തന്റെ പരിപൂർണ പിന്തുണ അറിയിച്ചുകൊണ്ട് പ്രസംഗിച്ചു.

പാസ്റ്റർ ഇർവിൻ ബാരെറ്റ് പി. സി. മാത്യുവിനെ പോലെ എല്ലാവരെയും ഉൾക്കൊള്ളുവാനും സ്നേഹിക്കുവാനും കഴിയുന്നവരാണ് നേതൃത്വത്തിലേക്ക് കട





ന്നുവരേണ്ടതെന്നും എല്ലാ പിന്തുണയും നൽകുമെന്നും തന്റെ പ്രസംഗത്തിൽ പറഞ്ഞു. ജസ്റ്റിസ് ഓഫ് പീസ് കോളിൻ കൗണ്ടിയിൽ ജഡ്ജ് ആയി മത്സരിച്ച സ്ഥാനാർഥി കൂടിയാണ് പാസ്റ്റർ ഇർവിൻ.

സിറ്റി ഓഫ് സാക്സി കൌൺസിൽ സ്ഥാനാർഥി കൂടിയായ ഗുരുവിന്ദർസിംഗ് തന്റെ പ്രസംഗത്തിൽ പി. സി. മാത്യുവിനെ പോലെ പാഷൻ ഉള്ള ലീഡേഴ്സ് ആണ് സമൂഹത്തിന് ആവശ്യം എന്ന് എടുത്തു പറയുകയും പിന്തുണ അറിയിക്കുകയും ചെയ്തു.

മുസ്ലിം സമൂഹത്തെ പ്രതിനിധീകരിച്ചു സൈഫുൽ ഇസ്ലാം പ്രസംഗിക്കുകയും എല്ലാവരേയും ഉൾകൊള്ളുന്ന മനോഭാവത്തെ അംഗീകരിക്കുകയും പിന്തുണ അറിയിക്കുകയും ചെയ്തു. മലയാളീ സമൂഹത്തിനായി റിയൽട്ടറും കാമ്പയിൻ അംഗവും കൂടിയായ എബ്രഹാം മാത്യു  പ്രസംഗിച്ചു പിന്തുണ അറിയിച്ചു.

ക്യാമ്പയിൻ അംഗമായ ആഷ്‌ലി വിൻസ്റ്റൺ പി. സി. മാത്യു അമേരിക്കൻ സമൂഹത്തിൽ പ്രവർത്തിച്ചു ജനപിന്തുണയുള്ള നേതാവാണെന്ന് തന്റെ പ്രസംഗത്തിൽ പറഞ്ഞു.

ആഫ്രിക്കൻ അമേരിക്കൻ വംശജ കൂടിയായ ആഷ്‌ലി തന്റെയും കുടുംബത്തിന്റെയും എല്ലാ സഹായവും നൽകുമെന്നും എടുത്തു പറയുകയുണ്ടായി.

പി. സി. മാത്യു തന്റെ മറുപടി പ്രസംഗത്തിൽ 2005 ൽ അമേരിക്കയിൽ കാലു കുത്തിയപ്പോൾ ആദ്യമായി താമസിച്ചത്മു ഗാർലണ്ടിൽ. പിന്നീട്ത ഇർവിങ്ങിലേക്കു കുട്ടികളുടെ സ്കൂൾ ആവശ്യവുമായി മാറേണ്ടി വന്നെങ്കിലും 2014 ൽ ഗാർലണ്ടിൽ വീടു വാങ്ങി. ഗാർലണ്ടിലെ റോസ്ഹിൽ റോഡിലുള്ള സീറോ മലബാർ ചർച്ചിലും, ലോക്കസ്റ്റ്പ ഗ്രൂവിലുള്ള സെയിന്റ് ഗ്രീഗോറിയോസ് ചര്ച് ഓഡിറ്റോറിയത്തിലും പല പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഗാർലാൻഡ് സിറ്റിയിൽ ബോർഡ് ആൻഡ് കമ്മീഷനുകളിൽ പ്രവർത്തിക്കുവാനും അവസരം ലഭിച്ചു.

മേയറുമായും കൗൺസിൽ അംഗങ്ങളുമായി സുഹൃത് ബന്ധം ശപിച്ചു.  ഗാർലാൻഡ് തന്റെ പ്രവർത്തന മേഖലയിൽ അന്നും ഇന്നും പ്രധാനപ്പെട്ട സിറ്റിയായിരുന്നു. അതുകൊണ്ടു തന്നെ തന്റെ വിജയത്തിനായി സഹായിക്കണമെന്ന് പി. സി. വിനീതമായി അഭ്യർത്ഥിച്ചു.

തന്റെ ഭാര്യ ഡെയ്സി മാത്യു, മകൾ ആലിൻ മാത്യു, മരുമകൻ ടിമോ കുരിയൻ, മകൻ അൻസൽ മാത്യു, തന്റെ മൂത്ത സഹോദരി ഭർത്താവ് തോമസ് മാത്യു എന്നിവരുമായി കുടുംബയാണ് കാമ്പയിൻ കിക്ക് ഓഫിന് പി. സി. എത്തിയത്.

സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന പല നേതാക്കളും പരിപാടിയിൽ പങ്കുടുത്തു ക്യാമ്പയിൻ കിക്ക് ഓഫ്  മനോഹരമാക്കി. പി. പി. ചെറിയാൻ, വര്ഗീസ് കയ്യാലക്കകം, പാസ്റ്റർ സണ്ണി വെട്ടാപ്പാല, പാസ്റ്റർ സാമുവേൽ ജോൺ, ജോളി സാമുവേൽ, ഹെറാൾഡ് പത്രാധിപർ തരകൻ സാർ, തോമസ് ചെല്ലേത്ത്, അനശ്വർ മാമ്പിളി, ജോൺ സാമുവേൽ, ജിൻസ് മാടമാണ (ഗ്രേസ് ഇൻഷുറൻസ്), കാൽ ജോർജ്, ബെന്നി ജോൺ, ജെയ്സി ജോർജ്ജ്സ,  സജി സ്കറിയ (സൗണ്ട്) മുതലായവർ പങ്കെടുത്തു

പരിപാടി ആവേശകരമാക്കി. ഐറിനും ടിന്റുവും നയിച്ച യുഗ്മ ഗാനവും ജയകുമാർ പിള്ളയും അൽസ്റ്റർ മാമ്പിള്ളിയും മറ്റു പാട്ടുകാരും ഒപ്പം ഡാളസിലെ അറിയപ്പെടുന്ന പാട്ടുകാരനായ ചാർളി വാരണത്തിന്റെ പാട്ടും പരിപാടികൾക്ക് മാറ്റു കൂട്ടി. പങ്കെടുത്തു പിന്തുണ നൽകിയ ഏവർകും ഒപ്പം അത്താഴം ഒരുക്കിയതോടൊപ്പം എല്ലാ സഹായവും നൽകിയ കിയ ഉടമ സിബി, ഷാനു, അനിയൻകുഞ്ഞു എന്നിവരോടും സ്റ്റാഫിനോടുമുള്ള നന്ദിയും പി. സി. മാത്യു അറിയിച്ചു. പി. സി. മാത്യു വിജയിക്കുവാൻ സാമ്പത്തികം ഉൾപ്പടെ എല്ലാ സഹായവും നൽകണമെന്ന് കാമ്പയിൻ മാനേജർ മാർട്ടിൻ പടേറ്റി അറിയിച്ചു.




"Building a Brighter Future, Together for Garland"
All are Welcome
Campaign
KICK
Merry Christmas


Campaign
Merry Christmas


KICK OFF
at 4:30 PM


"Building a Bri













"Building


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# ജെംസൺ കുര്യാക്കോസ്: കല ജീവിതം തന്നെ



**മീട്ടു റഹ്മത്ത് കലാം**

കലാകാരൻ എന്ന നിലയിൽ അമേരിക്കൻ മലയാളികള്ക്ക് സുപരിചിതനായ ജെംസൺ കുര്യാക്കോസ് വ്യത്യസ്തനാകുന്നത് ആഴമേറിയ സൗഹൃദം കൊണ്ടാണ്. അദ്ദേഹത്തിന്റെ അമ്പതാം ജന്മദിനം പ്രമാണിച്ചു സുഹൃത്തുക്കൾ സർപ്രൈസ് പാർട്ടി ഒരുക്കിയപ്പോൾ വന്നെത്തിയത് ട്രൈസ്റ്റേറ്റ് മേഖലയിലെ പ്രമുഖരടക്കം 200 ൽ പരം പേർ! ഇത്രയും പേർ ഒരു പാർട്ടിക്ക് എത്തണമെങ്കിൽ അതിന്റെ കാരണക്കാരനും അത് സംഘടിപ്പിക്കുന്നവരും എത്രയധികം സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു എന്നത് വ്യക്തം. സൗഹൃദങ്ങളിലെ ഈ സമ്പന്നത അധികമാർക്കും കൈവരിക്കാനാവുന്നതല്ല.

അൻപത് എന്ന നാഴികക്കല്ല് കടക്കുന്നുവെങ്കിലും യുവത്വം കൈമോശം വരാത്ത ജെംസൺ വിവിധ തലങ്ങളിലാണ് പ്രവർത്തിക്കുന്നത്. സംഗീതം ജന്മസിദ്ധമായ കഴിവാണ്. പരിപോഷിപ്പിക്കാതെയും പ്രോത്സാഹനം ലഭിക്കാതെയും മൂടിവച്ചാലും പാടാൻ നിയോഗമുള്ളവർ പാടുക തന്നെ ചെയ്യും എന്നതിന് ഉദാഹരണമാണ് ജെംസൺ . ജീവിതം അരനൂറ്റാണ്ട് പിന്നിടുമ്പോൾ, മതത്തിന്റെ പേരിൽ സംഗീതപഠനം മുടങ്ങിയതുൾപ്പെടെയുള്ള തന്റെ അനുഭവങ്ങൾ അദ്ദേഹം ഇ-മലയാളി വായനക്കാരുമായി പങ്കുവയ്ക്കുകയാണ്...

**ആദ്യകാലജീവിതം?**

തൃശൂരാണ് സ്വദേശം. ഏകദേശം 25 അംഗങ്ങളുള്ള കൂട്ടുകുടുംബത്തിലാണ് ഞാൻ ജനിച്ചത്. പിതാവിന്റെ കുടുംബം പ്രൊട്ടസ്റ്റന്റ് ചർച്ചിലെ യാഥാസ്ഥിക വിശ്വാസികളായിരുന്നു. എട്ടാം ക്ലാസ് വരെ അവിടെയാണ് വളർന്നത്. ആ നാട്ടിലെ സകല കുട്ടികളും കളിക്കാൻ ഒത്തുകൂടിയിരുന്നത് ഞങ്ങളുടെ വീട്ടിലാണ്.സിനിമ കാണുന്നതും പാട്ടുപാടുന്നതുമെല്ലാം പാപമാണെന്ന് കരുതുന്നവരായതുകൊണ്ട് കലാപരമായ കഴിവുകൾക്ക് യാതൊരുവിധ പ്രോത്സാഹനവും ലഭിച്ചിരുന്നില്ല.ക്രിസ്തീയ ഗീതങ്ങൾ മാത്രമേ പാടിയിരുന്നുള്ളു. ഒരു ദിവസം പാട്ട് ക്ലാസ്സിൽ ചേർന്നത് ഓർമ്മയുണ്ട്. പാട്ടുപഠിക്കുന്നത് ബൈബിൾ വിശ്വാസങ്ങൾക്ക് എതിരാണെന്ന് പറഞ്ഞ് പിറ്റേ ദിവസം തന്നെ അപ്പാപ്പൻ അത് വിലക്കി.

ചായിപ്പൻകുഴി ഗവണ്മെന്റ് എൽപി സ്കൂൾ, വെള്ളിക്കുളങ്ങര കോൺവെന്റ് സ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഞാൻ പഠിച്ച കോൺവെന്റിലെ മ്യൂസിക് ടീച്ചറാണ് 'വരവീണ മൃദുപാണി' എന്നുതുടങ്ങുന്ന ഒരു ഗീതം ആദ്യമായി പഠിപ്പിച്ചത്. മറ്റൊന്നും പഠിക്കാത്തതുകൊണ്ടായിരിക്കും,ഇടയ്ക്കിടെ ഈ ഗീതം തന്നെ ഉരുവിട്ട് ഹൃദിസ്ഥമാക്കിയിരുന്നു. ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഫോട്ടോഗ്രാഫി മത്സരത്തിൽ ജില്ലാതലത്തിൽ സമ്മാനം ലഭിച്ചിട്ടുണ്ട്.എട്ടാം ക്ലാസ് മുതൽ കുറ്റിക്കാട് സെന്റ് സെബാസ്ററ്യൻസിൽ ഹൈസ്കൂളിലായിരുന്നു. പിന്നീട് വടക്കാഞ്ചേരി വ്യാസ എൻഎസ്എസ് കോളജിൽ പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പിന് ചേർന്നു.കണക്കിൽ ബിരുദം നേടിയതും അവിടെ നിന്നുതന്നെയാണ്.






സൗകര്യാർത്ഥം അമ്മച്ചിയുടെ തറവാടുവീട്ടിലായിരുന്നു ആ സമയത്ത് താമസം.അതും കൂട്ടുകുടുംബമായിരുന്നു.അവർ ഓർത്തോഡോക്സ് യാക്കോബായ സഭക്കാരായിരുന്നതുകൊണ്ട് പാര്യേതര പ്രവർത്തനങ്ങൾക്ക് വിലക്കൊന്നുമുണ്ടായിരുന്നില്ല. മാതൃസഹോദരന് സംഗീതത്തിൽ താല്പര്യമുണ്ടായിരുന്നു. അദ്ദേഹമാണ് എന്നെ പാടാൻ പ്രോത്സാഹിപ്പിച്ചത്.

വോളിബോൾ ടീമിലും ഉണ്ടായിരുന്നു. കമ്പ്യൂട്ടർ ബൂം വന്ന കാലയളവായതുകൊണ്ട് അന്നത്തെ ചെറുപ്പക്കാരെപ്പോലെ ഐടി പരിജ്ഞാനം നേടുകയും ചാലക്കുടിയിൽ തന്നെ അഞ്ചുവർഷം കമ്പ്യൂട്ടർ മേഖലയിൽ പ്രവർത്തിക്കുകയും ചെയ്തു.സ്വന്തമായി ഒരു വരുമാനം വന്ന ശേഷം, പാട്ട് ഗൗരവത്തോടെ കാണാനും വാരാന്ത്യങ്ങളിൽ പ്രോഗ്രാമുകൾ ചെയ്യാനും തുടങ്ങി.




**അമേരിക്കയിൽ വന്ന ശേഷമാണോ കലാരംഗത്ത് കൂടുതൽ തിളങ്ങാൻ സാധിച്ചത്?**

എന്റെ ലോകം കുറച്ചുകൂടി വിശാലമാക്കിയത് അമേരിക്കയാണ്. എന്നാൽ,ആ യാത്ര എളുപ്പമായിരുന്നില്ല. ഡിവോഷണൽ പ്രോഗ്രാമുകൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ അമേരിക്കയിൽ വന്ന ആദ്യ ഏഴെട്ടുവർഷം കാത്തിരുന്നിട്ട് ആകെ രണ്ട് പരിപാടികളിൽ മാത്രമേ പങ്കെടുക്കാൻ കഴിഞ്ഞുള്ളൂ. ഇവിടെ അതിന് ഡിമാൻഡ് ഇല്ലെന്ന് പിന്നീട് മനസ്സിലായി. സെക്കുലർ പ്രോഗ്രാമുകളുടെ ഭാഗമായതോടെ കൂടുതൽ പേർ എന്നെ അറിയാൻ തുടങ്ങി.തുടർന്ന്, ട്രൈ-സ്റ്റേറ്റ് മേഖലയിൽ മിക്കവാറും വാരാന്ത്യങ്ങളിൽ പ്രോഗ്രാമുകൾ ലഭിക്കുകയും ചെയ്തു.കേരളത്തിൽ നിന്ന് ചലച്ചിത്രതാരങ്ങൾ വരുന്ന ഷോകളിൽ അസിസ്റ്റ് ചെയ്യാനും അവസരമുണ്ടായി.

**റേഡിയോ ജോക്കി ആയും പ്രവർത്തിച്ചിരുന്നല്ലോ?**

ഇവന്റ് ക്യാച്ച് എന്ന കമ്പനി എന്നെ ഒരു പ്രോഗ്രാം ചെയ്യാൻ വിളിച്ചു.16 മലയാള സിനിമാഗാനങ്ങൾ അവിടെവച്ചുതന്നെ പഠിച്ച് പാടേണ്ടതായി വന്നു.അതുകേട്ട് ഇഷ്ടപ്പെട്ടതിന്റെ ഫലമായാണ് ആർജെ ആകാൻ വഴിയൊരുങ്ങിയത്. മഴവിൽ എഫ്എം എന്ന റേഡിയോ സ്റ്റേഷനിൽ ആർജെ ആയതിലൂടെ ധാരാളം കലാകാരന്മാരെ പരിചയപ്പെടാൻ കഴിഞ്ഞു. 2012 മുതൽ പ്രൊഫഷണലായി പാടാൻ തുടങ്ങി.

**സംഗീതസപര്യയിലെ ഗുരുസ്ഥാനീയർ?**




ഗുരു അന്നമനട ബാബുരാജിന്റെ കീഴിലാണ് കർണാടക സംഗീത പരിശീലനം ആരംഭിച്ചത്. ജെംസൺ തുമ്പൂർ സുബ്രഹ്മണ്യം മാഷിന് കീഴിൽ പഠനം തുടർന്നു. ഗന്ധർവ്വസംഗീതം എന്ന പരിപാടിയിലെ ഫൈനലിസ്റ്റായിരുന്ന ശാലിനി രാജേന്ദ്രനുമായുള്ള സൗഹൃദം എന്റെ സംഗീതത്തെ പരിപോഷിപ്പിക്കാൻ ഏറെ സഹായകമായിട്ടുണ്ട്. ഡോ.ലോല കേശവൻ എന്ന ഗുരുവിനെ പരിചയപ്പെടുത്തിത്തന്നതും ശാലിനിയാണ്.

**നടൻ, അവതാരകൻ എന്നീ നിലകളിലെ അനുഭവങ്ങൾ?**

2014 ൽ ലോങ്ങ് ഐലൻഡിലെ താളലയം ട്രൂപ്പിന്റെ 'മാന്ത്രികച്ചെപ്പ്' എന്ന 2.5 മണിക്കൂർ ദൈർഘ്യമുള്ള ലൈവ് സ്റ്റേജ് ഡ്രാമയിൽ അഭിനയിച്ചു. നോർത്ത് അമേരിക്ക,കാനഡ എന്നിവിടങ്ങളിലെ 16 സ്റ്റേജുകളിൽ ആ നാടകം കളിച്ചു.കുറച്ചുഹ്രസ്വ ചിത്രങ്ങളിലും വേഷമിട്ടു. ഏഷ്യാനെറ്റ് യുഎസ്എ യിൽ ഒരു അഭിമുഖ പരിപാടിയുടെ അവതാരകനായിരുന്നു. അതിലൂടെ നിരവധി സിനിമാതാരങ്ങളും പിന്നണി ഗായകരുമായും അടുത്തിരുന്ന് സംസാരിക്കാനും ചിലരുമായി സൗഹൃദം സ്ഥാപിക്കാനും സാധിച്ചു.ഫ്ലവേഴ്സ് യുഎസ്എ യിലും പരിപാടി അവതരിപ്പിച്ചിട്ടുണ്ട്.ഐടി പ്രൊഫഷണലായ അഭയകുമാറുമായുള്ള സൗഹൃദത്തിന്റെ പേരിൽ അദ്ദേഹമെഴുതിയ 'പ്രിയൻ ഓട്ടത്തിലാണ്' എന്ന ചിത്രത്തിൽ ചെറിയൊരു വേഷം ചെയ്തിട്ടുണ്ട്. പാടാനോ വോളിബോൾ കളിക്കാനോ അഭിനയിക്കാനോ ഇന്ന് വരെയും ആരോടും അവസരം ചോദിച്ചിട്ടില്ല.തേടിയെത്തുന്ന അവസരങ്ങൾ വേണ്ടെന്ന് വച്ചിട്ടുമില്ല.ഐടി പ്രൊഫഷണൽ ആയതുകൊണ്ടുതന്നെ നമ്മുടെ ഉപജീവനമാർഗ്ഗത്തിന് കോട്ടം തട്ടാത്ത രീതിയിൽ മാത്രമേ മറ്റുകാര്യങ്ങൾക്ക്




പുറകേ പോകാറുള്ളൂ. ദുബൈയിലുള്ള എന്റെ സുഹൃത്ത് സെറീന സംവിധാനം ചെയ്യുന്ന 'തേറ്' എന്ന ഹ്രസ്വചിത്രത്തിൽ ഒരു വേഷം ചെയ്യുന്നുണ്ട്. ജനുവരിയിൽ ചിത്രീകരണം ആരംഭിക്കും. അതിനുവേണ്ടി നാട്ടിൽ പോകാനിരിക്കുകയാണ്.

**കലാരംഗത്ത് ആരാധനയോടെ കാണാൻ കൊതിക്കുന്ന വ്യക്തി?**

കലാരംഗത്തെ രണ്ടുപേരോടാണ് എനിക്ക് കടുത്ത ആരാധന-കെ.ജെ.യേശുദാസ്,മോഹൻലാൽ എന്നീ രണ്ട് ഇതിഹാസങ്ങളോട്. ഡിഗ്രി ഫൈനൽ ഇയർ പഠിക്കുന്ന സമയത്ത് 'ഒരു യാത്രാമൊഴി' എന്നുള്ള സിനിമയുടെ ഷൂട്ടിങ് അമ്മയുടെ വീട്ടിൽ നടക്കുമ്പോൾ ലാലേട്ടനെ നേരിൽ കാണാൻ ഭാഗ്യമുണ്ടായി. അമേരിക്കയിൽ വന്ന ശേഷം ദാസേട്ടനെ കാണാനും ഒപ്പം നിന്ന് ഫോട്ടോ എടുക്കാനും കഴിഞ്ഞു.ചിത്ര ചേച്ചിക്ക്(കെ.എസ്.ചിത്ര) മുൻപിൽ പാടാൻ സാധിച്ചതും ഒപ്പം കുറച്ചുസമയം ചിലവഴിക്കാൻ കഴിഞ്ഞതും മറ്റൊരു ഭാഗ്യം.

**അൻപതാം പിറന്നാൾ പിന്നിട്ടിരിക്കുന്നു,എന്താണ് മനസ്സിൽ തോന്നുന്നത്?**

സൗഹൃദമാണ് എക്കാലവും എന്റെ ബലവും ബലഹീനതയും.നോർത്ത് അമേരിക്കയിലെ സുഹൃത്തുക്കൾ ചേർന്ന് നൽകിയ സർപ്രൈസ് പാർട്ടിയാണ് അൻപതാം പിറന്നാൾ അവിസ്മരണീയമാക്കിയത്. 250 പേരാണ് അവിടെ ഒത്തുചേർന്നത്. പലവിധ തിരക്കുകളുടെ ബന്ധപ്പെട്ട് കുടുംബത്തിന് അധികം സമയം കൊടുക്കാൻ സാധിച്ചിട്ടില്ലെന്നാണ് തിരിഞ്ഞുനോക്കുമ്പോൾ തോന്നുന്നത്. അതുകൊണ്ടുതന്നെ പരിപാടികളുടെ കാര്യത്തിൽ കുറച്ച് സെലെക്ടിവ് ആയിട്ട് മക്കൾക്കുവേണ്ടി കൂടുതൽ സമയം നൽകുമെന്നൊരു തീരുമാനം ഈ പിറന്നാളിന് എടുത്തിരിക്കുകയാണ്. സംഗീത ആൽബങ്ങൾ ചെയ്യാനും സമയം കണ്ടെത്തണമെന്നുണ്ട്.

**കേരളത്തിലുള്ളവരെ സഹായിക്കാൻ അമേരിക്കയിലെ മലയാളി സംഘടനകളിൽ സഹകരിക്കേണ്ടതുണ്ടോ?**

2015 ൽ ജിമ്മി ജോർജ് മെമ്മോറിയൽ



വോളിബോൾ ടൂർണമെന്റ് സംഘടിപ്പിക്കാൻ മുൻകൈ എടുത്തിരുന്നു.ഇവിടെയുള്ള സംഘടനകളെയൊക്കെ അതിന്റെ ഭാഗവാക്കാക്കിയത് അവയിലൊക്കെ സജീവമായിരുന്നതുകൊണ്ടാണ്.പിന്നീട് സംഗീതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായി സംഘടനാപ്രവർത്തനങ്ങൾക്ക് വിരാമമിട്ടു. അടുത്തുള്ള സംഘടനകളുടെ ഷോ ആങ്കർ ചെയ്യുകയും സംഗീത പരിപാടി അവതരിപ്പിക്കുകയും ചെയ്യുമെന്നല്ലാതെ ഭാരവാഹിത്വം ഏറ്റെടുക്കേണ്ടെന്നാണ് തീരുമാനം.



20 വർഷത്തിനിടയിൽ അമേരിക്കയിൽ നിന്ന് 45 പ്രാവശ്യമെങ്കിലും ഞാൻ നാട്ടിൽ വന്നിട്ടുണ്ട്. ശമ്പളത്തിന്റെ ഒരു നിശ്ചിത ഭാഗം നാട്ടിൽ സഹായം ആവശ്യമുള്ളവർക്ക് നൽകാറുണ്ട്. ന്യൂജേഴ്സിയിൽ ഒരു ഡ്രാമ ഹോസ്റ്റ് ചെയ്ത് അതിലൂടെ സമാഹരിക്കുന്ന പണം കേരളത്തിൽ ചാരിറ്റി പ്രവർത്തനത്തിന് വിനിയോഗിക്കണം എന്നൊരു ആഗ്രഹമുണ്ട്.

**കുടുംബം?**

ഭാര്യ ആനി നഴ്സാണ്.മക്കൾ തോമസ്,തിമോത്തി,ഡേവിഡ്.മൂവരും വിദ്യാർത്ഥികൾ.ഞാൻ അമേരിക്കയിൽ വന്നകാലത്ത് പലരും പറഞ്ഞുകേട്ടിട്ടുള്ളത് കുട്ടികൾ ജനിച്ച് കുറച്ചുനാൾ വീട്ടിൽ മലയാളം സംസാരിക്കുമ്പോൾ കുഞ്ഞുങ്ങൾ ഏറ്റുപറയുമെന്നും സ്കൂളിൽ പോകുന്നതോടെ അത് നിൽക്കും എന്നുമാണ്. അതുകൊണ്ടുതന്നെ മക്കൾ മാതൃഭാഷ മറക്കരുതെന്നത് ഒരു വെല്ലുവിളി പോലെയാണ് കണ്ടത്. തീവ്രമായ ആഗ്രഹം ഉള്ളിലുള്ളതുകൊണ്ടാകാം,എന്റെ മൂന്ന് ആണ്മക്കളും മലയാളം നന്നായി എഴുതുകയും വായിക്കുകയും ചെയ്യും.മൂത്ത മകനിപ്പോൾ 17 വയസ്സായി. കോവിഡ് ലോക്ക്ഡൗൺ സമയത്തൊഴിച്ച് എല്ലാ വേനലവധിക്കും മക്കളുമായി നാട്ടിൽ വന്നിട്ടുണ്ട്. ഭാഷ അറിയാവുന്നതുകൊണ്ട് അവർക്ക് കേരളത്തിൽ എല്ലാവരുമായും ഇടപഴകാൻ എളുപ്പമാണ്. അമ്മ 2019 ൽ മരണപ്പെട്ടു.അപ്പച്ചൻ നാട്ടിലുണ്ട്.ഇപ്പോൾ 84 വയസ്സായി.രണ്ടു സഹോദരിമാരുണ്ട്.

**പ്രതികരണങ്ങൾ,നേട്ടങ്ങൾ?**

ദുബൈയിലെ ഗ്ലോബൽ വില്ലേജ്, ട്രാൻസ് വേൾഡ് റേഡിയോ, വിശ്വ വാണി എന്നിവയിലെ പ്രകടനങ്ങൾക്കാണ് കൂടുതൽ പേരിൽ നിന്ന് നല്ല പ്രതികരണം ലഭിച്ചിട്ടുള്ളത്. 2001 മുതൽ 2005 വരെ, ഇവാഞ്ചലിക്കൽ മിഷൻ ഇന്ത്യയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻ നിർമ്മിച്ച ഭക്തിഗാന ആൽബങ്ങൾ ചെയ്യാൻ തുടർച്ചയായി അഞ്ച് തവണ തിരഞ്ഞെടുക്കപ്പെട്ടു. പ്രശസ്ത നൃത്താധ്യാപകൻ ആർ.എൽ.വി ആനന്ദ് മാഷുമായി സഹകരിച്ച്, ശാസ്ത്രീയ നൃത്തപ്രകടനങ്ങൾക്ക് സംഗീതം നൽകാൻ സാധിച്ചത് വലിയൊരു നേട്ടമായി കാണുന്നു. ക്നാനായ കമ്മ്യൂണിറ്റിക്ക് വേണ്ടി ആൽബം ചെയ്തിട്ടുണ്ട്.

പൂർവ്വവിദ്യാർത്ഥി സംഗമത്തിന്റെ ഭാഗമായും ഒരു പാട്ട് കംപോസ് ചെയ്തിട്ടുണ്ട്. കൂടുതൽ ആൽബങ്ങൾ ചെയ്യണമെന്നാണ് ആഗ്രഹം.

**ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ഫിലോസഫി?**

ഒരു കാര്യത്തിലും ടെൻഷൻ അടിക്കാറില്ല. കഴിഞ്ഞുപോയ കാര്യങ്ങൾ നമ്മൾ വിചാരിച്ചാൽ മാറ്റാൻ സാധിക്കില്ല. നടക്കാനുള്ളത് നടക്കുകയും ചെയ്യും.അപ്പോൾ പിന്നെ ഉള്ള സമയം വെറുതെ ഓരോന്ന് ചിന്തിച്ചും ആലോചിച്ചും കളയരുതെന്നതാണ് എന്റെ പോളിസി. ആർക്കും ഒരു ഉപകാരവും ചെയ്തില്ലെങ്കിലും ഉപദ്രവം ചെയ്യരുതെന്ന് നിർബന്ധമുണ്ട്.


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# സനാതന ധർമ്മമോ മനുസ്മൃതിയോ അശ്ലീലമല്ല: ഗോപിനാഥക്കുറുപ്പ്







ന്യൂയോർക്ക്: സനാതന ധർമമോ മനുസ്മൃതിയോ അശ്ലീലമല്ലെന്നും അല്പജ്ഞാനികളുടെ അഭിപ്രായം അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയണമെന്നും അയ്യപ്പസേവാ സംഘം പ്രസിഡന്റും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാനുമായ ഗോപിനാഥക്കുറുപ്പ് അഭിപ്രായപ്പെട്ടു.

സനാതന ധർമത്തെപ്പറ്റി ഭാരതസംസ്ക്കാരത്തിലോ അതിന്റെ മഹത്വത്തിലോ ക്ഷേത്രസംസ്ക്കാര പാരമ്പര്യത്തിലോ താല്പര്യമില്ലാത്ത രാഷ്ട്രീയ ഭിക്ഷാംദേഹികൾ വ്യാകുലരാവേണ്ടതില്ല. സനാതന ധർമ്മ വിശ്വാസികൾക്ക് ഇവരിൽ നിന്നോ വൈദേശിക ദർശനങ്ങളിൽ നിന്നോ തത്വശാസ്ത്രങ്ങളിൽ നിന്നോ ഒന്നും മനസ്സിലാക്കാനില്ല.

കാലാനുസൃതമായ ഹൈന്ദവ നവോത്ഥാനം കാന്തദർശികളായ ഹൈന്ദവ നവോത്ഥാന നായകരുടെയും ഗുരുക്കന്മാരുടെയും ആചാര്യ ശ്രേഷ്ഠന്മാരുടെയും പ്രയത്നഫലമായി രൂപപ്പെട്ടിട്ടുള്ളതാണ്. മനുസ്മൃതിയിലുള്ള ചാതുർവർണ്യത്തെപ്പറ്റി വികലമായി മനസ്സിലാക്കിയ ഇത്തരക്കാർക്ക് അതിൽതന്നെയുള്ള ''ലോകാഃസമസ്താഃ സുഖിനോ ഭവന്തു'' എന്നുള്ള തത്വമോ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷം തിരുവനന്തപുരത്തു വച്ചു നടന്ന ഹിന്ദു കോൺക്ലേവിൽ സനാതന ധർമത്തെപ്പറ്റി ശ്രീകുമാരൻ തമ്പി വിശദമായി പ്രതിപാദിച്ചത് ഇക്കൂട്ടർ മനസ്സിലാക്കിയിട്ടുള്ളതാണ്. അറിഞ്ഞിട്ടും അജ്ഞത നടിക്കുന്ന ഇവർക്ക് സനാതന ധർമത്തെ അവഹേളിക്കുന്നതുപോലെ ഇതര മതവിശ്വാസികളുടെ മതഗ്രന്ഥത്തിലുള്ള ആശയങ്ങളെയോ പ്രവർത്തികളെയോ വിമർശിക്കാൻ തന്റേടമുണ്ടോ? ഹൈന്ദവ ഐക്യത്തെ തകർക്കുന്നതിനു വേണ്ടി ബോധപൂർവമായി നടത്തുന്ന ഇത്തരം ജല്പനങ്ങളെ ഹിന്ദുക്കളായ സനാതന ധർമ വിശ്വാസികൾ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയണമെന്നും, സനാതനമെന്നാൽ എന്നും നിലനിൽക്കുന്നത് എന്നാണ്, അത് വർദ്ധിത വീര്യത്തോടെ നിലനിൽക്കുക തന്നെ ചെയ്യും.

അതുപോലെ ക്ഷേത്രങ്ങളിൽ മേൽമുണ്ട് ധരിച്ചോ, ഷർട്ടു ധരിച്ചുകൊണ്ടോ സൗകര്യമനുസരിച്ച് അതാത് ക്ഷേത്രാചാരങ്ങൾക്ക് കോട്ടം തട്ടാതെ നിലനിർത്തുവാനുള്ള കാര്യങ്ങൾ തന്ത്രിമാരുടെ അഭിപ്രായം ആരാഞ്ഞ് ചെയ്യുവാനും വിശ്വാസികൾക്കറിയാമെന്നും അതിൽ ആരും ആകുലപ്പെടേണ്ടതില്ലെന്നും കെ.എച്ച്.എൻ.എ. ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്പ് എടുത്തു പറഞ്ഞു.

വാർത്ത: ജയപ്രകാശ് നായർ

# ഫിലാഡൽഫിയ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ പുതിയ ആത്മീയപാതകൾ കണ്ടെത്താനുള്ള ആഹ്വാനം



രാജൻ വാഴപ്പള്ളിൽ

വാഷിംഗ്ടൺ ഡി.സി.: ഫിലാഡൽഫിയ മാഷർ സ്ട്രീറ്റിലെ സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിൽ സംഘടിപ്പിച്ച ഒരു പ്രചോദനാത്മക പരിപാടിയിൽ ഫാ. ഡോ. ജോൺസൺ സി. ജോൺ സഭാസമാജാംഗങ്ങളോട് പുതിയ ആത്മീയ പാതകൾ അന്വേഷിക്കാൻ പ്രേരിപ്പിക്കുന്ന മനോഹരമായ പ്രസംഗം നടത്തി. അദ്ദേഹത്തിന്റെ വാക്കുകൾ സഭാസമാജത്തെ ആഴത്തിൽ സ്പർശിച്ചു, ആത്മപരിശോധനയ്ക്കും വളർച്ചയ്ക്കും നവീകൃത വിശ്വാസ പ്രതിജ്ഞയ്ക്കും പ്രചോദനമാവുകയും ചെയ്തു.

ക്രിസ്മസ് പ്രോഗ്രാം: ഉത്സാഹവും ക്രമമായി മുന്നോട്ടു പോയ ആഘോഷം

ആവേശകരവും ഓർമകളിൽ ചേർക്കാവുന്നതുമായ ഒരു ക്രിസ്മസ് പ്രോഗ്രാം ആഘോഷിച്ചു. ഓരോ ഇനവും ക്രമത്തോടെ പുരോഗമിക്കുകയും തികച്ചും അനുഗ്രഹീതമായ സന്തോഷകരമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു.

പ്രോഗ്രാമിന്റെ വിജയത്തിന് വലിയ ചാലകശക്തിയായത് ക്രിസ്മസ് പ്രോഗ്രാം കോഓർഡിനേറ്റർ ജോസ്ലിൻ ഫിലിപ്പിന്റെ ശ്രേഷ്ഠമായ സമർപ്പണമായിരുന്നു. അലങ്കരിക്കൽ, കോഓർഡിനേഷൻ എന്നിവയിൽ ആരംഭിച്ച്, പ്രൊഫഷണലും അർത്ഥവത്തും ഉത്സവപരവുമായ ഒരു പരിപാടി ഒരുക്കുന്നതിൽ ശ്രദ്ധേയമായ സംഭാവന നൽകി.

സജ്ജീകരണങ്ങൾ ഖീലഹ ജോൺസൺ, ബിസ്മി വറുഗീസ്, ജുവാൻ ജോൺസൺ, ജെയ്സിലിൻ ഫിലിപ്പ്, മെൽവിൻ ഷാജി, ഇവാൻ ഷാജി, നാഥൻ രോഹിത്, ജോഷ് റെഞ്ചി, ഐറീൻ എബ്രഹാം, മൈക്കിൾ വറുഗീസ് , ഐറിൻ രാജൻ, ടിജോ ജേക്കബ് എന്നിവരുടെ അശ്രാന്ത പരിശ്രമവും ഇതിൽ ഉൾപ്പെട്ടു.

ജെയ്സി ജോൺ, ഹൃദയസ്പർശിയായ സ്വാഗതസംഭാഷണം നടത്തിയതും ശ്രീ. ജെയിൻ കല്ലരക്കൽ, വോട്ടോഫ് താങ്ക്സ് നടത്തി പരിപാടി സമാപിപ്പിച്ച

പ്രോഗ്രാമിന് ട്രസ്റ്റി മാണി തോമസ്, സ്മിറ്റ്. ജെസ്സി രാജൻ എന്നിവർ നൽകിയ അവിസ്മരണീയമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും പ്രോഗ്രാമിന്റെ വിജയത്തിന് പ്രധാനമായ പങ്ക് വഹിച്ചു.

ക്രിസ്മസ് പ്രോഗ്രാം സംഘാടക ശേഷിയുടെയും സമർപ്പണത്തിന്റെയും ശക്തമായ തെളിവായിരുന്നു. എല്ലാ അനുഭവകർക്കും നന്ദിയുടെയും ഉത്സവങ്ങളുടെയും നിറഞ്ഞ ഹൃദയവുമായ അന്തരീക്ഷം സമ്മാനിച്ചു. ഫാ. ഡോ. ജോൺസന്റെ ആത്മീയ ചിന്തകൾ ഈ ആഘോഷം അതിശയകരമായ അനുഭവമായി മാറ്റി.











# അമേരിക്കൻ മലയാളിയുടെ പൂവണിയുന്ന സ്വപ്നങ്ങൾ





ഹ്യൂസ്റ്റൺ: സ്വപ്നങ്ങൾ ഉണ്ടായിരിക്കണം അതിനുവേണ്ടി പരിശ്രമിക്കുമ്പോളാണ് സ്വപ്നസാക്ഷാത്കാരമുണ്ടാവുന്നതു അതിനുള്ള മകുടോദാഹരണമാണ് അമേരിക്കൻ മലയാളിയായ ഹൂസ്റ്റൺ ഫോട്‌ബെൻഡ് കൗണ്ടിയിലെ പോലീസ് ഓഫീസർ ശ്രീ മനോജ് പൂപ്പാറ എന്ന ചെറുപ്പക്കാരൻ.

അമേരിക്കയിൽ ടെക്സസിലെ ഫോർട്ട് ബെൻഡ് കൗണ്ടി പ്രിസിങ്ക്റ്റ് 3-ൽ പോലീസ് ക്യാപ്റ്റനാകുന്ന ആദ്യ ഇന്ത്യൻ അമേരിക്കക്കാരനാണ് ക്യാപ്റ്റൻ മനോജ്കുമാർ പൂപ്പറയിൽ. മനോജ്കുമാർ പൂപ്പറയിലിന്റെ പ്രചോദനാത്മക യാത്ര ഒരു പോലീസ് ഉദ്യോഗസ്ഥനാകുക എന്ന അഭിലാഷത്തോടെ ഇന്ത്യയിൽ നിന്ന് യുഎസിലേക്കുള്ള മനു പി എന്നറിയപ്പെടുന്ന മനോജ്കുമാർ പൂപ്പറയിലിന്റെ യാത്ര വരും തലമുറകൾക്ക് പ്രചോദനമാണ്. വിജയത്തിലേക്കുള്ള പാതയിൽ തടസ്സങ്ങളുണ്ട്. എന്നിരുന്നാലും, ഒരു വഴി പോലും തുറന്നിട്ടില്ലാത്തതിനാൽ, മനോജിന് ഒരു വഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ: ഒന്ന് സൃഷ്ടിക്കുക. അദ്ദേഹത്തിന്റെ യാത്ര മനക്കരുത്തിന്റെ മാതൃകയാണ്. മുറിവേറ്റ ഹൃദയത്തോടെയും സാമ്പത്തിക സ്ഥിരതയില്ലാതെയും അദ്ദേഹം 2005-ൽ അമേരിക്കയിലെത്തി. അമേരിക്കയിൽ അദ്ദേഹത്തിന്റെ ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ ഏറ്റവും കുറഞ്ഞ മൂല്യമുള്ളതായതിനാൽ, ഒരു ഗ്യാസ് സ്റ്റേഷൻ ജീവനക്കാരനായി അദ്ദേഹം യുഎസ് തൊഴിൽ സേനയിൽ ചേർന്നു. വിവിധ സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളുമായി ഇടപഴകിക്കൊണ്ട്, മനോജ് തന്റെ സാമൂഹിക കഴിവുകൾ മെച്ചപ്പെടുത്തി. നീണ്ട ജോലി സമയം ഉണ്ടായിരുന്നിട്ടും, അദ്ദേഹം അവരുടെ ഇന്ത്യൻ സഹപ്രവർത്തകർക്ക് തുല്യമായ കോഴ്സുകൾ പഠിച്ചു; അരിസോണയിലെ ഫീനിക്സ് സർവകലാശാലയിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റേഴ്സ് (എംബിഎ) പോലും അദ്ദേഹം പൂർത്തിയാക്കി.

പെട്രോൾ പമ്പ് ജോലിക്കിടെ, അമേരിക്കൻ പോലീസ് ഉദ്യോഗസ്ഥരുടെ കൗതുകകരമായ അനുഭവമായിരുന്നു മനോജിന്. നഷ്ടപ്പെട്ട സ്വപ്നത്തിന് പുതിയ അർത്ഥം ലഭിക്കാൻ തുടങ്ങി. പോലീസ് യോഗ്യതാ കോഴ്സ് പാസായി ഹ്യൂസ്റ്റൺ യൂണിവേഴ്സിറ്റി-ഡൗൺടൗൺ പോലീസ് അക്കാദമിയിൽ ചേർന്നു. ബാച്ച് 299 ൽ അദ്ദേഹം അക്കാദമിക് ഓണേഴ്സോടെ ബിരുദം നേടി. 2013 മുതൽ 2018 വരെ ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസിൽ ജോലി ചെയ്ത മനോജ് മെട്രോ പോലീസ് ഡിപ്പാർട്ട്മെന്റിൽ ചേർന്നു. തന്റെ തൊഴിലിനെ ഒരു സേവനമായി കാണുന്നതിലൂടെ, ജീവിതത്തിൽ ഒറ്റപ്പെട്ടവരും നഷ്ടപ്പെട്ടവരുമായ ആളുകൾക്ക് അദ്ദേഹം ഒരു ലക്ഷ്യബോധം നൽകുന്നു. മലയാളം, ഹിന്ദി, തമിഴ് തുടങ്ങി നിരവധി ഭാഷകളിൽ മനോജിന് പ്രാവീണ്യമുള്ളതിനാൽ, ആർക്കും മനോജിനെ സമീപിക്കാം. സമൂഹത്തിനായുള്ള അക്ഷീണ സേവനത്തിന് മനോജിന് നിരവധി അവാർഡുകളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. 2023 ൽ, ഒരു ആക്രമണകാരിയിൽ നിന്ന് തന്റെ സഹപ്രവർത്തകനെ രക്ഷിച്ചതിന് മെട്രോ പോലീസ് മേധാവി അദ്ദേഹത്തിന് ധീരതയുടെ മെഡൽ നൽകി ആദരിച്ചു. മാരകമായ പോരാട്ടത്തിൽ പരിക്കേറ്റെങ്കിലും, മനോജ് കുറ്റവാളിയെ കീഴടക്കി ആവശ്യമായ പ്രോട്ടോക്കോളുകൾ പാലിച്ചു. സംഭവത്തിനിടെ, ഉൾപ്പെട്ട വ്യക്തിക്ക് നേരെ മനോജ് രണ്ട് തവണ വെടിയുതിർത്തു, അയാൾക്ക് മാരകമായ പരിക്കുകളൊന്നും വരുത്താതെ. മെട്രോ റെക്കഗ്നിഷൻ അവാർഡിന് പുറമേ, ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവാർഡ്, ചേംബർ ഓഫ് കൊമേഴ്സ് അവാർഡ്, ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്ര ബഹുമതികൾ എന്നിവയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2025 ജനുവരി 1 മുതൽ, ഫോർട്ട് ബെൻഡ് കൗണ്ടി, പ്രിസിങ്ക്റ്റ് 3 ന്റെ ക്യാപ്റ്റനായി മനോജ് ഒരു പുതിയ യാത്ര ആരംഭിക്കുന്നു. എറണാകുളം തിരുവാണിയൂർ കുന്നത്തുനാട് പൂപ്പാറയിൽ റിട്ടേഡ് പോലീസ് ഓഫീസർ ജ.ക.രാഘവന്റെയും ലീല രാഘവന്റെയും പുത്രനായ മനു എന്ന മനോജ് പൂപ്പാറയിൽ ഭാര്യ ഹണിയും ഹൂസ്റ്റൺ ബാപിസ്റ്റു യൂണിവേഴ്സിറ്റിയിൽ നിന്നും ബയോളജിയിൽ ബിരുദശേഷം MCT ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന മാധവിനുമൊപ്പം ഹ്യൂസ്റ്റനിൽ താമസിക്കുന്നു.

വാർത്ത അയച്ചത് :

ശങ്കരൻകുട്ടി, ഹ്യൂസ്റ്റൺ

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

hanover bank

# SBA & USDA Solutions for Financing












## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

### Contact us

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

### Visit our location

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**


All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC    EQUAL OPPORTUNITY LENDER

*SBA 7a Loan Program    **USDA B&I Loan Program

© 2024 Hanover Community Bank. All rights reserved.

04/24


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# ക്ഷേത്രത്തിനുള്ളിലെ ഉടുപ്പൂരൽ വിവാദവും സനാധനധർമത്തിന്റെ രാഷ്ട്രീയ ലാക്കും

എ.എസ് ശ്രീകുമാർ




വലിയ മാധ്യമശ്രദ്ധ പിടിച്ചുപറ്റിയതും കൗതുകകരവുമായ ഒരു ബോർഡ് 2023 ജൂൺ 30-ാം തീയതി ഉത്തർപ്രദേശിലെ ഹാപൂർ ജില്ലയിലുള്ള ഖാട്ടു ശ്യാം ക്ഷേത്രത്തിന് മുൻപിൽ പ്രത്യക്ഷപ്പെട്ടു. കീറിയ ജീൻസും കുഞ്ഞു പാവാടയും വേണ്ട, ശരീരം നന്നായി മറയ്ക്കുന്ന മാന്യമായ വസ്ത്രങ്ങൾ മാത്രം ധരിച്ച് ക്ഷേത്രത്തിൽ വരാൻ ഭക്തരോട് നിർദ്ദേശിക്കുന്ന പ്രസ്തുത ബോർഡ് സ്ഥാപിച്ചത് ക്ഷേത്ര സമിതി തന്നെയാണ്. ക്ഷേത്ര കോമ്പൗണ്ടിൽ ചെറിയ വസ്ത്രങ്ങളോ കുഞ്ഞുപാവാടയോ റിപ്ഡ് ജീൻസോ ധരിക്കാൻ അനുവാദമില്ല.

ഇത്തരം വസ്ത്രങ്ങൾ നിരോധിക്കുന്നതായി ചൂണ്ടിക്കാട്ടുന്നതാണ് ബാനർ. അതായത്, ക്ഷേത്ര ദർശനത്തിനെത്തുന്ന ഭക്തർക്ക് പുതിയ ഡ്രസ് കോഡ് ഏർപ്പെടുത്തിയതായി ഖാട്ടു ശ്യാം ക്ഷേത്ര കമ്മിറ്റി അറിയിക്കുകയായിരുന്നു.

കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ച് ഹാഫ് പാന്റ്സ്, ബർമുഡ, മിനി സ്കേർട്ട്, കീറിയ ജീൻസ്, നൈറ്റ് സ്യൂട്ടുകൾ തുടങ്ങിയ വസ്ത്രങ്ങൾ ധരിക്കരുതെന്ന് ഭക്തരോട് അഭ്യർത്ഥിയ്ക്കുന്നു. അനുചിതമായ വസ്ത്രം ധരിച്ചെത്തുന്ന ഭക്തർ ക്ഷേത്രത്തിന് പുറത്ത് നിന്ന് പ്രാർത്ഥിക്കണമെന്നും ക്ഷേത്ര കമ്മിറ്റി നിർദ്ദേശിക്കുന്നു. പുതിയ ഡ്രസ് കോഡ് നടപ്പാക്കാനുള്ള ക്ഷേത്ര കമ്മിറ്റിയുടെ തീരുമാനത്തെ നിരവധി ഭക്തർ സ്വാഗതം ചെയ്തു. രാജ്യത്തുടനീളമുള്ള നിരവധി പ്രമുഖ ക്ഷേത്രങ്ങൾ ഭക്തർക്ക്, പ്രത്യേകിച്ച് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാന്യമായ ഡ്രസ് കോഡുകൾ നടപ്പിലാക്കിയ പശ്ചാത്തലത്തിലായിരുന്നു ഖാട്ടു ശ്യാം ക്ഷേത്രത്തിലെയും നടപടി.

നിരവധി ക്ഷേത്രങ്ങളെ നിയന്ത്രിക്കുന്ന ഉത്തരാഖണ്ഡിലെ മഹാനിർവാണി അഖാഡയും ഭക്തർക്ക് വസ്ത്രധാരണരീതി നടപ്പിലാക്കിയവരിൽ ഉൾപ്പെടുന്നു. ഉത്തരാഖണ്ഡിൽ ഡ്രസ് കോഡ് നടപ്പിലാക്കിയ മറ്റ് ക്ഷേത്രങ്ങളിൽ ഹരിദ്വാറിലെ കൻഖലിലെ ദക്ഷ് പ്രജാപതി ക്ഷേത്രം, പൗരി ജില്ലയിലെ നീലകണ്ഠ മഹാദേവ ക്ഷേത്രം, ഡെറാഡൂണിലെ തപ്കേശ്വർ മഹാദേവ് ക്ഷേത്രം എന്നിവ ഉൾപ്പെടുന്നു. ദക്ഷിണേന്ത്യയിലെയും മഹാരാഷ്ട്രയിലെയും ക്ഷേത്രങ്ങളിൽ വർഷങ്ങൾക്ക് മുൻപ് തന്നെ ഈ തീരുമാനം നിലവിൽ ഉണ്ട്.

പുരുഷൻമാർ അമ്പലങ്ങളിൽ ഷർട്ട് ധരിച്ച് പ്രവേശിക്കുന്നത് സംബന്ധിച്ച് കേരളത്തിലും അടുത്ത ദിവസം വിവാദമുയർന്നു. ക്ഷേത്രങ്ങളിൽ ഉടുപ്പഴിച്ച് കയറണമെന്ന നിബന്ധന ഒഴിവാക്കേണ്ടതാണെന്നും ഇത്തരം അന്ധാചാരങ്ങൾ നീക്കാൻ ശ്രീനാരായണീയ സമൂഹം ഇടപെടണമെന്നുമുള്ള ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദയുടെ അഭിപ്രായ പ്രകടനമാണ് ഇരുസംബന്ധിച്ച ചർച്ചകൾക്ക് വഴി മരുന്നിട്ടത്.

ശിവഗിരി തീർഥാടന മഹോത്സവ സമ്മേളനത്തിലാണ് ക്ഷേത്രാചരങ്ങളിലെ പോരായ്മകളെ സ്വാമി വിമർശിച്ചത്. ശ്രീനാരായണ ക്ഷേത്രങ്ങൾ മാത്രമല്ല മറ്റ് ആരാധനാലയങ്ങളും ഭാവിയിൽ ഈ നിർദേശം സ്വീകരിക്കുമെന്നാണ് പ്രതീക്ഷയെന്ന് ഉദ്ഘാടകനായ മുഖ്യമന്ത്രി പിണറായി വിജയനും പറഞ്ഞു.

അതേസമയം മുഖ്യമന്ത്രി പിണറായി വിജയനെതിരെ രൂക്ഷ വിമർശനവുമായി എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ രംഗത്തുവന്നു.

ക്ഷേത്രങ്ങളിൽ ഷർട്ട് ഊരുന്നതിനെതിരായ മുഖ്യമന്ത്രിയുടെ പരാമർശം തെറ്റാണെന്ന് സുകുമാരൻ നായർ പറഞ്ഞു. ക്രൈസ്തവരുടെയും മുസ്ലിങ്ങളുടെയും ആചാരങ്ങളിൽ ആരും ഇടപെടുന്നില്ല. ഈ ആചാരങ്ങളെ വിമർശിക്കാൻ ശിവഗിരിക്കോ മുഖ്യമന്ത്രിക്കോ ധൈര്യമുണ്ടോയെന്നും സുകുമാരൻ നായർ ചോദിച്ചു. മന്നം ജയന്തി ആഘോഷത്തിന്റെ ഭാഗമായുള്ള പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എന്നാൽ ഇക്കാര്യത്തിൽ കോൺഗ്രസ് നേതാവ് കെ മുരളീധരന്റെ പ്രതികരണം തമാശ കലർന്നതായിരുന്നു. തൊഴുകൽ പഴയ രീതിയിലാണെന്നും അതുകൊണ്ട് ആരെങ്കിലും അമ്പലത്തിൽ കയറി ''ഹായ്...'' പറയുമോ എന്നുമാണ് മുരളീധരന്റെ പരിഹാസം. ഓരോ ക്ഷേത്രങ്ങൾക്കും ഓരോ രീതിയാണെന്നും ആ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് തന്ത്രിമാരാണെന്നും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയം പോലെ തീരുമാനിക്കേണ്ട കാര്യമല്ലിത്. അത്തരം കാര്യങ്ങൾ ക്ഷേത്രങ്ങൾക്ക് വിട്ടുകൊടുക്കേണ്ടതാണെന്നും അതിൽ കയറി പരിഷ്കാരങ്ങൾ വരുത്താൻ നിൽക്കേണ്ട എന്നും മുരളീധരൻ പറഞ്ഞു. എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞത് ഈ വിഷയം ക്ലോസ് ആയെന്നാണ്. ''സ്വാമി ആദ്യം അഭിപ്രായം പറഞ്ഞു. മുഖ്യമന്ത്രി അതിനെ പിന്തുണച്ചു. അതിനെതിരെ ജി സുകുമാരൻ നായർ അഭിപ്രായം പറഞ്ഞു. അതിന് മറുപടി സ്വാമിയും പറഞ്ഞു. അതോടെ ആ വിഷയം ക്ലോസ്...'' എന്നാണ് വെള്ളാപ്പള്ളി പറഞ്ഞത്. രാഷ്ട്രീയത്തിന് വേണ്ടി ക്ഷേത്രാചാരങ്ങളെ പറ്റി പറയരുത് എന്ന് വ്യക്തമാക്കിയ അദ്ദേഹം, ക്ഷേത്രങ്ങളിൽ ഉടുപ്പ് അഴിക്കേണ്ട ആവിശ്യമില്ലെന്നും സ്ത്രീകൾ പൂജ നടത്തുന്ന ക്ഷേത്രങ്ങളുണ്ടെന്നും പറഞ്ഞു. വേഷഭൂഷാധികൾ, ആശയം, മുദ്രാവാക്യം എന്നിവ കാലത്തിനനുസരിച്ച് മാറണമെന്ന നിലപാടാണ് വെള്ളാപ്പള്ളിയുടേത്.

ഗതാഗത മന്ത്രി കെ.ബി ഗണേഷ്കുമാർ മുഖ്യമന്ത്രി പിണറായി വിജയന്റെ നിലപാട് തള്ളി. ഓരോ ക്ഷേത്രത്തിലും ഓരോ ആചാരങ്ങളാണുള്ളതെന്നും അതിൽ മാറ്റം വരുത്തണമോയെന്ന് തന്ത്രിയാണ് തീരുമാനിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു. ആചാരങ്ങൾ പാലിക്കാൻ കഴിയുന്നവർ ക്ഷേത്രത്തിൽ പോയാൽ മതി എന്നും ഭരണാധികാരികൾക്ക് നിർദേശങ്ങൾ ഉണ്ടെങ്കിൽ തന്ത്രിയുമായി കൂടിയാലോചിക്കാം എന്നും മന്ത്രി കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയുടെ വാക്കുകൾക്ക് താൻ മറുപടി നൽകുന്നില്ലെന്ന് പറഞ്ഞായിരുന്നു കെ.ബി ഗണേഷ്കുമാർ പ്രതികരിച്ചത്.

ക്ഷേത്രങ്ങളിൽ തൊഴാനെത്തുമ്പോൾ ഷർട്ടഴിക്കണോ വേണ്ടയോ എന്നതിൽ പൊതുചർച്ച ആവശ്യമാണെ നിലപാടാണ് ദേവസ്വം ബോർഡുകൾ എടുത്തിരിക്കുന്നത്. ഷർട്ട് ധരിക്കണോയെന്നതിൽ ക്ഷേത്രം തന്ത്രിമാരുടെ നിലപാടും നിർണായകമാകും. സ്വാമി സച്ചിദാനന്ദയുടെ നിർദേശം ശ്രീനാരായണക്ഷേത്രങ്ങളിൽ നടപ്പാകുമെന്നുറപ്പാണെങ്കിലും ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങളിൽ വ്യത്യസ്തരീതിയിലാണ് ആചാരങ്ങൾ. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലെ ശബരിമലയിൽ ഇത്തരം ആചാരമില്ല. എന്നാൽ, മറ്റു ക്ഷേത്രങ്ങളിൽ ഇതല്ല സ്ഥിതി.




ഇതിനിടെ സനാതനധർമത്തെയും ശ്രീനാരായണ ഗുരുവിനെയും മുൻനിർത്തി മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കമിട്ട സംവാദത്തിന് രാഷ്ട്രീയ മാനങ്ങളുണ്ട്. ശ്രീനാരായണ ഗുരു സനാധന ധർമത്തിന്റെ വക്താവല്ല എന്നാണ് പിണറായി പറഞ്ഞത്. 2023 സെപ്റ്റംബറിൽ സി.പി.എമ്മിന്റെ സഖ്യകക്ഷിയായ ഡി.എം.കെ.യുടെ നേതാവ് ഉദയനിധി സ്റ്റാലിൻ സനാതനധർമത്തിനെതിരേ നിശിതവിമർശം ഉന്നയിച്ചപ്പോൾ സി.പി.എം പ്രത്യേകിച്ചൊരു നിലപാട് എടുത്തിരുന്നില്ല. സനാതനധർമവും ശ്രീനാരായണീയ ദർശനങ്ങളും കൂട്ടിക്കലർത്തി മുഖ്യമന്ത്രി നടത്തിയ അഭിപ്രായ പ്രകടനങ്ങൾക്കാണ് രാഷ്ട്രീയ നിറം കൈവന്നത്. 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി കൈവരിച്ച മുന്നേറ്റം തങ്ങളുടെ ഹിന്ദു വോട്ടുബാങ്കിൽ കാര്യമായ ചോർച്ചയുണ്ടാക്കിയിട്ടുണ്ടെന്ന പിണറായി വിജയന്റെ തിരിച്ചറിവാണ് സനാതനധർമ വിവാദം കൊഴുപ്പിച്ചത്. സനാധന ധർമം ഉൻമൂലനം ചെയ്യേണ്ട ഒന്നാണെന്നാണ് ഉദയനിധി സ്റ്റാലിൻ പറഞ്ഞത്.

''സ്ത്രീകളെ പഠിക്കാൻ അനുവദിച്ചിരുന്നില്ല. അവർക്ക് വീടുവിട്ട് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയിലായി, അവരുടെ ഭർത്താക്കന്മാർ മരിച്ചാൽ അവരും മരിക്കേണ്ടി വരും. ഇതിനെതിരെയാണ് തന്തൈ പെരിയാർ സംസാരിച്ചത്. പെരിയാറും അണ്ണനും കലൈഞ്ജറും പറഞ്ഞതാണ് ഞാൻ ആവർത്തിച്ചത്...'' എന്നാണ് തന്റെ പരാമർശം വിവാദമായപ്പോൾ ഉദയനിധിയുടെ വിശദീകരണം. വാസ്തവത്തിൽ സനാധന ധർമത്തിന്റെ അർത്ഥം തേടി തലപുണ്ണാക്കേണ്ടതില്ല. സനാതനമെന്നാൽ എന്നുമുള്ളതെന്നാണ് അർത്ഥം. എല്ലാക്കാലവും വിലമതിക്കുന്ന ധർമം തന്നെ സനാതന ധർമം. ധരിക്കുന്നത് അഥവാ താങ്ങി നിർത്തുന്നത് എന്താണോ അതാണ് ധർമം. ലോകത്തെ നിലനിർത്തുന്ന ശാശ്വത വ്യവസ്ഥകളാണ് ധർമത്തിന്റെ സ്വരൂപം. സത്യം, ദാനം, ദയ, ശുദ്ധി എന്നിവ ചേർന്ന ജീവിത രീതിയാണ് സനാതനധർമം.

ഇത് ഹിന്ദു മതത്തിന്റെ അടിസ്ഥാനമാണ്. സത്യം, ദാനം, ദയ, ശുദ്ധി എന്നിവ തന്നെയാണ് ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിലുള്ളത്. പക്ഷേ ഒരു രാഷ്ട്രീയക്കാരനോ ഒരു മതത്തിന്റെ വക്താവോ ആയല്ല ഗുരു നിലകൊണ്ടത്, രാഷ്ട്രത്തെ നേർരേഖയിൽ സഞ്ചരിക്കാൻ, സ്വന്തം ജീവിതവും പ്രവർത്തിയും കൊണ്ട് വിഗ്രഹ വിഗ്രഹഭഞ്ജകനെന്ന് വരച്ചുകാട്ടിയ സാമൂഹിക പരിഷ്കർത്താവ് എന്ന മേൽവിലാസത്തിലാണ്.

'ഉൽസവ കാലങ്ങളിൽ മുസ്ലീങ്ങൾക്ക് അമ്പലപ്പറമ്പിൽ പ്രവേശനമില്ല...'' എന്ന അറിയിപ്പ് ബോർഡ് പലയിടത്തും കണ്ടിട്ടുണ്ട്. എന്നാൽ കഥകളിപ്പദങ്ങൾ പാടാൻ മുസ്ലീമായ കലാമണ്ഡലം ഹൈദരാലി വേണമായിരുന്നു. സാത്വികനായ ഗാനഗന്ധർവൻ യേശുദാസ് ക്രിസ്ത്യാനി ആയതുകൊണ്ട് ഗുരുവായൂരമ്പലത്തിൽ കേറ്റില്ല. എന്നാൽ ഗുരുവായൂരപ്പനെപ്പറ്റി അദ്ദേഹം പാടിയ പാട്ടുകൾ യഥേഷ്ടം കേൾക്കുന്നതിന് പ്രശ്നമില്ല. ഇതാണ് രാഷ്ട്രീയ കേസരികൾ നാഴികയ്ക്ക് നാൽപ്പതുവട്ടം വീരവാദം മുഴക്കുന്ന 100 ശതമാനം സാക്ഷരതയുള്ള കേരളത്തിലെ പുരോഗമന വാദം. ഇവർക്ക് ക്ഷേത്രത്തിന്റെ അർത്ഥമെന്തെന്ന് അറിയാമോ..? ക്ഷയത്തെ ത്രാണനം ചെയ്യുന്നതാണ് ക്ഷേത്രം. ക്ഷയമെന്നാൽ നാശം. ത്രാണനത്തിന്റെ അർത്ഥം രക്ഷിക്കൽ എന്നാണ്. നാശത്തിൽ നിന്ന് രക്ഷിക്കുന്നതെന്തോ അതാണ് ക്ഷേത്രം. അവിടെ മൂർത്തികൾക്ക് മുന്നിൽ ജാതിയില്ല, മതമില്ല. 'മതം' (അഭിപായം) ഉള്ള മനുഷ്യ 'ജാതി' മാത്രമേയുള്ളൂ


Now baking
4 exciting
flavors
HOTCAKEUSA
Premium Plum Fruit & Nut Cake
Plum
Cakes
Freshly
Made in USA
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW
ACCEPTING
BULK
PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

# ഫൊക്കാനയുടെ കൺവെൻഷൻ കോ ചെയേർസ് ആയി സ്കറിയ പെരിയാപ്പുറം,രാജൻ സാമുവൽ അലക്സ് എബ്രഹാം,ദേവസി പാലാട്ടി

ന്യൂ യോർക്ക്:ഫൊക്കാന കൺവെൻഷൻ കോ ചെയേർസ് ആയി സ്കറിയ പെരിയപ്പുറം, രാജൻ സാമുവൽ, അലക്സ് എബ്രഹാം,ദേവസി പാലാട്ടി എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

അമേരിക്കൻ മലയാളികളുടെ ഒരു സ്വകാര്യ അഹങ്കാരമാണ് സ്കറിയ പെരിയപ്പുറം. അമേരിക്കയിലെ സാമുഹ്യ സംസ്കരിക രംഗങ്ങളിലെ നിറ സാന്നിധ്യമായ അദ്ദേഹം ഡെലവെയർ മലയാളീ അസോസിയേഷന്റെ സ്ഥാപകനും ആദ്യ പ്രസിഡന്റും ആണ്. കേരളാ സ്റ്റുഡന്റസ് കോൺഗ്രസ് (ഗടഇ ) പ്രവർത്തകനായി സ്കൂൾ - കോളേജ് തലങ്ങളിൽ സംഘടന പ്രവർത്തനം നടത്തി നേതൃനിരയിൽ പ്രവർത്തിച്ചു ഉയർന്ന ബേതാവാണ് സ്കറിയ പെരിയാപ്പുറം . ഗടഇ യുടെ ജില്ലാ സെക്രട്ടറി , കേരളാ യൂത്തു ഫ്രണ്ടിന്റെ നിയോജക മണ്ഡലം പ്രസിഡന്റ് , കേരളാ കോൺഗ്രസിന്റെ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ കേരളാ രാഷ്ട്രിയത്തിൽ നിറഞ്ഞു നിൽക്കുമ്പോഴാണ് അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറുന്നത് .

ഫിലഡൽഫിയായിലെ സാമൂഹ്യ , സാംസ്കാരിക രംഗത്തും, ബിസിനസ് രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച രാജൻ സാമുവൽ . 2016-ൽ പെൻസിൽവാനിയായിലെ സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ചർച്ചിൻറെ സ്ഥാപകാംഗം, ട്രഷറർ എന്നീ നിലകളിലും, പമ്പാ മലയാളി അസ്സോസിയേഷൻറെ പ്രസിഡൻറ് തുടങ്ങി വിവിധ സ്ഥാനങ്ങളും വഹിച്ചു. ഫൊക്കാനയിലെ 2008 ലെ ഓഡിറ്റർ, ഫ്രൻസ് ഓഫ് തിരുവല്ലാ പ്രസിഡൻറ് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. സാമൂഹ്യ രംഗത്ത് എന്നപോലെ ബിസിനസ്സ് രംഗത്തും രാജൻ സാമുവേൽ സജീവമാണ്. ഫൊക്കാന കൺവെൻഷന്റെ പല ഭാരവാഹിത്വങ്ങളും വച്ചിട്ടുള്ള അദ്ദേഹം ഫൊക്കാനയുടെ സന്തത സഹചാരിയാണ്.

ന്യൂ യോർക്കിലെ സാമുഹ്യ സംസ്കരിക രംഗങ്ങളിൽ നിറ സാന്നിധ്യമാണ് അലക്സ് എബ്രഹാം, 2012 മുതൽ ഹഡ്സൺവാലി മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകൻ ആയ അലക്സ് കമ്മറ്റി അംഗമായും, ജോയിന്റ് സെക്രട്ടറിആയും , സെക്രട്ടറി ആയും പ്രവർത്തിച്ചിട്ടുണ്ട്. കേരള ബി.എസ്സി നഴ്സിംഗ് അസോസിയേഷൻ (കെ.ബിഎസ് എൻ .എ)സംസ്ഥാന സെക്രട്ടറി ആയിരുന്ന അലക്സ്. 1995 ൽ ബി.എസ്സി നഴ്സിംഗിൽ ബിരുദം നേടിയ ശേഷം മംഗലാപുരം എൻ.വി. ഷെട്ടി നഴ്സിംഗ് കോളേജിൽ അസിസ്റ്റന്റ് ലെക്ച്ചറർ ആയി മൂന്ന് വർഷം അധ്യാപകനായിരുന്നു. നേഴ്സ് പ്രാക്ടീഷണർ ആയി ജോലി ചെയ്യുന്നു. രണ്ടു തവണ ഫൊക്കാന നാഷണൽ കമ്മിറ്റി മെമ്ബർ ആയും പ്രവർത്തിച്ചിട്ടുണ്ട്.




അമേരിക്കയിലെ അറിയപ്പെടുന്ന കലാകാരനായ ദേവസി പാലാട്ടി, ഫൊക്കാനയുടെ തുടക്കം മുതൽ സംഘടനയ്ക്കൊപ്പം സഞ്ചരിച്ച അപൂർവ്വ വ്യക്തികളിൽ ഒരാളാണ്.

ഫൊക്കാനയിൽ നാഷണൽ കമ്മിറ്റി മെമ്ബർ ആയും , റീജണൽ വൈസ് പ്രസിഡന്റ് ആയും പ്രവർത്തിച്ചിട്ടുണ്ട് .കേരള കൾച്ചറൽ ഫോറത്തിന്റെ സജീവ പ്രവർത്തകനായ അദ്ദേഹം രണ്ടു തവണ ന്യൂജേഴ്സി കേരള കൾച്ചറൽ ഫോറം പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ചു. അമേരിക്കയിലുടനീളം ഫൊഫഷണൽ നാടകങ്ങൾ ഏറ്റവും ആധുനിക സംവിധാനത്തോടെ നിരവധി വേദികളിൽ അവതരിപ്പിച്ചു. ഷോർട്ട് ഫിലിം നിർമ്മിക്കുകയും സംവിധാനം നിർവഹിക്കുകയും ചെയ്തിട്ടുള്ള ദേവസി പാലാട്ടിക്ക് നിരവധി അവാർഡുകളും ലഭിച്ചിട്ടുണ്ട്.ന്യൂജേഴ്സിലെ ഫാമിലി ക്ലബ്ബായ നാട്ടുകൂട്ടത്തിന്റെ സ്ഥാപക നേതാവ് കൂടിയാണ് അദ്ദേഹം.

2026 ലെ ഫൊക്കാന കൺവെൻഷൻ കുറ്റമറ്റത് ആക്കുവാനും ഒരു ചരിത്ര കൺവെൻഷൻ ആക്കുവാനും ഇവർക്ക് കഴിയുമെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി ,സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചാക്കപ്പൻ ,എക്സി .വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള , ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്,മറ്റ് കമ്മിറ്റി മെമ്ബേർസ് എന്നിവർ അറിയിച്ചു.

# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**അന്നമ്മ ജേക്കബ്**

ഫ്ളോറിഡ(താമ്പാ) :അടൂർ ചുണ്ടോട്ട് അന്നമ്മ ജേക്കബ് (100) ഫ്ളോറിഡയിൽ അന്തരിച്ചു. പരേത ഓമല്ലൂർ വിളവിനാൽ കുടുംബാംഗമാണ്. ഭർത്താവ്. പരേതനായ റ്റി.ജി. ജേക്കബ് (പൊടികുഞ്ഞ്). മക്കൾ: ജോർജ്, ചാണ്ടി, സൂസമ്മ , കോശിക്കുഞ്ഞ്, ഏബ്രഹാം, സാം, സാറ (എല്ലാവരും യു.എസ്.എ) മരുമക്കൾ: മറിയാമ്മ, മേഴ്സി, റീന, എലിസബത്ത്, ജോർജ് തോമസ് (എല്ലാവരും യു.എസ്.എ) പരേതരായ ആനി, റോയി പനവേലിൽ.

**ഏലിക്കുട്ടി ജോൺ**

കിടങ്ങൂർ സൗത്ത്:ചക്കുംമൂട്ടിൽ ഏലിക്കുട്ടി ജോൺ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ജോൺ ചാക്കോ. മക്കൾ: ആലീസ്, ഗ്രേസി, ഷാജു. മരുമക്കൾ: ലൂക്കോസ്, കുര്യാക്കോസ്, മോളി.



**ഇമ്മാനുവൽ വർക്കി**

ഹൂസ്റ്റൺ: പാലാ തടത്തിൽ മണ്ണക്കനാട് ഇമ്മാനുവൽ വർക്കി (കുഞ്ഞ്, റിട്ട. എംടിഎ ന്യൂയോർക്ക്, 80 വയസ്സ്) അന്തരിച്ചു. ഭാര്യ റീത്തമ്മ ഇമ്മാനുവൽ ആലപ്പുഴ പുളിങ്കുന്ന് ചിറയിൽ കണ്ണാടി കുടുംബാംഗമാണ്. 1977ൽ അമേരിക്കയിലെ ന്യൂയോർക്കിൽ എത്തിയ കുഞ്ഞ് 6 വർഷം മുൻപു ഹൂസ്റ്റണിലോട്ട് താമസം മാറി. മക്കൾ: ജെയ്സൺ ഇമ്മാനുവൽ, ജൂലി ജേക്കബ്. മരുമക്കൾ: ക്രിസ്റ്റീന ഇമ്മാനുവൽ വഞ്ചിപുരക്കൽ, ഹൂസ്റ്റൺ ടോമി ജേക്കബ് കരിമ്പിൽ, ഡാലസ്.പേരക്കുട്ടികൾ: അലിസ, ജോഷ്വ, ജോനാഥൻ, ഏലിയ, ജെമ്മ.

**എം.ഒ.സക്കറിയ**

ചിങ്ങവനം:മണക്കാട്ട് എം.ഒ.സക്കറിയ(ബാബു,75) അന്തരിച്ചു.ഭാര്യ: അമ്മാൾ സക്കറിയ.മക്കൾ:അനീഷ് സക്കറിയ,തോമസ് സക്കറിയ



**ബാബു വർഗീസ്**

ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റി മുൻ ഉദ്യോഗസ്ഥൻ പുനലൂർ ഇളമ്പർ പൊയ്കയിൽ കുടുംബാംഗം ബാബു വർഗീസ് (70) ന്യൂയോർക്കിലെ സ്റ്റാറ്റൻഐലന്റിൽ ജനുവരി 1-ന് അന്തരിച്ചു. ആനി വർഗീസ് സഹധർമ്മിണിയും, ഡോ. പ്രിൻസ് വർഗീസ്, ഡോ. പ്രിൻസി ജോൺ എന്നിവർ മക്കളുമാണ്. ഡോ, ഷായിസ്മി പ്രിൻസ്, ബിനോ ജോൺ എന്നിവർ ജാമാതാക്കളും, പെനിലോപ്പ് ആൻവർഗീസ്, അബീഗയിൽ ഫെയിത്ത് ജോൺ, റിബേക്ക ആൻ മേരി എന്നിവർ കൊച്ചുമക്കളുമാണ്. പരേതയായ മറിയാമ്മ തോമസ്, കുഞ്ഞമ്മ പാപ്പി, കൊച്ചിക്കൻ വർഗീസ്, ഏലിയാമ്മ തോമസ്, കുഞ്ഞുമോൻ വർഗീസ്, ജോസ് പാപ്പി, ശോഭന തോമസ് സഹോദരീ- സഹോദരങ്ങളുമാണ്.



**അന്നമ്മ**

ചാമക്കാല: മലയിൽ ചാക്കോയുടെ ഭാര്യ അന്നമ്മ (81) അന്തരിച്ചു.പരേത കുറുപ്പന്തറ ചമ്പക്കര കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ സലിൻ (കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്), ജോമോൻ (എക്സ് മിലിട്ടറി), ഷൈനി (ഡൽഹി), ഷിബി (യുകെ). മരുമക്കൾ: റെജി വെള്ളക്കട (മറ്റക്കര), സണ്ണി പാറത്തൊട്ടിയിൽ കുടല്ലൂർ (ഡൽഹി), അജി ലൂക്കോസ് കുഴിമ്പറമ്പിൽ പാലത്തുരുത്ത് (യു.കെ).

**എൻ.കെ.കുഞ്ഞ്**

തിരുവാമ്പാടി: നാക്കോലിത്തറയിൽ എൻ.കെ.കുഞ്ഞ് (92) അന്തരിച്ചു. ഭാര്യ: പരേതയായ തങ്കമ്മ കുഞ്ഞ്. മക്കൾ: എൻ.കെ.സന്തോഷ് (ഞീഴൂർ പഞ്ചായത്ത് മുൻ അംഗം), രാധാ രഘു, രമണി ബേബി. മരുമക്കൾ: ജയ്സമ്മ സന്തോഷ് (ആശാവർക്കർ), രഘു അടിവാരം, ബേബി.



**ലീലാമ്മ ജോസഫ്**

എസ്.എച്ച്.മൗണ്ട്: കാരിമറ്റം പരേതനായ കെ.എം ജോസഫിന്റെ (റിട്ട.സബ് രജിസ്ട്രാർ) ഭാര്യ ലീലാമ്മ ജോസഫ് (82) അന്തരിച്ചു. പരേത സംക്രാന്തി പൂഴിക്കുന്നേൽ കുടുംബാംഗമാണ്. മക്കൾ: റീനാ, റജീനാ (കാനഡ), റോണി (ചിക്കാഗോ). മരുമക്കൾ: ഷാജി ഞാവള്ളിൽ കോട്ടയം, ജോർജ് തോമസ് കളപ്പുരയ്ക്കൽ നീറിക്കാട്, ചിന്നു കുളങ്ങര എസ്.എച്ച് മൗണ്ട്.

**പി.എസ്.സെബാസ്റ്റ്യൻ**

ഇളങ്ങുളം:വാട്ടർ അതോറിറ്റി റിട്ട. ഉദ്യോഗസ്ഥൻ പുത്തൂർ പി.എസ്.സെബാസ്റ്റ്യൻ (ജോയി-60) അന്തരിച്ചു. ഭാര്യ: പരേതയായ ഷേർലി പി.ജേക്കബ് (റിട്ട. ടീച്ചർ). മക്കൾ: ഡോ. ഡിൽജ മരിയ (കാനഡ), ഡോൺ സെബാസ്റ്റ്യൻ. മരുമകൻ: ഡോ. ജാക്സൺ ബസേലിയോസ്.



**മർഗരീത്താ ജോസഫ്**

കുറുപ്പന്തറ: പാണ്ടിയാമാക്കിൽ പരേതനായ ജോസഫിന്റെ ഭാര്യ മർഗരീത്താ ജോസഫ് (78) അന്തരിച്ചു. മക്കൾ: സിബിൾ, ഷീബ, ബിന്ദു ,ബിനോയി, ബിബി. മരുമക്കൾ: ജോയി വേങ്ങച്ചേരിയിൽ, ബിനോയി പുത്തൻപുരക്കൽ, തോമസ് തോട്ടപ്ലാക്കിൽ, ജിൻസി കുടിലിൽ, ജിബി ചേരിയിൽ.

**മറിയാമ്മ തോമസ്**

തുരുത്തി: പുത്തൻപുരയ്ക്കൽ പരേതനായ തോമസ് ആഗസ്തിയുടെ ഭാര്യ മറിയാമ്മ തോമസ് (80) അന്തരിച്ചു.മക്കൾ: അഗസ്റ്റിൻ തോമസ് (ഫ്രണ്ട്സ് ഇലക്ട്രിക്കൽസ് തുരുത്തി), ഫ്രാൻസിസ് തോമസ് (എസ്ആൻഡ്എസ് വെൽഡിങ് വർക്ക് തുരുത്തി), ഫാ.ഡോ. വർഗീസ് തോമസ് (കത്തീഡ്രൽ വികാരി, പ്രസ്റ്റൻ ഗ്രേയ്റ്റ് ബ്രിട്ടൻ), റീന സിബിച്ചൻ.



**പി.സി. അലക്സാണ്ടർ**

തുരുത്തിക്കാട്: തിരുവല്ല ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രൊഡക്ഷൻ സെന്റർ റിട്ടയേർഡ് ഉദ്യോഗസ്ഥൻ പട്ടത്തേട്ട് പി.സി. അലക്സാണ്ടർ (87)(പാപ്പച്ചൻ) അന്തരിച്ചു.റാന്നി കൈപ്പുഴ കാമുണ്ടകത്തിൽ അമ്മിണിയാണു ഭാര്യ. മക്കൾ: കോട്ടയം അതിരൂപതാ വൈദികനും കുറ്റൂർ, ഒതറ മലങ്കര ക്നാനായ കത്തോലിക്കാ പള്ളി വികാരിയുമായ ഫാ. ജെയിംസ് പട്ടത്തേട്ട്, കൈപ്പുഴ സെന്റ് ജോർജ്ജ് വി. എച്.എസ്.എസ് അദ്ധ്യാപകനായ ടോംസ്, മരുമകൾ: ഒളശ്ശ കരിമ്പിൽപറമ്പിൽ മെർളി. കോട്ടയം അതിരൂപതയുടെ അല്മായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് അംഗമായും വിൻസന്റ് ഡി പോൾ സൊസൈറ്റി ട്രസ്റ്റിയായും പ്രവർത്തിച്ചിട്ടുണ്ട്.



**ജോസഫ് സെബാസ്റ്റ്യൻ**

കണ്ണങ്കര : വേലിക്കകത്ത് ജോസഫ് സെബാസ്റ്റ്യൻ ബാബുച്ചായൻ-78) അന്തരിച്ചു. ഭാര്യ പെണ്ണമ്മ കിടങ്ങൂർ തറപ്പേൽ കുടുംബാംഗമാണ്.. മക്കൾ: ജെൻസ് (ദുബായ്), ജോൺസൺ മരുമക്കൾ: ജൂബി പൂവ്വപ്പള്ളി, കിഴക്കെനെട്ടാശ്ശേരി, സോണിയ മാറാട്ടുകളം, ചങ്ങനാശ്ശേരി. സഹോദരങ്ങൾ: പരേതനായ വി.കെ കുര്യൻ കണ്ണങ്കര, പരേതനായ വി ബി ജോസഫ് നാഗമ്പടം, പരേതയായ മോളി ചാക്കോ പാറേട്ട്, ചാമക്കാല, പ്രൊഫ. വി കെ ജോർജ്ജ് ചങ്ങനാശ്ശേരി, റീത്താമ്മ ആക്കാത്തറ (അമേരിക്ക).

**ലീലാമ്മ ഏബ്രഹാം**

കൊല്ലാട്:കണിയാംപൊയ്കയിൽ ലീലാമ്മ ഏബ്രഹാം (80) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.ജെ.ഏബ്രഹാം.



**വിമല ഏബ്രഹാം**

പൂഴിക്കോൽ: മണലേൽ വിമല ഏബ്രഹാം (66) അന്തരിച്ചു.

**കെ.എം.ജോൺ**

പാമ്പാടി ഈസ്റ്റ്:ദേശീയ കർഷക തൊഴിലാളി ഫെഡറേഷൻ പുതുപ്പള്ളി ബ്ലോക്ക് മുൻ പ്രസിഡന്റ് പൂതകുഴി കുമ്പന്താനം ചീനിക്കടുപ്പിൽ കെ.എം.ജോൺ (അമ്മച്ചൻ 87) അന്തരിച്ചു. ഭാര്യ: അർപ്പുക്കര കുന്നേപറമ്പിൽ മേരി. മക്കൾ: ജെസി ജോൺ, സിന്ധു ഷാജി. മരുമക്കൾ: എൻ.പി.ജോൺ (ന്യൂഡൽഹി), ഷാജി തോമസ് (മരിയൻ സ്കൂൾ കളത്തിപ്പടി).

**ടി.എ.ജോസഫ്**

ഇടമറുക്:തറയിൽ ടി.എ.ജോസഫ് അന്തരിച്ചു. ഭാര്യ: മറ്റത്തിൽ ത്രേസ്യാമ്മ. മക്കൾ: തങ്കച്ചൻ ജോസഫ് (യുകെ), റിൻസി ജോർജ്, റോജിമോൻ ജോസഫ്.



**പി. .വൈ .ജോൺകുട്ടി**

മണ്ണൂർ : കൊല്ലം - മണ്ണൂർ കല്ലുംമൂട്ടിൽ (തടത്തിൽ) പി. .വൈ.ജോൺകുട്ടി (84) അന്തരിച്ചു.ഭാര്യ മണ്ണൂർ തടത്തിൽ പൂവത്താംകാ വിൽ കുഞ്ഞുകുഞ്ഞമ്മ ജോൺ കുട്ടി.



**തോമസ് ഉതുപ്പ്**

അരീക്കര: ചിറമുഖത്ത് തോമസ് ഉതുപ്പ് (72) അന്തരിച്ചു.


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News